സംസ്ഥാന പദ്ധതികൾ

I. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ ബാങ്കുകൾക്കുള്ള ധനസഹായം

1. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധനം

ജി.ഒ. (എം.എസ്)105/1997/സഹ തീയതി : 14.08.1997

(എ) പരമാവധി 2 ലക്ഷം രൂപ (ഒരു തവണ 1 ലക്ഷം രൂപ വീതം)

നിബന്ധനകൾ

a. അപേക്ഷ സമർപ്പിക്കുന്ന വേളയിൽ നബാർഡിന്റെ NRC(LTO)ഫണ്ടിൽ നിന്നും ഓഹരി മൂലധനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടാകാൻ പാടില്ല.
b. മിനിമം 4000 അംഗങ്ങൾ ഉണ്ടായിരിക്കണം.
c. ഏറ്റവും കുറഞ്ഞത് 1,00,000/- രൂപ വ്യക്തിഗത അംഗങ്ങളിൽ നിന്നും ഓഹരിയുണ്ടായിരിക്കണം.
d. മറ്റൊരു പ്രാഥമിക കാർഷിക വായ്പാ സംഘവുമായി അതിവ്യാപനം ഉണ്ടായിരിക്കരുത്.
e. ബൈലായിൽ സർക്കാർ ഓഹരിയ്ക്ക് വ്യവസ്ഥ ഉണ്ടായിരിക്കണം.
f. ഇതുവരെ ലഭിച്ച ഓഹരിയ്ക്ക്, ഓഹരി സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ടായിരിയ്ക്കണം.
g. പെയ്ഡ് സെക്രട്ടറി/മാനേജിംഗ് ഡയറക്ടർ ഉണ്ടായിരിക്കണം.
h. ആഡിറ്റ് ക്ലാസ്സിഫിക്കേഷൻA/B/C ആയിരിക്കണം.
i. മുൻവർഷങ്ങളിലെ വായ്പകളിൽ കുടിശ്ശിക 65 ൽ അധികരിക്കരുത്
j. വാർഷിക വായ്പാ വിതരണം 10 ലക്ഷം ഉണ്ടായിരിക്കണം.

തിരിച്ചടവ് സംബന്ധിച്ച വ്യവസ്ഥ .

- ഓഹരി ധനസഹായതുക പിൻവലിച്ച് 6-□□ വർഷം മുതൽ 10 തുല്യ തവണകളായി സർക്കാരിലേക്ക് തിരിച്ചടവ് നടത്തേണ്ടതാണ്.

2. <u>സ്വയം സഹായ ഗ്രൂപ്പുകൾ (SHG) രൂപീകരിച്ചിട്ടുള്ള പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ</u>

<u>ക്കുള്ള ധനസഹായം</u>

<u>ജി.ഒ. (എം.എസ്)127/98/സഹ തീയതി : 11/08/1998</u>

എ. ഓഹരിമൂലധനം

സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് 2 ലക്ഷം രൂപ (ഒരു തവണ ഒരു ലക്ഷം രൂപ വീതം)

<u>നിബന്ധനകൾ</u>

a. ഗ്രൂപ്പുകൾ പ്രാഥമിക കാർഷിക വായ്പാ സംഘത്തിൽ രജിസ്റ്റർ ചെയ്തിരിക്കണം.
b. വ്യക്തിഗത അംഗങ്ങളിൽ നിന്നും മിനിമം 1 ലക്ഷം രൂപ ഓഹരി ഉണ്ടായിരിക്കണം.
c. ബൈലായിൽ സർക്കാർ ഓഹരിയ്ക്ക് വ്യവസ്ഥയുണ്ടായിരിക്കണം
d. പെയ്ഡ് സെക്രട്ടറി ഉണ്ടായിരിക്കണം.
e. മുൻവർഷത്തെ വായ്പകളിലെ കുടിശ്ശിക 65% ൽ കവിയരുത്.
f. സംഘത്തിന്റെ വാർഷിക വായ്പാ വിതരണം 10 ലക്ഷത്തിൽ കുറയരുത്.
g. ടി വ്യവസ്ഥകളിൽ ഏതിനെങ്കിലും ഇളവു നൽകുന്നതനുള്ള അധികാരം രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കും.

<u>അപേക്ഷയോടൊപ്പംഉള്ളടക്കം ചെയ്യേണ്ട രേഖകൾ</u>.

a. ഓഹരി മൂലധനത്തിന് അപേക്ഷിച്ചുകൊണ്ടുള്ള ഭരണസമിതിയുടെ തീരുമാനം.
b. ഓഹരി മൂലധനം അനുവദിയ്ക്കുന്നതിനുള്ള നിബന്ധനകൾ പാലിച്ചു കൊള്ളാമെന്നുള്ള ഭരണസമിതി തീരുമാനം.
c. സർക്കാരിലേയ്ക്ക് യാതൊരു തുകയും അടയ്ക്കാനില്ലെന്ന് തെളിയിക്കുന്ന, അസിസ്റ്റന്റ് രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ് (No Dues Certificate).
d. സംഘം അഴിമതി വിമുക്തമാണെന്ന അസിസ്റ്റന്റ് രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ്

<u>തിരിച്ചടവ് സംബന്ധിച്ച വ്യവസ്ഥ</u> .

- ഓഹരി ധനസഹായതുക പിൻവലിച്ച് 6-□□ വർഷം മുതൽ 10 തുല്യ തവണകളായി സർക്കാരിലേക്ക് തിരിച്ചടവ് നടത്തേണ്ടതാണ്.

3. നെൽകൃഷിയ്ക്കുള്ള വായ്പ കൂടുതൽ നൽകുന്നതിനുള്ള ധനസഹായം

ജി.ഒ. (ആർ.റ്റി)465/2011/സഹ തീയതി : 11.08.2011

-

നിബന്ധനകൾ.

a. സംഘം വിതരണം ചെയ്ത ആകെ കാർഷിക വായ്പ 10 ലക്ഷം രൂപയിൽ കുറയരുത്.
b. മുൻവർഷം വിതരണം ചെയ്ത ആകെ കാർഷിക വായ്പയുടെ 20% ൽ അധികരിച്ച്, നെൽകൃഷിയ്ക്ക് വായ്പ നൽകിയിരിക്കണം.
c. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി/അഡ്മിനിസ്ട്രേറ്റർ ഉണ്ടായിരിക്കണം.
d. മുഴുവൻ സമയ സെക്രട്ടറി ഉണ്ടായിരിക്കണം.
e. സംഘം പ്രവർത്തനം അഴിമതി വിമുക്തമായിരിയ്ക്കണം. ഏറ്റവും കുറഞ്ഞ ധനസഹായം 10,000/-രൂപ അല്ലെങ്കിൽ നെൽകൃഷിയ്ക്ക് വിതരണം ചെയ്ത വായ്പയുടെ 5% (പരമാവധി 25,000/-രൂപ).

4. കൊയ്ത്ത് യന്ത്രം വാങ്ങുന്നതിനുള്ള പ്രോത്സാഹന ഗ്രാന്റ്.

ജി.ഒ. (ആർ.റ്റി)465/2011/സഹ തീയതി : 11/08/2011

നിബന്ധനകൾ:-

a. സ്വന്തം ഫണ്ടുപയോഗിച്ചോ, NABARD/NCDC എന്നിവയിൽ നിന്നുള്ള വായ്പ ഉപയോഗിച്ചോ വാങ്ങിയതാകണം.
b. സംഘം പ്രവർത്തനം അഴിമതി രഹിതമായിരിക്കണം.
c. യന്ത്രം വാങ്ങിയതിനും സംഘത്തിന്റെ പേരിൽ രജിസ്ട്രേഷൻ നടത്തിയതിനുമുള്ള രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം.
d. യന്ത്രത്തിന്റെ വിലയുടെ 20% - മോ 4 ലക്ഷം രൂപയോ ഏതാണോ കുറവ്, ആ തുക പ്രോത്സാഹന ഗ്രാന്റായി നൽകുന്നു.

5. സഹകരണ സംഘങ്ങളുടെ കമ്പ്യൂട്ടർവത്ക്കരണം, കോർബാങ്കിംഗ്, എ.റ്റി.എം. സംവിധാനം, സാങ്കേതിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സഹായം.

(ജി.ഒ. (എം.എസ്.)നം 20/2013/സഹ തീയതി : 02/02/2013)

(എ) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/പ്രാഥമിക വായ്പാ സംഘങ്ങൾ,എന്നിവയ്ക്കായി കമ്പ്യൂട്ടറൈസേഷൻ, കോർബാങ്കിംഗ്, എ.റ്റി.എം നിർമ്മാണം, ആധുനികവൽക്കരണം,എന്നിവയ്ക്ക് സബ്സിഡി, ഓഹരി, വായ്പ എന്നീ ഇനങ്ങളിലായി ആകെ 10 ലക്ഷം രൂപ അല്ലെങ്കിൽ പ്രോജക്ട് കോസ്റ്റിന്റെ 90% ഏതാണോ കുറവ്, ആ തുക ധനസഹായമായി അനുവദിക്കുന്നു.

ധനസഹായത്തിന്റെ രീതി

- പ്രോജക്റ്റിന്റ് 50% വായ്പ, 20% ഓഹരി, 20% സബ്സിഡി, 10% സംഘം/ബാങ്ക് വിഹിതം.

അപേക്ഷയോടൊപ്പംഉള്ളടക്കം ചെയ്യേണ്ട രേഖകൾ.

1. ധനസഹായത്തിനുള്ള വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്നും രജിസ്ട്രാർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ പാലിച്ചുകൊള്ളാമെന്നുമുള്ള ധാരണാപത്രം.
2. പ്രോജക്ട് റിപ്പോർട്ടു്, പ്രയോഗികക്ഷമത സംബന്ധിച്ച ജോയിന്റ് രജിസ്ട്രാറുടെ റിപ്പോർട്ട് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നുള്ള ടെക്നിക്കൽ റിപ്പോർട്ട് എന്നിവ ഉള്ളടക്കം ചെയ്യണം.
3. സംഘം അഴിമതി വിമുക്തമാണെന്നുള്ള ജോയിന്റ് രജിസ്ട്രാറുടെ സാക്ഷ്യപത്രം.
4. സർക്കാരിലേയ്ക്ക്/കുടിശ്ശിക ഒന്നുംതന്നെ അടക്കുവാൻ ബാക്കി നിൽപ്പില്ലെന്ന ജോയിന്റ് രജിസ്ട്രാറുടെ സാക്ഷ്യപത്രം.
5. ഏറ്റവും ഒടുവിലത്തെ ആഡിറ്റ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
6. സംഘത്തിന് മുഴുവൻ സമയവേതനം പറ്റുന്ന സെക്രട്ടറി, ചീഫ് എക്സിക്യൂട്ടീവ്, തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി/ ഭരണാധികാരി ഉണ്ടായിരിക്കണം.

മോർട്ട് ഗേജ് ഡീഡ്, ഹൈപ്പോത്തിക്കേഷൻ എന്നിവ തയ്യാറാക്കി പണം പിൻവലിക്കുന്നതിനുള്ള അപേക്ഷ D ഫോറത്തിലും

എഗ്രിമെന്റ് B ഫോറത്തിലും സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം പിൻവലിക്കുന്ന തുക പിൻവലിച്ചാൽ 3 മാസത്തിനുള്ളിൽ വിനിയോഗിക്കേണ്ടതാണ്. അപ്രകാരം വിനിയോഗിക്കാത്ത പക്ഷം ധനസഹായത്തുക ഒന്നായി പലിശ സഹിതം സർക്കാരിലേക്ക് മടക്കി അടയ്ക്കേണ്ടതാണ്.

<u>തിരിച്ചടവ് സംബന്ധിച്ച വ്യവസ്ഥകൾ.</u>

1. വായ്പ തുക 10 തുല്യ വാർഷിക തവണകളായി അടക്കണം. തുക പിൻവലിച്ചതിന്റെ ഒന്നാം വർഷം മുതൽ ആദ്യ ഗഡു അടക്കേണ്ടതാണ്.
2. ഓഹരി തുക 11 വർഷത്തിനുള്ളിൽ 10 തുല്യ വാർഷിക തവണകളായി അടക്കണം. തുക പിൻവലിച്ചതിന്റെ ഒന്നാം വർഷം മുതൽ ആദ്യ ഗഡു അടക്കേണ്ടതാണ്.

മേൽ പദ്ധതികൾ കൂടാതെ കൺസോർഷ്യം മോഡൽ പദ്ധതികളുടെ രൂപീകരണം, പ്രാഥമിക സഹകരണ സംഘങ്ങൾ ഏറ്റെടുക്കുന്ന നൂതന സംരഭങ്ങൾ എന്നിവയ്ക്കും വർക്കിംഗ് ഗ്രൂപ്പ് അനുമതിയോടെ ധനസഹായം അനുവദിക്കുന്നതാണ്.

'സഹകരണ സംഘങ്ങളുടെ വികസനത്തിനും പ്രവർത്തന വൈവിദ്ധ്യവൽക്കരണത്തിനുമുള്ള ധനസഹായംപദ്ധതി', '100% ഊർജ്ജ സ്വയം പര്യാപ്ത ഗ്രാമങ്ങൾ', 'സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിക്കായുള്ള സഹകരണ സംരംഭം', 'സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിപണനം, കയറ്റുമതി' എന്നിങ്ങനെയുള്ള പദ്ധതികൾ വഴിയും PACS ഉൾപ്പെടെയുള്ള എല്ലാ സഹകരണ സംഘങ്ങൾക്കും ധനസഹായം ലഭ്യമാക്കാവുന്നതാണ്.

<u>II) ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി</u>

6) പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ/ സ്റ്റോറുകളുടെ പുനരുദ്ധാരണം

1. (ജി.ഒ. (എം.എസ്.)നം 179/98/സഹ തീയതി : 22.12.1998)
2. (ജി.ഒ. (എം.എസ്.)നം 70/2001/സഹ തീയതി : 06.04.2010)
3. (ജി.ഒ. (എം.എസ്.)നം 43/2018/സഹ തീയതി : 15/12/2018)

(എ) ഓഹരി മൂലധനം

ആദ്യ 2 വർഷം 2,00,000/- രൂപ വീതവും 3-ാം വർഷം 1,00,000/- രൂപയും ഉൾപ്പെടെ ആകെ 5 ലക്ഷം രൂപ

നിബന്ധനകൾ

a. ബൈലായിൽ സർക്കാർ അംഗത്വത്തിന് വ്യവസ്ഥ ഉണ്ടാകണം.
b. കുറഞ്ഞത് 100 അംഗങ്ങളും, 12000 രൂപ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനവും ഉണ്ടാകണം.
c. ഒരു ജീവനക്കാരന്റെ പ്രതിദിന വിൽപ്പന (ശരാശരി) കുറഞ്ഞത് 2000 രൂപ കൈവരിക്കാൻ ബാദ്ധ്യസ്ഥമാണ്. (പ്രതിദിന ശരാശരി വിൽപ്പന 2000/- രൂപയിൽ നോൺ കൺട്രോൾഡ് ഇനത്തിലുള്ള വിൽപ്പന ഒഴികെ ആയിരിക്കണം.)
d. അനുവദിക്കുന്ന സാമ്പത്തിക സഹായം ടെക്സ്റ്റൈയിൽ, സിമന്റ് വ്യാപാരം എന്നീ ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ പാടില്ല.
e. നാഷണൽ കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി പലവ്യഞ്ജനം, സ്റ്റേഷനറി, അലുമിനിയം, സ്റ്റീൽ, ഹാർഡ് വെയർ. സൗന്ദര്യ വർദ്ധക സാധനങ്ങൾ എന്നിവയിൽ മിനിമം റൊട്ടേഷൻ ഉറപ്പാക്കണം.
f. മുഴുവൻ സമയ പെയ്ഡ് സെക്രട്ടറി ഉണ്ടായിരിക്കണം.
g. അപേക്ഷയോടൊപ്പം പ്രോജക്ട് റിപ്പോർട്ട്, ധനസഹായത്തിന് അപേക്ഷിക്കുന്നതിനും, ചട്ടങ്ങൾ പാലിക്കുമെന്ന ഉറപ്പിനുമുള്ള ഭരണസമിതി തീരുമാനങ്ങൾ.
h. പ്രോജക്ട് നടപ്പിലാക്കുന്നതിലൂടെ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുമെന്ന ജോയിന്റ് രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ്.
i. രണ്ടാം വർഷത്തെ പ്രോപ്പോസലിനോടൊപ്പം ചട്ടത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന അസിസ്റ്റന്റ് രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.
j. ആഡിറ്റ് റിപ്പോർട്ട്, താൽക്കാലിക ലാഭനഷ്ടകണക്കും, ബാലൻസ് ഷീറ്റും.

k. അഴിമതി/കുടിശ്ശിക രഹിത സർട്ടിഫിക്കറ്റ്, ബൈലായുടെ പകർപ്പ് എന്നിവയും കൂടി അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യണം.

തിരിച്ചടവ് സംബന്ധിച്ച വ്യവസ്ഥകൾ.

തിരിച്ചടവ് 15 വർഷം (10 തുല്യ വാർഷിക തവണകളായി) ആദ്യ തവണ തുക പിൻവലിച്ച് 5–ാം വർഷം മുതൽ.

(ബി) മാനേജീരിയൽ സബ്സിഡി

മൂന്ന് വർഷത്തേക്ക് : പരമാവധി 50,000/– രൂപ

ഒന്നാം വർഷം : കോസ്റ്റിന്റെ 100% പരമാവധി 20,000/– രൂപ

രണ്ടാം വർഷം : കോസ്റ്റിന്റെ 75% പരമാവധി 20,000/– രൂപ

മൂന്നാം വർഷം : കോസ്റ്റിന്റെ 75% പരമാവധി 10,000/– രൂപ

ഈ പദ്ധതി പ്രകാരം നേരത്തെ സംഘത്തിന് ലഭിച്ചിട്ടുള്ള ധനസഹായത്തിന് പുറമേ ആയിരിക്കും ധനസഹായം അനുവദിക്കുന്നത്. പ്രോജക്ട് കോസ്റ്റിന്റെ25% എങ്കിലും സംഘം സ്വന്തമായോ അധിക ഓഹരി സമാഹരണത്തിലൂടെയോ ദീർഘകാല നിക്ഷേപങ്ങൾ മുഖേനയോ കണ്ടെത്തണം.

7. നീതി സ്റ്റോറും നീതി മെഡിക്കൽ സ്റ്റോറും നടത്തുന്നതിനുളള സബ്സിഡിയും ഓഹരി മൂലധന വിഹിതവും പലിശ രഹിത വായ്പയും

ജി.ഒ. (എം.എസ്.)139/98/സഹ. തീയതി : 19.09.1998

ജി.ഒ. (എം.എസ്.)83/99/സഹ. തീയതി : 10/02/1999.

a. നീതി സ്റ്റോർ/നീതി മെഡിക്കൽ സ്റ്റോർ നടത്തുന്ന കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ/ജില്ലാ സഹകരണ മൊത്ത വ്യാപാര സ്റ്റോർ/പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ധനസഹായം നൽകുന്നു.
b. ബൈലായിൽ ഓഹരിക്കും ധനസഹായം സ്വീകരിക്കുന്നതിനും വ്യവസ്ഥ ഉണ്ടാകണം. രജിസ്ട്രാർ നിർദ്ദേശിക്കുന്ന രീതിയിൽ ബിസിനസ്സ് നടത്തുന്നതിനും കണക്കുകൾ സൂക്ഷിക്കുന്നതിനും ബൈലായിൽ ഭേദഗതി വരുത്തണം.

c. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് രജിസ്ട്രാർ അനുവദിക്കുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിൽ ജോയിന്റ് രജിസ്ട്രാർമാർ തുക അനുവദിക്കുന്നു.
d. ധനസഹായത്തിന് അപേക്ഷിക്കുന്നതിനും, ചട്ടങ്ങൾ പാലിക്കുമെന്ന് ഉറപ്പിനുമുള്ള ഭരണസമിതി തീരുമാനം.
e. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരമാവധി തുക രജിസ്ട്രാർ/സർക്കാർ നിശ്ചയിക്കും. കഴിഞ്ഞ വർഷങ്ങളിലെ വിൽപ്പനയും തൻവർഷം ടാർജറ്റ് ചെയ്തിട്ടുള്ള വിൽപ്പനയും കണക്കിലെടുക്കും.

<u>തിരിച്ചടവ് സംബന്ധിച്ച വ്യവസ്ഥ.</u>

- ഓഹരി – 10 വർഷത്തേയ്ക്ക് അനുവദിക്കുന്നു. ആദ്യതവണ തുക അനുവദിച്ച് 5–□□ വർഷം മുതൽ, 5 വാർഷിക തുല്യതവണകളായി തിരിച്ചടയ്ക്കണം.
- പലിശ രഹിത വായ്പ – 10 തുല്യ വാർഷിക തവണകൾ. ആദ്യ തവണ തുക വിതരണം ചെയ്ത തീയതി മുതൽ രണ്ട് വർഷം പൂർത്തീകരിച്ച്.

8. <u>കൺസ്യൂമർ സഹകരണ സംഘങ്ങളുടെ വികസനം – ധനസഹായം</u>

<u>ജി.ഒ. (എം.എസ്.)നമ്പർ 40/95/സഹ. തീയതി : 10.03.1995</u>

<u>ജി.ഒ. (എം.എസ്.)നമ്പർ 102/96/സഹ. തീയതി : 22.10.1996</u>

<u>ജി.ഒ. (എം.എസ്.)നമ്പർ 123/98/സഹ. തീയതി : 31.07.1998</u>

<u>ജി.ഒ. (എം.എസ്.)നമ്പർ 86/2001/സഹ. തീയതി : 23.08.2001</u>

അർബൻ/സെമി അർബൻ/പഞ്ചായത്ത് വില്ലേജ് ഏര്യകളിലെ കൺസ്യൂമർ സഹകരണ സംഘങ്ങൾക്ക് ഡിപ്പാർട്ട്മെന്റ് സ്റ്റോർ/റീട്ടെയിൽ ഔട്ട് ലറ്റുകൾ ആരംഭിക്കുന്നതിന് സ്കചയർ ഫീറ്റിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നു.

1. ഡിപ്പാർട്ട്മെന്റ് സ്റ്റോർ

എ) സെല്ലിഗ് ഏര്യാ കുറഞ്ഞത് 1000 സ്കചയർ ഫീറ്റ് 1500 സ്കചയർ ഫീറ്റ് വരെ
ഓഹരി മൂലധനം 3,00,000
ഫർണിച്ചറും ഫിക്ചേഴ്സിനുമുള്ള വായ്പ 1,20,000
മാനേജീരിയൽ സബ്സിഡി 30,000
4,50,000

ബി) സെല്ലിംഗ് ഏര്യാ 1500 സ്കചയർ ഫീറ്റിന്
മുകളിൽ
ഓഹരി
മൂലധനം 6,00,000
ഫർണിച്ചറും ഫിക്ചേഴ്സിനുമുള്ള
വായ്പ 2,00,000
മാനേജിരിയൽ
സബ്സിഡി 50,000
8,50,000

2. റീട്ടെയിൽ ഔട്ട് ലെറ്റ് (large sized)

ഷോപ്പ് ഏര്യാ 500 സ്കചയർ ഫീറ്റ് –ഉം 1000 സ്കചയർ ഫീറ്റിന് താഴെ
ഓഹരി മൂലധനം 90,000
ഫർണിച്ചറും ഫിക്ചേഴ്സിനുമുള്ള വായ്പ 35,000
മാനേജിരിയൽ സബ്സിഡി 10,000
1,35,000

–

3. റീട്ടെയിൽ ഔട്ട് ലെറ്റ് (small sized)

ഷോപ്പ് ഏര്യാ 200 സ്കചയർ ഫീറ്റ് –ഉം 500 സ്കചയർ ഫീറ്റിന് താഴെ
ഓഹരി മൂലധനം 45,000
ഫർണിച്ചറും ഫിക്ചേഴ്സിനുമുള്ള വായ്പ 10,000
മാനേജിരിയൽ സബ്സിഡി 5,000
60,000

a. ഓഹരി ധനസഹായത്തിന് ഫാറം എ-യിലും വായ്പയ്ക്ക് ഫാറം ബി-യിലും അപേക്ഷ സമർപ്പിക്കണം.
b. ധനസഹായത്തിന് അപേക്ഷിയ്ക്കുന്നതിനും ചട്ടത്തിലെ വ്യവസ്ഥകളും രജിസ്ട്രാറുടെ കാലാകാലങ്ങളിലെ നിർദ്ദേശങ്ങളും പാലിക്കുമെന്ന ഉറപ്പിനുമുള്ള ഭരണസമിതി തീരുമാനം (അനുബന്ധം III പ്രകാരം)
c. പ്രോജക്ട് റിപ്പോർട്ട്.
d. ഉപകരണങ്ങൾ, ഫർണിച്ചർ, ഫിക്ചേഴ്സ് മുതലായവയുടെ ലിസ്റ്റ് (വായ്പാ ധനസഹായത്തിന്)
e. ഡിപ്പാർട്ട്മെന്റ് സ്റ്റോർ/ഓട്ട് ലെറ്റിന്റെ സ്കെച്ച്.
f. കെട്ടിടം വാടകയ്ക്കുള്ളതാണെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രം.
g. അവസാന മൂന്നുവർഷത്തെ വ്യാപാര ലാഭനഷ്ടകണക്ക് ബാക്കിപത്രം അതിൽ ഒരു വർഷത്തെയെങ്കിലും കണക്കുകളും ആഡിറ്റ് നടന്നിരിക്കണം.
h. കൺസ്യൂമർ ഫെഡറേഷൻ നല്ല നിലയിൽ പ്രവർത്തിക്കുന്ന മറ്റ് കൺസ്യൂമർ സംഘങ്ങളുടെ പരിധിയിൽ ഔട്ട് ലെറ്റുകൾ തുടങ്ങുവാൻ പാടില്ല.

<u>തിച്ചടവ് സംബന്ധിച്ച വ്യവസ്ഥ.</u>

- തുക പിൻവലിച്ച്, ആദ്യതവണ 5-□□ വർഷം മുതൽ (ഓഹരി - 10 തുല്യ വാർഷിക തവണകളായി തിരിച്ചടയ്ക്കണം.)

9. <u>പ്രാഥമിക കൺസ്യൂമർ സ്റ്റോറുകൾ/ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകൾ എന്നിവയ്ക്കുള്ള ഓഹരി മൂലധന വിഹിതം</u>

ജി.ഒ. (എം.എസ്.)നമ്പർ 38/79/എ.ഡി. തീയതി : 25.01.1979

ജി.ഒ. (എം.എസ്.)നമ്പർ 328/81/എ.ഡി. തീയതി : 19.09.1981

ജി.ഒ. (എം.എസ്.)നമ്പർ 150/99/സഹ. തീയതി : 25.10.1999

സ.ഉ. (കൈ)നമ്പർ 214/2009/സഹ. തീയതി : 17.12.2009

പ്രാഥമിക കൺസ്യൂമർ സഹകരണ സ്റ്റോറുകൾക്ക് പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനത്തിന്റെ 3 ഇരട്ടി പരമാവധി ധനസഹായം ചുവടെ ചേർക്കുന്ന പ്രകാരം നൽകുന്നു.

വിറ്റുവരവ്

7 ലക്ഷത്തിനു മുകളിൽ – 2 ലക്ഷം രൂപ

4 ലക്ഷം – 7 ലക്ഷം രൂപ വരെ – 1 ലക്ഷം രൂപ

2 ലക്ഷം – 4 ലക്ഷം രൂപ വരെ – 50,000 രൂപ

1 ലക്ഷം – 2 ലക്ഷം രൂപ വരെ – 25,000 രൂപ

a. ജില്ലാ മൊത്ത വ്യാപാര കൺസ്യൂമർ സ്റ്റോറുകളുടെ വാർഷിക വിറ്റുവരവ് 45 ലക്ഷമോ അതിലധികമോ ഉണ്ടെങ്കിൽ 5,00,000/– രൂപ പരമാവധി 25,00,000/– രൂപയ്ക്ക് ഓഹരി മൂലധന വിഹിതത്തിന് അർഹതയുണ്ട്.
b. നിയമാവലി സഹകരണ സംഘം രജിസ്ടാർ നിശ്ചയിക്കുന്ന തരത്തിലായിരിക്കണം.
c. പ്രാഥമിക കൺസ്യൂമർ സ്റ്റോറിൽ കുറഞ്ഞത് 100 അംഗങ്ങളും പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 4000/– രൂപയുമുണ്ടായിരിക്കണം.
d. മൊത്ത വ്യാപാര സ്റ്റോറിന് കുറഞ്ഞത് 10 അഫിലിയേറ്റഡ് പ്രാഥമിക കൺസ്യൂമർ സ്റ്റോറുകളും, 15000/– രൂപ അംഗസംഘങ്ങളിൽ നിന്നും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനവും ഉണ്ടായിരിക്കണം.
e. രജിസ്ട്രാർ നിർദ്ദേശിക്കുന്ന പക്ഷം മൊത്ത വ്യാപാര സ്റ്റോറിൽ മാനേജിംഗ് ഡയറക്ടർ ആയി സർക്കാർ ഉദ്യോഗസ്ഥന്റെ സേവനം സ്വീകരിക്കുമെന്ന സംഘത്തിന്റെ സമ്മതപത്രം.
f. ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനും ചട്ടങ്ങൾ പാലിക്കുമെന്ന ഉറപ്പിനുമുള്ള ഭരണസമിതി തീരുമാനം.
g. കുടിശ്ശിക രഹിത-അഴിമതി രഹിത സർട്ടിഫിക്കറ്റുകൾ ഏറ്റവും ഒടുവിലത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ്, താൽക്കാലിക വ്യാപാര ലാഭ നഷ്ടകണക്കുകളും, ബാക്കിപത്രം തുടങ്ങിയവ സമർപ്പിക്കണം.
h. പ്രാഥമിക കൺസ്യൂമർ സ്റ്റോറിനുള്ള ധനസഹായം സഹകരണ രജിസ്ട്രാറും, വ്യാപാര സ്റ്റോറുകൾക്കുള്ള ധനസഹായം സർക്കാരും അനുവദിക്കും.

തിരിച്ചടവ് സംബന്ധിച്ച വ്യവസ്ഥ.

- ഓഹരി – 10 തുല്യ വാർഷിക തവണകളായി തിരിച്ചടയ്ക്കണം. ആദ്യതവണ തുക ട്രഷറിയിൽ നിന്നും മാറി 6–□□ വർഷം മുതൽ തിരിച്ചടയ്ക്കേണ്ടതാണ്.

10. സ്കൂൾ, കോളേജ് സഹകരണ സ്റ്റോറുകൾക്ക് സർക്കാർ ഓഹരി മൂലധനം

ജി.ഒ. (എം.എസ്.)16/86/സഹ. തീയതി : 19.02.1980

ഓഹരി മൂലധനം

a. വ്യക്തി അംഗങ്ങളുടെ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനത്തിന്റെ 5 ഇരട്ടി സ്കൂൾ സഹകരണ സ്റ്റോറുകൾക്ക് പരമാവധി 5000/- രൂപയും, കോളേജ് സ്റ്റോറുകൾക്ക് പരമാവധി 15000/- രൂപയും ലഭിക്കും.
b. രജിസ്ട്രാർ നിർദ്ദേശിച്ചിട്ടുള്ള നിയമാവലി സ്വീകരിച്ചിരിക്കണം. സർക്കാർ ഓഹരി മൂലധന പങ്കാളിത്തത്തിന് ബൈലായിൽ വ്യവസ്ഥയുണ്ടായിരിക്കണം.
c. സ്കൂൾ സഹകരണ സ്റ്റോറുകളിൽ കുറഞ്ഞത് 100 അഗങ്ങളും 1000/- രൂപ പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനവും, 20000/- രൂപയുടെ വാർഷിക വിറ്റുവരവും ഉണ്ടാകണം.

തിരിച്ചടവ് സംബന്ധിച്ച വ്യവസ്ഥ.

- തുക പിൻവലിച്ച് ആദ്യ തിരിച്ചടവ് 6-□□ വർഷം മുതൽ.
- തിരിച്ചടവ് 15 വർഷത്തേയ്ക്ക് അനുവദിക്കുന്നു. 10 തുല്യവാർഷിക തവണകളായി തിരിച്ചടയ്ക്കണം.

11) സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾക്ക് ഉപകരണങ്ങൾ, ഫർണിച്ചർ, ഫിറ്റിംഗ്സ് എന്നിവയ്ക്കുള്ള ഗ്രാന്റ്

ജി.ഒ. (എം.എസ്.)നമ്പർ 11/94/സഹ. തീയതി : 24.02.1994

ജി.ഒ. (എം.എസ്.)നമ്പർ 54/95/സഹ. തീയതി : 25.03.1995

ജി.ഒ. (എം.എസ്.)നമ്പർ 81/2010/സഹ. തീയതി : 17.05.2010

ഗ്രാന്റ്

v. സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾക്ക് പരമാവധി 25000/-രൂപ. സ്കൂൾ സഹകരണ സംഘങ്ങൾ ഏറ്റവും കുറഞ്ഞത് അംഗങ്ങലും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധന 5000/- രൂപയും, വാർഷിക വിൽപ്പന 25000/- രൂപയുമുണ്ടായിരിക്കണം.
w. കോളേജ് സഹകരണ സംഘത്തിൽ ഏറ്റവും കുറഞ്ഞത് 100 അംഗങ്ങളും, പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 5000/- രൂപയും വാർഷിക വിറ്റുവരവ് 30000/- രൂപയും ഉണ്ടായിരിക്കണം.
x. സംഘത്തിന് പ്രത്യേക മുറി സൗകര്യം ഉണ്ടായിരിക്കണം.
y. അപേക്ഷയോടൊപ്പം ധനസഹായത്തിന് അപേക്ഷിക്കുന്നതിനും, എല്ലാ വ്യവസ്ഥകളും പാലിക്കുമെന്ന ഉറപ്പിനുമുള്ള ഭരണസമിതി തീരുമാനം, ഏറ്റവും ഓടുവിലത്തെ വ്യാപാര ലാഭനഷ്ട കണക്ക്, ബാക്കി പത്രത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വാങ്ങാനുദ്ദേശിക്കുന്ന ഫർണിച്ചറുകളുടെ ലിസ്റ്റ് അതിൽ രണ്ട് ഭരണസമിതി അംഗങ്ങളും, സെക്രട്ടറിയും ഒപ്പുവച്ചിരിക്കണം.
z. അഴിമതി രഹിത കുടിശ്ശിക രഹിത സർട്ടിഫിക്കറ്റുകൾ

12) സഹകരണ ഭക്ഷണശാല സംഘങ്ങൾക്ക് ധനസഹായം

ബഡ്ജറ്റ് വിഹിതത്തിനും വർക്കിംഗ് ഗ്രൂപ്പ് അനുമതിക്കും വിധേയമായി അനുവദിക്കുന്നതാണ്.

III. വനിത സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

13. ഓഹരിമൂലധനം

സംഘത്തിന്റെപിരിച്ചെടുത്തഓഹരിമൂലധനത്തിന്റെ 10 ഇരട്ടി (പരമാവധിരണ്ട് ലക്ഷം രൂപ)

ജി.ഒ(എം.എസ്) 328/77/എം.ഡി. തീയതി 16-11-1977

ജി.ഒ(എം.എസ്) 81/09/എം.ഡി. തീയതി 1-6-2009

ജി.ഒ(എം.എസ്) 43/18/**എം.ഡി. തീയതി15/12/218**

നിബന്ധനകൾ

- സംഘത്തിൽ കുറഞ്ഞത് 100 അംഗങ്ങൾഉണ്ടായിരിക്കണം.
- പിരിച്ചെടുത്ത ഓഹരിമൂലധനം കുറഞ്ഞത് 5,000/- രൂപയെങ്കിലും ഉണ്ടായിരിക്കണം.
- ബൈലായാൽ സർക്കാർ ഓഹരിക്കവ്യവസ്ഥഉണ്ടായിരിക്കണം.
- അംഗങ്ങളും സർക്കാരും തമ്മിലുള്ള ഓഹരി അനുപാതം 1:5 ആയി നിലനിർത്തുമെന്ന ഭരണസമിതിയുടെ ഉറപ്പ് അപേക്ഷയോടൊപ്പമാണ്.
- ധനസഹായത്തിന് അപേക്ഷിച്ചുകൊണ്ടുള്ളതും, ധനസഹായത്തിനുള്ളതുകയുടെയും ഉദ്ദേശത്തിന്റെയും വിവരങ്ങളും ആയത് അനുവദിക്കുന്നതിനുള്ള നിബന്ധനകൾ പാലിച്ചുകൊള്ളാമെന്നുമുള്ള ഭരണസമി തിതീരുമാനം.
- സർക്കാരിലേക്ക്യാതൊരുതുകയും അടയ്ക്കാനില്ലെന്ന അസിസ്റ്റന്റ്രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ്.
- സംഘം അഴിമതി വിമുക്തമാണെന്ന അസിസ്റ്റന്റ്രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ്.
- പ്രോജക്റ്റ്റിപ്പോർട്ട്, ഏറ്റവും ഒടുവിലത്തെ ഓഡി റ്റ്സർട്ടിഫിക്കറ്റ്, താൽക്കാലിക ബാലൻസ്ഷീറ്റ്.

- <u>തിരിച്ചടവ്സംബന്ധിച്ച വ്യവസ്ഥ</u>

തുല്യതവണകളായി. ആദ്യതവണ, തുകപിൻവലിച്ച് 6-ാംവർഷംമുതൽ.

14. <u>**പ്രവർത്തനമൂലധനഗ്രാന്റ് – പരമാവധി 5ലക്ഷംരൂപ**</u>

ജി.ഒ.(എം.എസ്) 70/97/സഹ. തീയതി 22-4-97

ജി.ഒ.(എം.എസ്) 81/09/സഹ. തീയതി 1-6-2009

ജി.ഓ).എം.എസ് (43/18/സഹ തീയതി :15-12-2018

അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ.

□ ധനസഹായത്തിന് അപേക്ഷിച്ചു കൊണ്ടുള്ളതും, ധനസഹായത്തിനുള്ള തുകയുടെയും ഉദ്ദേശത്തിന്റെയും വിവരങ്ങളും ആയത് അനുവദിക്കുന്നതിനുള്ള നിബന്ധനകൾ പാലിച്ചുകൊള്ളാമെന്നുമുള്ള ഭരണസമി തിതീരുമാനം.

□ സർക്കാരിലേക്ക്യാതൊരുതുകയും അടയ്ക്കാനില്ലെന്ന അസിസ്റ്റന്റ്രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ്.

□ സംഘം അഴിമതിവിമുക്തമാണെന്ന അസിസ്റ്റന്റ്രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ്.

□ പ്രോജക്റ്റ്റിപ്പോർട്ട്.

□ ഏറ്റവും ഒടുവിലത്തെ ഓഡിറ്റ്സർട്ടിഫിക്കറ്റ്, താൽക്കാലിക ബാലൻസ്ഷീറ്റ്.

15) വനിതാ സഹകരണ സംഘങ്ങൾക്ക് ഓഹരി, സബ്സിഡി ധനസഹായം

ജി.ഒ. (എം.എസ്.)21/2019/സഹ. തീയതി : 12/06/2019

- പരമാവധി ധനസഹായം: പരമാവധി 20 ലക്ഷം രൂപ.
- ധനസഹായ അനുപാതം:
  - സബ്സിഡി:60%
  - ഓഹരി മൂലധനം : 40%
- പ്രൊജക്റ്റ്റിപ്പോർട്ട്രജിസ്ട്രാർഅംഗീകരിക്കണം.
- മിനിമം 5 പേർക്കെങ്കിലുംതൊഴിൽഅവസരംഉറപ്പാക്കണം.
- കെട്ടിട നിർമ്മാണം:കെട്ടിടം പണിയുന്നതിന്യാതൊരു കാരണവശാലും ഈ ധനസഹായം നൽകുന്നതല്ല.

മാനദണ്ഡങ്ങൾ

- പിരിഞ്ഞടഞ്ഞ ഓഹരി മൂലധനം കുറഞ്ഞത് 50,000/– രൂപഉണ്ടായിരിക്കണം.
- പൂർണ്ണസമയസെക്രട്ടറി/ചീഫ്എക്സിക്യൂട്ടീവ്ഉണ്ടായിരിക്കണം.
- സംഘം ബൈലോയിൽ സർക്കാർ ഓഹരിവാങ്ങുന്നതിനുള്ളവ്യവസ്ഥയുണ്ടായിരിക്കണം.
- തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഉണ്ടായിരിക്കണം.

- സംഘം അവസാനത്തെ 3 വർഷംനഷ്ടത്തിലായിരിക്കുകയുംനെഗറ്റീവ്നെററ്വർത്ത്ആയിരിക്കുകയുംവേണം.
- സംഘം അഴിമതി രഹിതമായിരിക്കണം.
- ധനസഹായത്തിനുള്ള അപേക്ഷയിൽ ചീഫ്എക്സിക്യൂട്ടീവും, പ്രസിഡന്ററും മൂന്ന് ഭരണസമിതി അംഗങ്ങളും ഒപ്പിട്ടിരിക്കണം. അപേക്ഷയോടൊപ്പം ചുവടെ ചേർക്കുന്നരേഖകൾ ഉള്ളടക്കംചെയ്യണം:
- ധനസഹായത്തിനുള്ള വ്യവസ്ഥകളും രജിസ്ട്രാർ കാലാകാലങ്ങളിൽ നൽകുന്നനിർദ്ദേശങ്ങളുംപാലിച്ചുകൊള്ളാമെന്നുമുള്ളധാരണാപത്രം.
- സംഘം അഴിമതി രഹിതമാണെന്നുള്ള ജോയിന്റ് രജിസ്ട്രാറുടെ സാക്ഷ്യപത്രം.
- പദ്ധതി റിപ്പോർട്ട്, ഏറ്റവും അവസാന വർഷത്തെആഡിറ്റ്ചെയ്തബാലൻസ്ഷീറ്റിന്റെപകർപ്പുംതാൽക്കാലികകടധനപട്ടികയുടെപകർപ്പും.
- ധനസഹായത്തിനുള്ള അപേക്ഷ ജോയിന്റ് രജിസ്ട്രാർ ശുപാർശചെയ്തിരിക്കണം.

<u>തിരിച്ചടവ്സംബന്ധിച്ച വ്യവസ്ഥ</u>

- ഈപദ്ധതിപ്രകാരംഅനുവദിക്കുന്നധനസഹായംപിൻവലിച്ചാൽഒരുവർഷത്തിനുള്ളിൽവിനിയോഗിച്ചിരിക്കണം.
- ഓഹരിതുക 10 തുല്യവാർഷികഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതാണ്.

ആദ്യതവണപിൻവലിച്ചതിയതിമുതൽ 2 –□□വർഷം

കൂടാതെ വനിതാ സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന പ്രത്യേക പ്രോജക്ടുകൾക്ക് വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നതാണ്.

<u>IV) മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം</u>

16) വിനോദ സഞ്ചാര പ്രോത്സാഹനത്തിനുള്ള ധനസഹായം

ജി.ഒ.(ആർ.ടി) 560/2011/സഹ. തീയതി 24..10..2011

ഉദ്ദേശലക്ഷ്യം

പരാമ്പര്യകാർഷിക, വായ്പാസഹകരണസംഘങ്ങൾഒഴികെയുള്ളപ്രാഥമികസഹകരണസംഘങ്ങൾ (വ്യവസായം, അഗ്രികൾച്ചർ, ക്രാഫ്റ്റ്, കൈത്തറി, മറ്റെിവെതർകമേഖലകളിലെസംഘങ്ങൾ) വിനോദസഞ്ചാരമേഖലയുടെവികസനത്തിനായിലക്ഷ്യംവെച്ചുകൊണ്ടുള്ളപദ്ധതിയാണ്.

നിബന്ധനകൾ

- തെരഞ്ഞെടുക്കപ്പെട്ടഭരണസമിതിഉണ്ടായിരിക്കണം.
- ഫുൾ–ടൈംസെക്രട്ടറിഉണ്ടായിരിക്കണം.
- പഞ്ചവത്സരപ്രോഗ്രാംഉണ്ടായിരിക്കണം.
- ഗവൺമെന്റിലേക്ക്കുടിശ്ശികഉണ്ടാകാതിരിക്കണം.
- സംഘംഅഴിമതിവിമുക്തമായിരിക്കണം.
- അസിസ്റ്റന്റ്രജിസ്ട്രാറുടെസി–യിൽകുറയാത്തതസ്തികയിലുള്ളസഹകരണധനസഹായംവാങ്ങുന്നതിനവ്യവസ്ഥയുണ്ടായിരിക്കണം.
- തുകപ്രോജക്ടിന്റെഅടിസ്ഥാനത്തിൽപരമാവധി 20 ലക്ഷംരൂപസബ്സിഡിയുംബാക്കിയുള്ളതുക 2:1 എന്നഅനുപാതത്തിൽധനസഹായംനൽകുന്നത്.

അപേക്ഷയോടൊപ്പംഉള്ളടക്കംചെയ്യേണ്ടവ

1) ഭരണസമിതിതീരുമാനം – ഗവൺമെന്റ് / രജിസ്ട്രാർ കാലാകാലങ്ങളിൽ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്ന ഭരണസമിതിയുടെ തീരുമാനം.

2) സംഘം പ്രവർത്തനം അഴിമതിരഹിതമായിരിക്കുമെന്ന പ്രസിഡന്റിന്റെ തീർപ്പുപത്രം.

3) പ്രോജക്ട്റിപ്പോർട്ട് / സ്കീം.

4) അസിസ്റ്റന്റ്രജിസ്ട്രാറുടെപകർപ്പ്.

5) താൽക്കാലികകടധനപട്ടിക.

6) തിരിച്ചടയ്ക്കേണ്ടത് – 10 വാർഷികതുല്യതവണകൾ – ആദ്യത്തെ തവണ മൂന്നാമത്തെവർഷംമുതൽ.

–

17) ഓട്ടോറിക്ഷാ ഡ്രൈവേഴ്സ്/ടാക്സി ഡ്രൈവേഴ്സ് സഹകരണ സംഘങ്ങൾ

ജി.ഒ. (എം.എസ്.)86/74/എ.ഡി തീയതി : 22.03.1974

ജി.ഒ. (എം.എസ്.)76/81/എ.ഡി. തീയതി : 11.03.1981

ഓഹരി മൂലധനം – എ, ബി ക്ലാസ്സ് അംഗങ്ങളിൽ നിന്നും പിരിച്ചെടുത്ത ഓഹരി

മൂലധനത്തിന്റെ 3 ഇരട്ടി (പരമാവധി – 3 ലക്ഷം രൂപ)

നിബന്ധനകൾ

a. അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഓട്ടോറിക്ഷാ ഡ്രൈവിംഗ് ലൈസൻസ് ഉള്ളവരുമായവർക്ക് തൊഴിൽ നൽകുന്നതിനായി രൂപീകരിച്ച സംഘമായിരിക്കണം.
b. ഏറ്റവും കുറഞ്ഞത് 25 എ ക്ലാസ്സ് അംഗങ്ങളും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 2500/– രൂപയും ഉണ്ടായിരിക്കണം.
c. സർക്കാർ ഓഹരി മൂലധന പങ്കാളിത്തത്തിന് ബൈലാ വ്യവസ്ഥ ഉണ്ടായിരിക്കണം.
d. ഓട്ടോറിക്ഷാ വാങ്ങുന്നതിനാണ് ധനസഹായം അനുവദിക്കുന്നത്.

അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ട രേഖകൾ

v. ധനസഹായത്തിന് അപേക്ഷിച്ചുകൊണ്ടും നിലവിലുള്ളതും കാലാകാലങ്ങളിൽ ഏർപ്പെടുത്തേണ്ടതുമായ നിബന്ധനകൾ അംഗീകരിച്ചു കൊള്ളാമെന്നും, രേഖകളിൽ ഒപ്പുവക്കുന്നതിന് ഭരണസമിതി അംഗങ്ങളെ അധികാരപ്പെടുത്തി കൊണ്ടുള്ളതുമായ ഭരണസമിതി തീരുമാനങ്ങൾ.
w. അംഗങ്ങളുടെയും സർക്കാരിന്റെയും ഓഹരി മൂലധനം 1:3 അനുപാതത്തിൽ നിലനിർത്തിക്കൊള്ളാമെന്ന ഭരണസമിതി തീരുമാനം.
x. പ്രോജക്ട് റിപ്പോർട്ട്.
y. അഴിമതി രഹിത കുടിശ്ശിക രഹിത സർട്ടിഫിക്കറ്റ്

z. സർക്കാർ ധനസഹായം, ആഡിറ്റ് ഫീസ്, ഡെപ്പോസിറ്റ് സംബന്ധിച്ച വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ.

<u>തിരിച്ചടവ്സംബന്ധിച്ച വ്യവസ്ഥ</u>

- 10 തുല്യ വാർഷിക തവണകൾ, ആദ്യ അടവ് തുക പിൻവലിച്ച് 6-□□ വർഷം മുതൽ.

18) മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ

ജി.ഒ. (എം.എസ്.)നമ്പർ 331/76/എ.ഡി തീയതി : 30.09.1976

ജി.ഒ. (എം.എസ്.)നമ്പർ 81/76/എ.ഡി തീയതി : 29.08.1981

ജി.ഒ. (എം.എസ്.)നമ്പർ 133/08/സഹ. തീയതി : 10.06.2008

ജി.ഒ. (എം.എസ്.)നമ്പർ 43/18/സഹ. തീയതി : 15.12.2018

ഓഹരി മൂലധനം : അംഗങ്ങളിൽ നിന്നും പിരിച്ചെടുത്ത ഓഹരി മൂലധനത്തിന്റെ 3 ഇരട്ടി (പരമാവധി – 10 ലക്ഷം രൂപവരെ)

<u>നിബന്ധനകൾ</u>

a. ഓട്ടോമൊബൈൽ വ്യവസായം, ട്രാൻസ്പോർട്ട് സർവ്വീസിൽ പരിചയമുള്ള തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുന്നതിന് രൂപീകരിച്ച സംഘമായിരിക്കണം.
b. കുറഞ്ഞത് 50 അംഗങ്ങളും അംഗങ്ങളിൽ നിന്നും പിരിച്ചെടുത്ത ഓഹരിമൂലധനമായി 30000/-രൂപയും ഉണ്ടായിരിക്കണം.
c. സർക്കാർ ഓഹരി മൂലധന പങ്കാളിത്തത്തിന് ബൈലാ വ്യവസ്ഥ ഉണ്ടായിരിക്കണം.
d. അഴിമതി രഹിതവും സർക്കാരിലേക്ക് കുടിശ്ശിക രഹിതവുമായിരിക്കണം
e. ട്രാൻസ്പോർട്ട് വാഹനങ്ങൾ വാങ്ങുന്നതിനുള്ള മാർജിൻ മണിയായി മാത്രമേ ധനസഹായം ഉപയോഗിക്കാവൂ.

അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ട രേഖകൾ

v. ഭരണസമിതി തീരുമാനങ്ങൾ, പ്രോജക്ക് റിപ്പോർട്ട്, അഴിമതി രഹിത കുടിശ്ശിക രഹിത സർട്ടിഫിക്കറ്റുകൾ, സർക്കാരിലേക്കുള്ള കുടിശ്ശിക സംബന്ധിച്ച് നിശ്ചിത പ്രൊഫോർമയിലെ വിവരങ്ങൾ അംഗങ്ങളും സർക്കാരും തമ്മിലുള്ള ഓഹരി മൂലധനം 1:1 അനുപാതത്തിൽ നിലനിർത്തിക്കൊള്ളാമെന്ന ഭരണസമിതി തീരുമാനം.

തിരിച്ചടവ്സംബന്ധിച്ച വ്യവസ്ഥ

- 10 തുല്യ വാർഷിക തവണകൾ – ആദ്യ അടവ് തുക പിൻവലിച്ച് 6–□□ വർഷം മുതൽ

19) മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ ആട്ടോറിക്ഷാ സഹകരണ സംഘങ്ങൾ സ്പെയർ പാർട്ട്സ് ഷോപ്പ്/വർക്ക് ഷോപ്പ് തുടങ്ങുന്നതിനുള്ള അധിക ഓഹരി മൂലധനം

ജി.ഒ. (എം.എസ്.)നമ്പർ 3124/79/എ.ഡി തീയതി : 21.03.1979

ജി.ഒ. (എം.എസ്.)നമ്പർ 221/82/എ.ഡി തീയതി : 15.07.1982

ജി.ഒ. (എം.എസ്.)നമ്പർ 31/99/സഹ. തീയതി : 18.02.1999

യോഗ്യതകൾ

a. 25 'A' ക്ലാസ്സ് അംഗങ്ങൾ ഉണ്ടായിരിക്കണം. (ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം)
b. മിനിമം പിരിഞ്ഞുകിട്ടിയ ഓഹരി 7500/– രൂപ ഉണ്ടായിരിക്കണം.
c. സർക്കാർ പങ്കാളിത്തത്തിന് ബൈലായിൽ വ്യവസ്ഥ ഉണ്ടായിരിക്കണം
d. തുക – 'A' ക്ലാസ്സ് 'B' ക്ലാസ്സ് അംഗങ്ങളുടെ പിരിഞ്ഞുകിട്ടിയ ഓഹരി തുകയുടെ 10 ഇരട്ടി, അധിക ഓഹരിയായി നൽകും (പരമാവധി 100000/– രൂപ)വർക്ക് ഷോപ്പ് : 75000 സ്പെയർപാർട്ട്സ് : 25000)

നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ട രേഖകൾ

a. തീരുമാന പകർപ്പ്
b. പ്രോജക്ട് റിപ്പോർട്ട്/സ്കീം
c. ഏറ്റവും അവസാനം ലഭിച്ച ആഡിറ്റ് സർട്ടിഫിക്കറ്റ്
d. താൽക്കാലിക കടധന പട്ടിക
e. പ്രവർത്തന റിപ്പോർട്ട് തുടങ്ങിയവ

-

തിരിച്ചടവ്സംബന്ധിച്ച വ്യവസ്ഥ

- 10 തുല്യ തവണകളായി – ആദ്യ തവണ തുക പിൻവലിച്ച് 6–□□ വർഷം മുതൽ

പലവക സംഘങ്ങൾ

ജി.ഒ.(എം.എസ്) 433/79/എ.ഡി തീയതി 26.11.1979

സ.ഉ (കൈ)നമ്പർ 43/2018/സഹ. തീയതി 15/12/2018

20) പലവക സംഘങ്ങൾ– ഓഹരി മൂലധനം

അംഗങ്ങളിൽ നിന്നും പിരിച്ചെടുത്ത ഓഹരി മൂലധനത്തിന്റെ3 ഇരട്ടി വരെ (പരമാവധി 3,00,000/– രൂപ)

നിബന്ധനകൾ

a. കുറഞ്ഞത് 250 അംഗങ്ങൾ ഉണ്ടായിരിക്കണം.
b. ആകെ അംഗങ്ങളുടെ 90% ൽ കുറയാതെയുള്ള അംഗങ്ങൾ സംഘം ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങളിൽ നിന്നും നേരിട്ട് ഗുണം ലഭിക്കുന്നവരും, പ്രത്യേക വ്യവസായം/തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവരും ആകണം.
c. ബൈലായിൽ സർക്കാർ ഓഹരിയ്ക്ക് വ്യവസ്ഥ ഉണ്ടായിരിക്കണം.
d. ആകെയുള്ള അംഗങ്ങളുടെയോ ഭരണസമിതി അംഗങ്ങളുടേയോ 2/3 ൽകുറയാതെയുള്ളവർ സംഘം ഏറ്റെടുത്തിട്ടുള്ള വ്യവസായത്തിൽ ഏർപ്പെട്ടവരോ യഥാർത്ഥ തൊഴിലാളികളോ ആയിരിക്കണം.
e. അംഗങ്ങളുടേയും സർക്കാരിന്റെയും ഓഹരികൾ തമ്മിലുള്ള അനുപാതം 1 : 3 ആയി നിലനിർത്തണം

തിരിച്ചടവ്സംബന്ധിച്ച വ്യവസ്ഥ

- 10 തുല്യ വാർഷിക തവണകളായി, ആദ്യ തവണ തുക പിൻവലിച്ച് 6 –□□ വർഷം മുതൽ.

<u>അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ട രേഖകൾ</u>

a. ഓഹരി മൂലധനസഹായത്തിന് അപേക്ഷിച്ചു കൊണ്ടുള്ളതും, ആയത് അനുവദിക്കുന്നതിന് നിലവിലുള്ളതും കാലാകാലങ്ങളിൽ ഏർപ്പെടുത്തുന്നതുമായ എല്ലാ നിബന്ധനകളും അംഗീകരിയ്ക്കുന്നതാണെന്നുള്ളതും അംഗങ്ങൾ/സർക്കാർ തമ്മിലുള്ള ഓഹരി മൂലധന അനുപാതം 1:3 ൽ നിലനിർത്തികൊള്ളണമെന്നും ആയ ഭരണസമിതി തീരുമാനങ്ങൾ.
b. അഴിമതിരഹിത/കുടിശ്ശിക രഹിത സർട്ടിഫിക്കറ്റുകൾ.
c. സർക്കാർ ധനസഹായം/ആഡിറ്റ് ഫീസ്/ഡിവിഡന്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ.
d. പ്രോജക്ട് റിപ്പോർട്ട്.

<u>21) പലവക സംഘങ്ങൾ – വർക്കിംഗ്ക്യാപ്പിറ്റൽഗ്രാന്റ്</u>

ജി.ഒ (എം.എസ്) നമ്പർ 6/2020/സഹ. തീയതി 09.02.2020

ധന സഹായം: പരമാവധി 5,00,000/– രൂപ വര്ക്കിംഗ് ക്യാപിറ്റല് ഗ്രാന്റായി നല്കുന്നു.

<u>മാനദണ്ഡങ്ങൾ</u>

a. 1.സഹകരണസംഘംരജിസ്ട്രാർതെരഞ്ഞെടുത്തസംഘത്തിനാണ്ധനസഹായംഅനുവദിക്കുന്നത്.
b. 2. തിരഞ്ഞെടുക്കപ്പെടുന്ന ഏതൊരു വിവിധോദ്ദേശ സഹകരണ സംഘത്തിനും 5,00,000/– രൂപയിൽ (അഞ്ച് ലക്ഷം മാത്രം) കവിയാത്ത പ്രവർത്തന മൂലധന സഹായത്തിന് അർഹതയുണ്ടായിരിക്കും.
c. 3. ഈ ചട്ടങ്ങൾ പ്രകാരമുള്ള സഹായത്തിനുള്ള എല്ലാ അപേക്ഷകളും ഈ ചട്ടങ്ങളോടൊപ്പം ചേർത്തിട്ടുള്ള 'എ' ഫോമിൽ സമർപ്പിക്കണം. ഈ ചട്ടങ്ങൾ പ്രകാരം സഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള ഭരണ സമിതിയുടെ പ്രമേയത്തിന്റെ പകർപ്പുകൾ, ആവശ്യമായ സഹായ തുകയും സഹായം

ആവശ്യമായതിന്റെ ഉദ്ദേശ്യവും വ്യക്തമാക്കി, അപേക്ഷാ ഫോമിനോടൊപ്പം മൂന്ന് കോപ്പി വീതം വെക്കണം.

d. 4. പ്രവർത്തന മൂലധന സഹായം ലഭിക്കുന്നതിനുള്ള വ്യക്തമായ കർമ്മ പദ്ധതി അപേക്ഷയോടൊപ്പം സമർപ്പിക്കണം. ആകെ നിക്ഷേപം, പ്രവർത്തന മൂലധന സഹായം തേടുന്നതിനുള്ള കാരണം, പദ്ധതിയുടെ ഭാവി പ്രതീക്ഷകൾ തുടങ്ങിയവ പ്രോജക്ട് റിപ്പോർട്ടിൽ വിശദീകരിക്കണം.

e. 5. ബന്ധപ്പെട്ട ജില്ലയിലെ ജോയിന്റ് രജിസ്ട്രാർ, ബജറ്റ് വിഹിതത്തിനും അദ്ദേഹത്തിന്റെ പക്കൽ നൽകിയിട്ടുള്ള തുകയ്ക്കും വിധേയമായി പ്രവർത്തന മൂലധന സഹായം അനുവദിക്കും.

f. 6. ഈ ചട്ടങ്ങൾ പ്രകാരം സഹായം ലഭിക്കുന്ന സംഘം, ഈ ചട്ടങ്ങളോടൊപ്പം ചേർത്തിട്ടുള്ള 'ബി' ഫോമിൽ കേരള സർക്കാരിന് അനുകൂലമായി 500/- രൂപയുടെ മുദ്രപത്രത്തിൽ ഒരു ബോണ്ട് എഴുതി നൽകണം.

g. 7. സംഘത്തിന് അനുവദിച്ച പ്രവർത്തന മൂലധന സഹായം, എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയ ശേഷം, ബന്ധപ്പെട്ട സംഘത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറണം.

h. 8. ചട്ടങ്ങൾ പ്രകാരം ലഭിച്ച പ്രവർത്തന മൂലധന സഹായ തുക സംഘത്തിന്റെ കണക്ക് പുസ്തകങ്ങളിൽ ചേർക്കണം. സംഘത്തിന്റെ എല്ലാ അക്കൗണ്ട് രേഖകളും സ്റ്റോക്ക് ബുക്കുകളും തുടങ്ങിയവ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് എപ്പോൾ വേണമെങ്കിലും പരിശോധനയ്ക്കായി ലഭ്യമാക്കണം.

i. 9. ബാങ്കിൽ നിന്ന് തുക പിൻവലിച്ച തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ സംഘം വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കണം.

j. 10. ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയോ പ്രവർത്തന മൂലധന സഹായം ദുരുപയോഗം ചെയ്യുകയോ ചെയ്താൽ, സംഘത്തിന് അനുവദിച്ച സഹായ തുക, നിലവിലുള്ള റവന്യൂ റിക്കവറി ആക്ട് വ്യവസ്ഥകൾ പ്രകാരമോ അല്ലെങ്കിൽ സഹകരണ സംഘം രജിസ്ട്രാർ തീരുമാനിക്കുന്ന മറ്റ് മാർഗ്ഗങ്ങളിലൂടെയോ സംഘത്തിൽ നിന്ന് ഒറ്റത്തവണയായി തിരിച്ചുപിടിക്കും.

k. 11. കാരണങ്ങൾ രേഖാമൂലം രേഖപ്പെടുത്തി, ഈ ചട്ടങ്ങളിലെ ഏതെങ്കിലും വ്യവസ്ഥകളിൽ നിന്ന് ഏതൊരു സംഘത്തെയും ഒഴിവാക്കാൻ സർക്കാരിന് ഉത്തരവിടാവുന്നതാണ്.

വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ

22) <u>വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ- ഓഹരി മൂലധനം - 5ലക്ഷം രൂപവരെ</u>

ജി.ഒ. (എം.എസ്.)116/82/എ.ഡി. തീയതി : 24.03.1982

ജി.ഒ. (എം.എസ്.)49/16 /എ.ഡി. തീയതി : 16/12/2016

<u>നിബന്ധനകൾ</u>

a. പിരിച്ചെടുത്ത ഓഹരി മൂലധനം കുറഞ്ഞത് 15000/- രൂപ.
b. സർക്കാരിന് പുറമേ, ടീച്ചിംഗ് പ്രൊഫഷനായി സ്വീകരിച്ചിട്ടുള്ള ഗ്രാജുവേറ്റ്/പോസ്റ്റ് ഗ്രാജുവേറ്റുകൾക്ക് മാത്രമേ അംഗത്വം നൽകാവൂ.
c. സർക്കാർ ഓഹരി മൂലധന പങ്കാളിത്തത്തിന് ബൈലാ വ്യവസ്ഥ ഉണ്ടായിരിക്കണം.
d. സംഘം അഴിമതി രഹിതവും/കുടിശ്ശിക രഹിതവുമായിരിക്കണം.

<u>അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ട രേഖകൾ</u>

v. ആവശ്യമായ ഭരണസമിതി തീരുമാനങ്ങൾ, സ്ഥലം, കെട്ടിടം, ലബോറട്ടറി ഉപകരണങ്ങൾ, ലൈബ്രറി, ഫർണിച്ചർ എന്നീ ഇനങ്ങളിൽ ആവശ്യമായ തുകയുടെ എസ്റ്റിമേറ്റ് പ്രോജക്ട് റിപ്പോർട്ട്, അഴിമതി രഹിത കുടിശ്ശിക രഹിത സർട്ടിഫിക്കറ്റ്, കുടിശ്ശിക സ്റ്റേറ്റ്മെന്റ് തുടങ്ങിയവ ഉള്ളടക്കം ചെയ്യണം.

<u>തിരിച്ചടവ്സംബന്ധിച്ച വ്യവസ്ഥ</u>

- 10 തുല്യ വാർഷിക തവണകൾ.
- ആദ്യ അടവ് തുക പിൻവലിച്ച് 5-□□ വർഷം മുതൽ

<u>മാനേജീരിയൽ സബ്സിഡി</u>

ആദ്യവർഷം : 100% (പരമാവധി 30000/- രൂപ)

രണ്ടാം വർഷം : 75%

മൂന്നാം വർഷം : 50%

<u>നിബന്ധനകൾ</u>

a. തുടർച്ചയായ വർഷങ്ങളിലേക്കാണ് മാനേജീരിയൽ സബ്സിഡി നൽകുന്നത്.
b. നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ നിയമനം ജോയിന്റ് രജിസ്ട്രാർമാർ അംഗീകരിച്ചതായിരിക്കണം.

<u>അപേക്ഷയോടൊപ്പം</u>

a. ഭരണസമിതി തീരുമാനങ്ങൾ, അഴിമതി രഹിത കുടിശ്ശിക രഹിത സർട്ടിഫിക്കറ്റ്, കുടിശ്ശിക സ്റ്റേറ്റ്മെന്റ് എന്നിവ സമർപ്പിക്കണം.

<u>പലിശ സബ്സിഡി</u>

a. സ്ഥലം, കെട്ടിടം, ലാബ്, ഉപകരണങ്ങൾ, ലൈബ്രറി ഫർണിച്ചർ എന്നീ മൂലധന ചെലവുകൾക്കായി ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് എടുത്തിട്ടുള്ള സംഘങ്ങൾക്കാണ് ടി ധനസഹായങ്ങൾ നൽകുന്നത്.
b. ബാങ്ക് ഈടാക്കിയ പലിശ അല്ലെങ്കിൽ 30000/- രൂപ ഇതിലേതാണോ കുറവ് ടി തുകയായിരിക്കും ഓരോ വർഷവും അനുവദിക്കുന്ന ധനസഹായം.
c. ബാങ്കുകളിൽ അടച്ച പലിശ റീ ഇംബേഴ്സ് ചെയ്യു മാത്രമേ തുക നൽകുകയുള്ളു.
d. മുടക്കം വരുത്തിയ തവണകൾക്ക് സബ്സിഡി നൽകുന്നതല്ല.
e. പരമാവധി 3 വർഷം വരെ മാത്രമേ ഒരു സംഘത്തിന് പലിശ സബ്സിഡി ലഭിക്കാൻ അർഹതയുള്ളു.
f. **<u>അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ട രേഖകൾ</u>**
g. ആവശ്യമായ ഭരണസമിതി തീരുമാനങ്ങൾ, മുൻപ് ലഭിച്ച സബ്സിഡി സംഘത്തിന്റെ കണക്കു ബുക്കുകളിൽ ക്രമപ്രകാരം അക്കൗണ്ട് ചെയ്തിട്ടുണ്ടെന്നുള്ള സർട്ടിഫിക്കറ്റ്.
h. ലോൺ നമ്പർ, ഓരോ ത്രൈമാസത്തിന്റെയും തുടക്കത്തിൽ ബാക്കി നിൽപ്പുള്ള തുക, തവണകൾ അടയ്ക്കുന്നതിനുള്ള തീയതികൾ, തവണ അടച്ച തീയതി, തിരിച്ചടവ് തുക, സബ്സിഡി ക്ലെയിം ചെയ്ത് എന്നീ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ്.

i. അഴിമതി രഹിത, കുടിശ്ശിക രഹിത സർട്ടിഫിക്കറ്റുകൾ, കുടിശ്ശിക സ്റ്റേറ്റ്മെന്റ്.

ആശുപത്രി സഹകരണ സംഘങ്ങൾ

23) ആശുപത്രി സഹകരണ സംഘങ്ങൾ- ഓഹരി മൂലധനം -പരമാവധി 20 ലക്ഷം രൂപ

ജി.ഒ. (എം.എസ്.)നമ്പർ 423/80/എ.ഡി . തീയതി : 4.11.1980

ജി.ഒ. (എം.എസ്.)നമ്പർ 455/80/എ.ഡി . തീയതി : 27.11.1980

ജി.ഒ. (എം.എസ്.)നമ്പർ 195/81/എ.ഡി . തീയതി : 27.05.1981

ജി.ഒ. (എം.എസ്.)നമ്പർ 175/98/സഹ . തീയതി : 16.12.1998

ജി.ഒ. (എം.എസ്.)നമ്പർ 109/14/സഹ . തീയതി : 18/09/2014

നിബന്ധനകൾ

ബൈലായിൽ സർക്കാർ ഓഹരിക്ക് വ്യവസ്ഥ ഉണ്ടായിരിക്കണം.

അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ട രേഖകൾ

a. ഓഹരി മൂലധനത്തിന് അപേക്ഷിച്ചു കൊണ്ടുള്ളതും, ധനസഹായത്തിനുള്ള നിലവിലെ ചട്ടങ്ങളും കാലാകാലങ്ങളിൽ സർക്കാർ/രജിസ്ട്രാർ ഏർപ്പെടുത്തുന്ന നിബന്ധനകളും അംഗീകരിച്ചുകൊള്ളാ-മെന്നുള്ളതും, അപേക്ഷയിലും അനുബന്ധങ്ങളിലും ഒപ്പിടുന്നതിന് അധികാരപ്പെടുത്തികൊണ്ടുള്ളതും, അംഗങ്ങളും സർക്കാരും തമ്മിലുള്ള ഓഹരി മൂലധനത്തിന്റെ അനുപാതം 1:5 ആയി നിലനിർത്തിക്കൊള്ളാമെന്നുള്ളതും ആയ ഭരണസമിതി തീരുമാനങ്ങൾ.
b. പ്രോജക്റ്റ് റിപ്പോർട്ട്
c. സംഘം അഴിമതി രഹിതമാണെന്ന അസിസ്റ്റന്റ് രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർമാരുടെ സർട്ടിഫിക്കറ്റ്.
d. സർക്കാരിലേക്ക് സംഘം കുടിശ്ശിക രഹിതമാണെന്ന അസിസ്റ്റന്റ് രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ്.

e. സർക്കാരിലേക്ക് സംഘം കുടിശ്ശിക രഹിതമാണെന്ന അസിസ്റ്റന്റ് രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ്.
f. ഇതുവരെ സംഘത്തിന് ലഭിച്ചതും അടയ്ക്കുവാൻ ബാക്കിയുള്ള സർക്കാർ ഓഹരി മൂലധനം, വായ്പ, ആഡിറ്റ് ഫീസ്, ഡിവിഡന്റ് എന്നിവ സംബന്ധിച്ച നിശ്ചിത പ്രോഫോർമയിലെ സ്റ്റേറ്റ്മെന്റ്.

തിരിച്ചടവ്സംബന്ധിച്ച വ്യവസ്ഥ

- 10 വാർഷിക തുല്യ തവണകളായി
- ആദ്യ തവണ തുക പിൻവലിച്ച് 6–㐀㐀 വർഷം മുതൽ

ഡിവിഡന്റ്

സർക്കാർ അനുവദിക്കുന്ന ഓഹരി മൂലധനത്തിന് അറ്റലാഭത്തിന്റെ 5% ൽ കുറയാത്ത തുക ഡിവിഡന്റായി നൽകേണ്ടതാണ്.

24) സഹകരണ ആശുപത്രി സംഘങ്ങൾക്ക് ആംബുലൻസ് വാങ്ങുന്നതിനുള്ള സബ്സിഡി

ജി.ഒ. (ആർ.റ്റി.)നമ്പർ 641/82/എ.ഡി . തീയതി : 08.03.1982

ജി.ഒ. (എം.എസ്.)നമ്പർ 96/2000/സഹ . തീയതി : 20.06.2000

ജി.ഒ. (എം.എസ്.)നമ്പർ 43/2012/സഹ . തീയതി : 31/03/2012

ധനസഹായം –ആംബുലൻസിന്റെ വിലയുടെ 50% അല്ലെങ്കിൽ 10 ലക്ഷം രൂപ ഇതിലേതാണോ കുറവ് ആ തുക.

നിബന്ധനകൾ

a. ജില്ലാതലത്തിലുള്ള ആശുപത്രി സംഘങ്ങൾക്ക് 2 ആംബുലൻസ് വാനുകൾ വാങ്ങുന്നതിനും മറ്റ് ആശുപത്രികൾക്ക് ഒരു വാൻ വാങ്ങുന്നതിനും മാത്രമേ ധനസഹായം അനുവദിക്കുകയുള്ളൂ.
b. ധനസഹായം ഉപയോഗിച്ചു വാങ്ങുന്ന ആംബുലൻസ് വാൻ അടുത്ത 5 വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യാൻ പാടില്ല.

അപേക്ഷയോടൊപ്പം

a. ധനസഹായത്തിന് അപേക്ഷിച്ചുകൊണ്ടുള്ളതും, നിബന്ധനകൾ അംഗീകരിച്ചുകൊള്ളാമെന്നുള്ളതും,അപേക്ഷയിലും മറ്റ് അനുബന്ധങ്ങൾ, എഗ്രിമെന്റ് എന്നിവ ഒപ്പിടുന്നതിന് അധികാരപ്പെടുത്തികൊണ്ടുള്ളതും ആയ തീരുമാനങ്ങൾ, ധനസഹായം ഉപയോഗിച്ച് ആംബുലൻസ് വാങ്ങി കൊള്ളാമെന്നുള്ള ഭരണസമിതി അംഗങ്ങളുടെ ഉറപ്പ്.
b. അഴിമതിരഹിത, കുടിശ്ശിക രഹിത സർട്ടിഫിക്കറ്റുകൾ.
c. സർക്കാർ ധനസഹായം, ആഡിറ്റ് ഫീസ്, ഡിവിഡന്റ് എന്നിവയുടെ കൂടിശ്ശിക സംബന്ധിച്ച് നിശ്ചിത പ്രൊഫോർമയിലെ വിവരങ്ങൾ.
d. പ്രോജക്ട് റിപ്പോർട്ടും, ഇൻവോയിസിന്റെ പകർപ്പും.

<u>25) ആശുപത്രി സംഘങ്ങൾക്ക് രോഗനിർണ്ണയത്തിനുള്ള അത്യാധുനിക/അത്യന്താധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം</u>.

ജി.ഒ.(എം.എസ്)808/2010/സഹ. തീയതി 29-12-2010
ജി.ഒ.(എം.എസ്)43/2018/സഹ. തീയതി 15/12/2018.

75ലക്ഷം രൂപ അല്ലെങ്കിൽ പദ്ധതി ചെലവിന്റെ 80% ഏതാണോ കുറവ് ആ തുക

വായ്പ	-	പ്രോജക്ട് കോസ്റ്റിന്റെ 40%
സബ്സിഡി	-	പ്രോജക്ട് കോസ്റ്റിന്റെ 15%
ഓഹരി	-	പ്രോജക്ട് കോസ്റ്റിന്റെ 15%
സ്വന്തം ഫണ്ട്	-	പ്രോജക്ട് കോസ്റ്റിന്റെ30%

<u>നിബന്ധനകൾ</u>

a. സംഘത്തിൽ ഫുൾടൈം പെയ്ഡ് സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവും തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയും ഉണ്ടായിരിക്കണം.
b. ബൈലാ വ്യവസ്ഥയുണ്ടായിരിക്കണം.
c. ലഭിക്കുന്ന സർക്കാർ ഓഹരിക്ക് അറ്റലാഭത്തിന്റെ5% ത്തിൽ കുറയാത്ത ഡിവിഡന്റ് നൽകണം.
d. 10 ലക്ഷം രൂപ വരെയുള്ള ധനസഹായത്തിന് പദ്ധതി പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ/യന്ത്രങ്ങൾ എന്നിവ ഹൈപ്പോതിക്കേറ്റ് ചെയ്തിരിക്കണം.

e. 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ധനസഹായത്തിന് പദ്ധതി പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ/ യന്ത്രങ്ങൾ എന്നിവ പണയപ്പെടുത്തുന്നതോടൊപ്പം വസ്തുവകകൾ പണയപ്പെടുത്തുകയും വേണം.

<u>അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ട രേഖകൾ</u>

1. ധനസഹായത്തിന് അപേക്ഷിച്ചുകൊണ്ടും, ധനസഹായത്തിന് നിലവിലുള്ളതും കാലാകാലങ്ങളിൽ ഏർപ്പെടുത്തുന്നതുമായ നിബന്ധനകൾ അംഗീകരിച്ചുകൊള്ളാമെന്നും, അപേക്ഷയും അനുബന്ധരേഖകളും ഒപ്പുവയ്ക്കുന്നതിന് ഭരണസമിതി അംഗങ്ങളെ ചുമതലപ്പെടുത്തിക്കൊണ്ടുള്ളതുമായ ഭരണസമിതി തീരുമാനങ്ങൾ.
2. പ്രോജക്ട് റിപ്പോർട്ട്.
3. അഴിമതി രഹിത, കുടിശ്ശിക രഹിത സർട്ടിഫിക്കറ്റ്.
4. സർക്കാർ ധനസഹായം/ആഡിറ്റ് ഫീസ്/ഡിവിഡന്റ് സംബന്ധിച്ച വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ.
5. ആവശ്യമായ ഉപകരണങ്ങളുടെ പ്രൊഫോർമ ഇൻവോയ്സുകൾ.
6. ഏറ്റവും ഒടുവിലത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ്.

<u>തിരിച്ചടവ്സംബന്ധിച്ച വ്യവസ്ഥ</u>

വായ്പ – 12 തുല്യ വാർഷിക തവണകൾ

ആദ്യത്തെ തവണ – തുക പിൻവലിച്ചു കഴിഞ്ഞ ആദ്യവർഷം മുതൽ

ഓഹരി – 10 തുല്യ വാർഷിക തവണകൾ

ആദ്യത്തെ തവണ – തുക പിൻവലിച്ച് 3-□□ വർഷം മുതൽ

<u>26) ബ്ലഡ് ബാങ്ക് സ്ഥാപിക്കുന്നതിന് താലൂക്ക്/ജില്ലാ ആശുപത്രികൾക്ക് ധനസഹായം</u>

ജി.ഒ.(എം.എസ്) നമ്പർ 15/2013/സഹ. തീയതി 29-01-2013

ജി.ഒ.(എം.എസ്) നമ്പർ 43/2018/സഹ. തീയതി 15/12/2018

പരമാവധി ധനസഹായം :- പ്രോജക്ട് കോസ്റ്റിന്റെ 80% അല്ലെങ്കിൽ 80 ലക്ഷം രൂപ ഏതാണ് കുറവ് ആ തുക.

ഓഹരി – പ്രോജക്ടിന്റെ 20%

സബ്സിഡി – പ്രോജക്ടിന്റെ 20%

വായ്പ – പ്രോജക്ടിന്റെ 40%

ബാക്കി 20% – സംഘം വഹിക്കണം

അർഹത – സഹകരണസംഘം രജിസ്ട്രാർ തെരെഞ്ഞെടുക്കുന്ന താലൂക്ക്/ജില്ലാ ആശുപത്രികൾ

<u>അപേക്ഷസമർപ്പിക്കേണ്ടവിധം</u>

1. മെഡിക്കൽ ലബോറട്ടറി/ബ്ലഡ് ബാങ്ക്, സർക്കാർ പങ്കാളിത്തത്തോടുകൂടി സ്ഥാപിക്കുന്നതിന് ബൈലായിൽ വ്യവസ്ഥ ഉണ്ടാകണം.
2. അപേക്ഷയുടെ രണ്ട് പകർപ്പ് (ഫോറം – എയിൽ)
3. ബ്ലഡ് ബാങ്ക്/ലബോറട്ടറി സ്ഥാപിക്കുന്നതിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ സർട്ടിഫിക്കറ്റ്/ അനുവാദം.
4. ധനസഹായത്തിന് അപേക്ഷിച്ചുകൊണ്ടുള്ള ഭരണസമിതി തീരുമാനം.
5. സർക്കാർ/രജിസ്ട്രാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ/നിർദ്ദേശങ്ങൾ പാലിച്ചുകൊള്ളാമെന്ന് സമ്മതിച്ചുകൊണ്ടുള്ള ഭരണസമിതി തീരുമാനം.
6. വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് – (വരവ്/ചെലവ്/ലാഭം എന്നിവ പരാമർശിച്ചുകൊണ്ടുള്ള വിവരങ്ങൾ സഹിതം)
7. അഴിമതിരഹിത – കുടിശ്ശികരഹിത സർട്ടിഫിക്കറ്റ്.
8. ഏറ്റവും അവസാനത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ്(ജോയിന്റ് രജിസ്ട്രാർ കൗണ്ടർസൈൻ ചെയ്തത്)
9. മുഴുവൻ സമയ സെക്രട്ടറി ഉണ്ടായിരിക്കണം.
10. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഉണ്ടായിരിക്കണം

<u>അനുവദിക്കുന്ന അധികാരി</u>

രജിസ്ട്രാറുടെ ശുപാർശയോടുകൂടി സർക്കാരിലേയ്ക്ക് അയയ്ക്കുന്നതും, സർക്കാർ അനുവദിക്കുന്നതുമാണ്

<u>മറ്റ് നിബന്ധനകൾ</u>

1. വായ്പാ തുകയ്ക്ക് ആസ്തി പണയപ്പെടുത്തണം (ഫോറം – സി)
2. ഓഹരി തുകയ്ക്ക് ഓഹരി സർട്ടിഫിക്കറ്റ്/എഗ്രിമെന്റ് (ഫോറം – ഡി)
3. സബ്സിഡി തുകയ്ക്ക് (ഫോറം ബി–യിൽ എഗ്രിമെന്റ്)

പിൻവലിക്കുന്നതിനുള്ള അനുവാദം – സഹകരണസംഘം രജിസ്ട്രാർ നൽകും

തിരിച്ചടവ്സംബന്ധിച്ച വ്യവസ്ഥ

- വായ്പാ – 12 വാർഷിക തവണ – ആദ്യതവണ തുക പിൻവലിച്ച് 1–□□ വർഷം മുതൽ
- പലിശ– കലണ്ടർ വർഷാവസാനം ബാക്കി നിൽക്കുന്ന തുകയ്ക്ക്, കാലാകാലങ്ങളിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന പലിശ നിരക്ക്.
- ഓഹരി –10 വാർഷിക തവണകളായി ആദ്യതവണ തുക പിൻവലിച്ച്3–□□ വർഷം മുതൽ.

27) പി.എ.സി.എസ്. ഒഴികെയുള്ള സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണം

ജി.ഒ(കൈ) നമ്പർ 33/2018/സഹ. തീയതി 23.08.2018

ജി.ഒ(കൈ) 20/2025/Co–Op തീയതി29.09.2025

(എ) സാമ്പത്തികസഹായം

കമ്പ്യൂട്ടറൈസേഷൻ, സാങ്കേതികവിദ്യയുടെ ഇൻസ്റ്റലേഷനും ആധുനികവൽക്കരണവും ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി സംഘങ്ങൾക്ക് സാമ്പത്തികസഹായം അനുവദിക്കുന്നു.

- പ്രാഥമിക സഹകരണസംഘങ്ങൾ (PACS ഒഴികെ): പരമാവധി 3 ലക്ഷംരൂപഅല്ലെങ്കിൽപ്രോജക്ട് കോസ്റ്റിന്റെ90% (ഏതാണോ കുറവ്). (10% തുകഗുണഭോക്തൃസംഘംവഹിക്കണം)
- അപ്പെക്സ്/ഫെഡറൽ സ്ഥാപനങ്ങൾ: പരമാവധി 10 ലക്ഷംരൂപ അല്ലെങ്കിൽ പ്രോജക്റ്റ്കോസ്റ്റിന്റെ90% (ഏതാണോകുറവ്)

ധനസഹായഅനുപാതം (വായ്പ : ഓഹരി : സബ്സിഡി): 2:1:1

നിബന്ധനകൾ

- ഒരു സംഘത്തിന് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ഒരു തവണ മാത്രമേ ലഭിക്കുകയുള്ളു.
- തിരഞ്ഞെടുക്കപ്പെടുന്ന സംഘങ്ങൾക്ക് മുഴുവൻ സമയ പെയ്ഡ് സെക്രട്ടറിയും ചീഫ് എക്സിക്യൂട്ടീവും ഭരണസമിതിയും ഉണ്ടായിരിക്കണം.

- ധനസഹായത്തിനായി അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ സമർപ്പിക്കണം.

1. ഭരണസമിതിയുടെ തീരുമാനം/പ്രമേയം
2. സാങ്കേതിക റിപ്പോർട്ട്ഉൾപ്പെടുത്തിയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട്.
3. സർക്കാരിലേക്ക് കുടിശ്ശികഒന്നുമില്ലെന്ന സർട്ടിഫിക്കറ്റ് (No Dues Certificate).
4. സംഘത്തിൽഅഴിമതിആരോപണങ്ങളോമറ്റ് തടസ്സങ്ങളോഇല്ലെന്ന് സാക്ഷ്യപ്പെടുത്തുന്നഅനുമതിപത്രം.
5. കൗണ്ടർസൈൻ ചെയ്ത ഏറ്റവും ഒടുവിലത്തെഓഡിറ്റ് സർട്ടിഫിക്കറ്റ്.

- അനുവദിക്കുന്ന തുക പിൻവലിച്ച തീയതി മുതൽ3 മാസത്തിനകം ഉപയോഗിക്കണം. (ആവശ്യമെങ്കിൽ രജിസ്ട്രാർക്ക് 3 മാസം കൂടി നീട്ടിനൽകാം).
- പദ്ധതി പ്രകാരം വാങ്ങുന്ന സാമഗ്രികൾ/ഉപകരണങ്ങൾ സർക്കാരിന്റെയോ സഹകരണ സംഘം രജിസ്ട്രാറുടെയോ അനുമതിയില്ലാതെ വിൽക്കാനോ കൈമാറ്റം ചെയ്യാനോ പാടില്ല.
- വായ്പാതുക 10 തുല്യ വാർഷിക ഗഡുക്കളായി തിരിച്ചടയ്ക്കണം (ആദ്യഗഡുവായ്പ എടുത്ത് 1-□□വർഷം തികയുമ്പോൾ).
- ഓഹരിമൂലധന തുക 11 വർഷത്തേക്ക് അനുവദിക്കുന്നതാണ് (10 തുല്യവാർഷികഗഡുക്കളായി തുക തിരികെ അടയ്ക്കണം).
- തിരിച്ചടവിൽ വീഴ്ചവരുത്തിയാൽ 2.5% പിഴപ്പലിശ ഈടാക്കുന്നതായിരിക്കും.
- തിരികെ അടവുകളിൽ വീഴ്ചവരുത്തിയാൽ അനുവദിച്ച തുകയും സബ്സിഡിയും റവന്യൂ റിക്കവറി നടപടികളിലൂടെ ഒറ്റത്തവണയായി ഈടാക്കുന്നതാണ്.
- പദ്ധതി പൂർത്തിയാക്കി 30 ദിവസത്തിനകം വായ്പ, സബ്സിഡി തുക കുറയാതെയുള്ള ഇൻഷ്വറൻസ് സംരക്ഷണം ഉറപ്പാക്കണം.

28) ലേബർകോൺട്രാക്റ്റ് സഹകരണസംഘങ്ങൾ

ജി.ഒ (ആർ.റ്റി) നമ്പർ 48/2014/സഹ. തീയതി :22.04.2014

ധനസഹായം:പരമാവധി 500000/- രൂപ ഓഹരിമൂലധനമായി നൽകുന്നു.

മാനദണ്ഡങ്ങൾ

1. കുറഞ്ഞത് 200 അംഗങ്ങൾ ഉണ്ടായിരിക്കണം.
2. ബൈലായിൽ സർക്കാർ ഓഹരിയ്ക്ക് വ്യവസ്ഥഉണ്ടായിരിക്കണം.
3. ഫുൾടൈം പെയ്ഡ് സെക്രട്ടറി ഉണ്ടായിരിക്കണം.
4. 3 ലക്ഷം രൂപയിൽ കുറയാത്ത ഓഹരിമൂലധനം ഉണ്ടായിരിക്കണം.
5. ആഡിറ്റ് ക്ലാസിഫിക്കേഷൻ എ/ബിആയിരിക്കണം.
6. 3 വർഷം കൊണ്ട് 50 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾ സംഘം ഏറ്റെടുത്തിരിക്കുകയോ കുറഞ്ഞത് 200 അംഗങ്ങൾക്ക് ജോലി നൽകുകയോ ചെയ്തിരിക്കണം.
7. ധനസഹായമായി 5 ലക്ഷം രൂപയോ അംഗങ്ങളിൽ നിന്നും പിരിഞ്ഞെടുത്ത ഓഹരിമൂലധനത്തിന്റെ മൂന്നിരട്ടിയിലധികമോ ആകാൻപാടില്ല. സംഘത്തിന് മുൻ കാലങ്ങളിൽ അനുവദിച്ച സർക്കാർ ഓഹരി മൂലധനത്തിന്റെ ബാക്കിനില്പ് കൂടി കണക്കിലെടുത്താണ് ധനസഹായം അനുവദിക്കുന്നത്.
8. ഫോറം എ-യിൽ ജില്ലാ ജോയിന്റ് രജിസ്ട്രാർ മുഖേന സഹകരണ സംഘംരജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കണം.
9. അംഗങ്ങളുടെയും സർക്കാരിന്റെയും ഓഹരികൾ തമ്മിലുള്ള അനുപാതം 1:3 ആയി നിലനിർത്തിക്കൊള്ളാമെന്നുള്ള ഭരണസമിതി തീരുമാനം ഉണ്ടായിരിക്കണം.

കൂടാതെ മിസലേനിയസ് സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന പ്രത്യേക പ്രോജക്ടുകൾക്ക് വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നതാണ്.

V) പട്ടികജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

29) പട്ടികജാതി പട്ടികവർഗ്ഗ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും പുനരുദ്ധരിക്കുന്നതിനും ഗ്രാന്റ്, ഓഹരി മൂലധനം എന്നിവയ്ക്കുള്ള സാമ്പത്തിക സഹായങ്ങൾ (ഗ്രാന്റ്, ഓഹരി മൂലധനം)

ജി.ഒ(ആർ.റ്റി) നമ്പർ 564/2011/സഹ. തീയതി : 24.10.2011

ജി.ഒ(ആർ.റ്റി) നമ്പർ 532/2014/സഹ. തീയതി : 26/09/2014

സ.ഉ (കൈ) നമ്പർ43/2018/സഹ തീയതി : 15/12/20218.

ധനസഹായം: പരമാവധി രൂപ 20,00,000/- രൂപ

സബ്സിഡി : ഓഹരി 3 : 1

- പ്രാഥമിക പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനും വികസനത്തിനുമായി സബ്സിഡി, ഓഹരി ഇനങ്ങളിലായി 3 : 1 അനുപാതത്തിൽ പരമാവധി 20,00,000/-രൂപ ധനസഹായം അനുവദിക്കുന്നു.
- ലാഭ നഷ്ടം കണക്കിലെടുക്കാതെ കുറഞ്ഞപക്ഷം 10 എസ് സി/എസ് റ്റി അംഗങ്ങൾക്ക് തുടർച്ചയായി തൊഴിൽ ലഭിക്കാവുന്ന പ്രോജക്ടായിരിക്കണം.

<u>നിബന്ധനകൾ</u>

a. മുഴുവൻ സമയ സെക്രട്ടറി/മാനേജിംഗ് ഡയറക്ടർ ഉണ്ടായിരിക്കണം.
b. സർക്കാർ കുടിശ്ശിക പാടില്ല.
c. സർക്കാർ ധനസഹായം സ്വീകരിക്കുന്നതിന് ബൈലായിൽ വ്യവസ്ഥ ഉണ്ടായിരിക്കണം.
d. സംഘം കുറഞ്ഞത് മൂന്നുവർഷം തൃപ്തികരമായി പ്രവർത്തിച്ചിരിക്കണം.
e. ആഡിറ്റ് രണ്ടുവർഷം മുമ്പുവരെ പൂർത്തിയായിരിക്കണം.
f. പ്രോജക്ട് റിപ്പോർട്ട് - അംഗീകരിച്ചിരിക്കണം.
g. സംഘം സമർപ്പിക്കുന്ന അംഗീകൃത പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ സഹായം ലഭിക്കുകയുള്ളൂ.
h. സംഘം ബൈലായിൽ, സംസ്ഥാന സർക്കാരിൽനിന്നും സാമ്പത്തിക സഹായം വാങ്ങുന്നതിനുള്ള നിബന്ധനകൾ ഉണ്ടായിരിക്കണം.
i. സംഘത്തിന് ഓഹരി മൂലധനത്തിനുള്ള അർഹത, സംഘത്തിലെ അംഗങ്ങൾ ഓഹരി മൂലധനമായി നൽകിയിട്ടുള്ള തുകയുടെ 20ഇരട്ടിവരെ ആകാവുന്നതാണ്.

j. സംഘം അഴിമതിരഹിതം ആയിരിക്കുന്നതോടൊപ്പം ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നേരിടുന്നതും ആയിരിക്കരുത്.

സഹായത്തിന് അപേക്ഷിക്കേണ്ട വിധം

1. അപേക്ഷകൾ ഫോറംഎ-യിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും അതോടൊപ്പം താഴെ ചേർത്തിരിക്കുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതുമാണ്.
2. ഭരണസമിതി തീരുമാനത്തിൽ ധനസഹായത്തിന്റെ ഉദ്ദേശ്യം, തുക എന്നിവ വ്യക്തമാക്കേണ്ടതും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വ്യവസ്ഥകളും നിർദ്ദേശങ്ങളും പാലിക്കുമെന്നുള്ള ഉറപ്പും ഉൾക്കൊള്ളുന്നതുമായിരിക്കണം
3. സംഘം പ്രവർത്തനം സംബന്ധിച്ച ഒരു ചുരുക്ക വിവരണവും, സംഘം അഴിമതിരഹിതമാണെന്നും സർക്കാരിലേയ്ക്ക് കുടിശ്ശികയൊന്നും അടയ്ക്കാനില്ലെന്നുള്ള സർട്ടിഫിക്കറ്റ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മേൽ ഒപ്പിട്ട് സമർപ്പിച്ചിരിക്കണം.
4. പ്രോജക്ട് റിപ്പോർട്ടും സംഘത്തിന്റെ അവസാന മൂന്ന് വർഷത്തെ ആഡിറ്റ് ചെയ്ത ലാഭനഷ്ട കണക്ക്, ബാലൻസ് ഷീറ്റ് എന്നിവയുടെ പകർപ്പും.

30) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള മാനേജീരിയൽ സബ്സിഡി ധനസഹായം(സബ്സിഡി)

ജി.ഒ(എം.എസ്) നം.32/2014/സഹ തീയതി : 11.02.2014

സ.ഉ(കൈ) നം.43/2018/സഹ തീയതി : 15.12.2018

സംഘങ്ങളിലെ ജീവനക്കാർക്ക് ധനസഹായം നൽകുന്നതിനായി ധനസഹായം അനുവദിക്കുന്നു.

ആദ്യ 5 വർഷം 1,20,000/-രൂപ (പ്രതിമാസം 10,000/-രൂപ നിരക്കിൽ)

അടുത്ത 3 വർഷം 1,80,000/- (സംഘം ലാഭകരമായി പ്രവർത്തിക്കുന്നുവെങ്കിൽ- പ്രതിമാസം 15,000/-രൂപ നിരക്കിൽ)

നിബന്ധനകൾ

- സംഘം കുറഞ്ഞത് 3 വർഷം തൃപ്തികരമായി പ്രവർത്തിച്ചിരിക്കണം.
- സംഘത്തിൽ കഴിഞ്ഞ 3 വർഷം മുഴുവൻ സമയ പെയ്ഡ് സെക്രട്ടറി ഉണ്ടായിരിക്കണം
- മുൻപ് ലഭ്യമായിട്ടുള്ള സർക്കാർ ധനസഹായത്തിൽ കുടിശ്ശിക ഉണ്ടാകരുത്

അപേക്ഷിക്കേണ്ട വിധം

അപേക്ഷകൾ നിശ്ചിത മാതൃകയിൽ ചുവടെ ചേർക്കുന്ന രേഖകൾ സഹിതം സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

- ധനസഹായ തുക, തുകയുടെ ആവശ്യകത എന്നിവ വ്യക്തമായി പരാമർശിച്ചുകൊണ്ടുള്ള സംഘം ഭരണസമിതി തീരുമാനം.
- മുൻപ് ലഭ്യമായിട്ടുള്ള ധനസഹായം, അനുവദിച്ച ആവശ്യത്തിലേയ്ക്കായി വിനിയോഗിച്ചിട്ടുണ്ടെന്നുള്ള ഭരണസമിതിയുടെ സാക്ഷ്യപത്രം.

31) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് കെട്ടിട പുനരുദ്ധാരണം, സംഘങ്ങളിലെ ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ജീവനക്കാർക്കും പരിശീലനവും ശിൽപശാലകളും നടത്തുന്നതിനുള്ള ധനസഹായം (സബ്സിഡി)

സ.ഉ(കൈ) നം.36/2014/സഹ തീയതി : 18.02.2014

സംഘത്തിന്റെ ഉടമസ്ഥതയിലുള്ള ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപണികൾക്കും ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കുമായി പരിശീലന പരിപാടികളും ശിൽപ്പശാലകളും സംഘടിപ്പിക്കുന്നതിന് വരുന്ന ചെലവുകൾക്കായുള്ള ധനസഹായം.

കെട്ടിട പുനരുദ്ധാരണം

- ടി പദ്ധതി പ്രകാരം അനുവദിക്കാവുന്ന പരമാവധി തുക 5,00,000/- രൂപയാണ്.
- കുറഞ്ഞത് 3 വർഷത്തെ തൃപ്തികരമായ പ്രവർത്തനമുള്ള സംഘങ്ങൾ സമർപ്പിക്കുന്ന എസ്റ്റിമേറ്റിന്റെ (അധികാരപ്പെട്ട ഉദ്യോഗസ്ഥൻ അംഗീകരിച്ചത്) അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്നു. നിലവിലുള്ള കെട്ടിടത്തിന്റെ ഘടനയിൽ മാറ്റം

വരുത്തൽ, വിപുലീകരണം അല്ലെങ്കിൽ കൂട്ടിച്ചേർക്കൽ ഉൾപ്പെടുന്നുവെങ്കിൽ എസ്റ്റിമേറ്റിനോടൊപ്പം അസിസ്റ്റന്റ് എഞ്ചിനീയറുടെ റാങ്കിൽ കുറയാത്ത ഗവൺമെന്റ് എഞ്ചിനീയർ അംഗീകരിച്ച പ്ലാനും കൂടി സമർപ്പിക്കേണ്ടതാണ്.

- 31.03.2005 നോ അതിന് മുൻപോ നിർമ്മിച്ചതും സംഘത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിന് ധനസഹായം അനുവദിക്കുന്നു

ഡറക്ടർ ബോർഡ് അംഗങ്ങൾക്കും, ജീവനക്കാർക്കും പരിശീലന പരിപാടികളും/ശിൽപശാലകളും നടത്തുന്നതിനുള്ള ധനസഹായം

- എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ അംഗീകരിച്ച സ്ഥാപനങ്ങൾ നടത്തുന്ന ശിൽപശാലകൾ,പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതിനുള്ള ചെലവ് ടി സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നതാണ്(Reimbursement).
- പരിശീലന പരിപാടിയുടെ ഭാഗമായി ഫീൽഡ് സന്ദർശനവും ഉൾപ്പെടുന്നതാണ്.

നിബന്ധനകൾ

- സംഘം അഴിമതി രഹിതമാണെന്നുള്ള ജോയിന്റ് രജിസ്ട്രാറുടെ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.
- മുൻ വർഷം വരെയുള്ള ആഡിറ്റ് പൂർത്തീകരിക്കേണ്ടതാണ്.

അപേക്ഷിക്കേണ്ട വിധം

- സർക്കാറോ, രജിസ്ട്രാറോ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വ്യവസ്ഥകളും നിബന്ധനകളും പാലിച്ചുകൊള്ളാമെന്നുള്ള സംഘം ഭരണസമിതി തീരുമാനം.
- സംഘം പ്രവർത്തനം വിലയിരുത്തിക്കൊണ്ടുള്ള അസിസ്റ്റന്റ് രജിസ്ട്രാർ(എസ്.സി/എസ്.റ്റി) യുടെ റിപ്പോർട്ട്.

32) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ധനസഹായം (സബ്സിഡി)

സ.ഉ(കൈ) നം.16/2015/സഹ തീയതി : 24.01.2015

5,00,000/- രൂപ (സബ്സിഡി. ഓഹരി അനുപാതം 7:3)

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ KGTE/മറ്റ് സർക്കാർ അംഗീകൃത ഏജൻസികളുടെ ഹ്രസ്വകാല കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ധനസഹായം.

- പദ്ധതി ചെലവിന്റെ 90 % വരെ, പരമാവധി 5,00,000/- രൂപ എന്ന പരിധിയ്ക്ക് വിധേയമായി, ഇതിൽ ഏതാണോ കുറവ് അത്രയും തുകയായി ധനസഹായം പരിമിതപ്പെടുത്തുന്നതാണ്.
- എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കോഴ്സുകൾ സൗജന്യമായി നൽകേണ്ടതും, കോഴ്സുകളിൽ 60% എസ്.സി/എസ്.റ്റി വിഭാഗങ്ങളിൽപ്പെട്ടവരും, ശേഷിക്കുന്ന 40% മറ്റ് വിഭാഗങ്ങളിൽപ്പെട്ടവരും ആയിരിക്കണം.
- മറ്റ് വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും നിശ്ചയിച്ചിട്ടുള്ള പ്രകാരം ന്യായമായ നിരക്കിൽ ഫീസ് ഈടാക്കാവുന്നതാണ്.
- ICM അല്ലെങ്കിൽ സാങ്കേതികമായി/പ്രൊഫഷണലായി യോഗ്യതയുള്ള വ്യക്തികൾ തയ്യാറാക്കി സമർപ്പിക്കുന്ന പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായ തുക നിശ്ചയിക്കുന്നതാണ്.
- പ്രോജക്ട് റിപ്പോർട്ടിൽ ഇൻസ്ട്രക്ടർമാരുടെ ശമ്പളം, കമ്പ്യൂട്ടറുകൾ,മറ്റ് അനുബന്ധ ഉപകരണങ്ങളുടെയും , ആവശ്യമായ ഫർണിച്ചറുകളുടെയും ചെലവ് എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.
- അംഗീകൃത സ്ഥാപനങ്ങളുമായോ സർക്കാർ അംഗീകൃത ഏജൻസികളുമായോ സംഘം അഫിലിയേറ്റ് ചെയ്തിരിക്കണം.
- KGTE/മറ്റ് സർക്കാർ അംഗീകൃത ഏജൻസികളുടെ സർട്ടിഫിക്കറ്റ് വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുണ്ടെന്ന് സംഘം ഉറപ്പാക്കേണ്ടതാണ്.

നിബന്ധനകൾ

- സർക്കാർ ഓഹരി ധനസഹായമായി സ്വീകരിക്കുന്നതിന് സംഘം നിയമാവലിയിൽ വ്യവസ്ഥ ഉണ്ടായിരിക്കണം.

- പെയ്ഡ് സെക്രട്ടറിയും തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയും ഉണ്ടായിരിക്കണം.
- പരിശീലന കോഴ്സ് നടത്തുന്നതിനാവശ്യമായ സ്വന്തം കെട്ടിടവും മതിയായ സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും സംഘത്തിന് ഉണ്ടായിരിക്കേണ്ടതാണ്.

അപേക്ഷിക്കേണ്ട വിധം

- ധനസഹായ തുക, തുകയുടെ ആവശ്യകത എന്നിവ വ്യക്തമായി പരാമർശിച്ചുകൊണ്ടുള്ള സംഘം ഭരണസമിതി തീരുമാനവും സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദേശങ്ങൾ പാലിച്ചുകൊള്ളാമെന്നുള്ള സാക്ഷ്യപത്രവും സമർപ്പിക്കേണ്ടതാണ്.
- സംഘം പ്രവർത്തനം വിലയിരുത്തിക്കൊണ്ടുള്ള അസിസ്റ്റന്റ് രജിസ്ട്രാർ(എസ്.സി/എസ്.റ്റി) യുടെ റിപ്പോർട്ട്, അഴിമതി രഹിത-കുടിശ്ശിക രഹിത സാക്ഷ്യപത്രം, വിശദമായ പ്രോജക്ട് റിപ്പോർട്ട്, മുൻ വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ്. ടി ധനസഹായത്തിന് അർഹമാണെന്ന് വ്യക്തമാക്കുന്ന അസിസ്റ്റന്റ് രജിസ്ട്രാർ(എസ്.സി/എസ്.റ്റി) യുടെ സാക്ഷ്യപത്രം സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

തിരിച്ചടയ്ക്കേണ്ടത്

ഓഹരി- 4-ാം വർഷം മുതൽ- 10 തുല്യ തവണകളായി

33) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള പ്രവർത്തനമൂലധന ഗ്രാന്റ്

സംഘം സ്വയം പര്യാപ്തതയിലേയ്ക്ക് എത്തിക്കുന്നതിന് ആവശ്യമായ ഭരണപരമായ ചെലവുകൾക്ക് സബ്സിഡിയായി 5,00,000/- രൂപ അനുവദിക്കുന്നു.

നിബന്ധനകൾ

- സംഘത്തിൽ മുഴുവൻ സമയ പെയ്ഡ് സെക്രട്ടറി ഉണ്ടായിരിക്കണം. സെക്രട്ടറിയുടെ നിയമനത്തിന് വകുപ്പ് അംഗീകാരം ആവശ്യമാണ്.
- സർക്കാർ ഓഹരി ധനസഹായമായി സ്വീകരിക്കുന്നതിന് സംഘം നിയമാവലിയിൽ വ്യവസ്ഥ ഉണ്ടായിരിക്കണം.

- കഴിഞ്ഞ 5 വർഷത്തെ പ്രവർത്തനം തൃപ്തികരമായിരിക്കേണ്ടതും മുൻ വർഷം വരെയുള്ള ആഡിറ്റ് പൂർത്തീകരിച്ചിരിക്കണം.
- സംഘം അഴിമതി മുക്തമായിരിക്കണം.

അപേക്ഷിക്കേണ്ട വിധം

- ധനസഹായ തുക, തുകയുടെ ആവശ്യകത എന്നിവ വ്യക്തമായി പരാമർശിച്ചുകൊണ്ടുള്ള സംഘം ഭരണസമിതി തീരുമാനം, മുൻകാലങ്ങളിൽ ലഭ്യമായിട്ടുള്ള ധനസഹായം വിനിയോഗിച്ചിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രം എന്നിവ സമർപ്പിക്കേണ്ടതാണ്.
- അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി/എസ്.റ്റി) യുടെ പ്രവർത്തന റിപ്പോർട്ട്, അഴിമതി രഹിത-കുടിശ്ശിക രഹിത സാക്ഷ്യപത്രം, ഏറ്റവും ഒടുവിലത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ്, സംഘത്തിന് ലഭ്യമായിട്ടുള്ള സർക്കാർ ധനസഹായങ്ങളുടെ വിശദാംശങ്ങൾ എന്നിവ സഹിതം ഫോറം എ യിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

34) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള ഓഹരിമൂലധനം

സ.ഉ(കൈ) നം.2/1982/എ.ഡി തീയതി : 01.01.1982
സ.ഉ(കൈ) നം.22/2015/സഹ തീയതി : 10.02.2015
4,00,000/- രൂപ

സഹകരണ സംഘം രജിസ്ട്രാർ തെരഞ്ഞെടുക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് പിരിഞ്ഞു കിട്ടിയഓഹരിമൂലധനത്തിന്റെ 50 ഇരട്ടിയോ, അല്ലെങ്കിൽ 4,00,000/- രൂപയോ ഏതാണോ കുറവ് അനുവദിക്കുന്നു.

നിബന്ധനകൾ

- സംഘത്തിൽ അംഗങ്ങളായി കുറഞ്ഞത് 100 പേർ ഉണ്ടായിരിക്കണം.
- സംഘത്തിൽ കുറഞ്ഞത് 10,000/- രൂപ പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം ഉണ്ടായിരിക്കണം

- ഓഹരി സർക്കാർ ധനസഹായമായി സ്വീകരിക്കുന്നതിന് സംഘം നിയമാവലിയിൽ വ്യവസ്ഥ ഉണ്ടായിരിക്കണം.
- വ്യക്തിഗത ഓഹരിയും സർക്കാർ ഓഹരി തുകയും തമ്മിലുള്ള അനുപാതം 1:7.5

അപേക്ഷിക്കേണ്ട വിധം

- വ്യക്തിഗത ഓഹരിയും സർക്കാർ ഓഹരി തുകയും തമ്മിൽ 1:7.5 എന്ന അനുപാതം നിലനിർത്തുന്നതാണെന്നുള്ള സാക്ഷ്യപത്രം, ധനസഹായം അനുവദിക്കുന്നതിനുള്ള സംഘം ഭരണസമിതി തീരുമാനം, എന്നിവ സഹിതം അപേക്ഷ ഫോറം എ യിൽ സമർപ്പിക്കേണ്ടതാണ്.

തിരിച്ചടയ്ക്കേണ്ടത്

- **ഓഹരി– 6 –ാം വർഷം മുതൽ 10 തുല്യ തവണകളായി**

<u>35) ലാഭത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം</u>

സ.ഉ(കൈ) നം.1/2019/സഹ തീയതി : 13.01.2019

50,00,000/– രൂപ

ലാഭത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനായി സബ്സിഡി, ഓഹരിയിനങ്ങളിലായി 3:2 അനുപാതത്തിൽ പരമാവധി 50,00,000/– രൂപ ധനസഹായം അനുവദിക്കുന്നു.

- ഏറ്റവും കുറഞ്ഞത് 50 അംഗങ്ങൾക്കെങ്കിലും തൊഴിൽ ലഭ്യമാക്കുന്നപദ്ധതികൾ നടപ്പിലാക്കുന്നതിനായി ടി ധനസഹായം അനുവദിക്കുന്നു.
- സംഘത്തിന്റെ വികസനവും വിപുലീകരണവും ഉറപ്പാക്കുന്നതും അംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതുമായ പദ്ധതികളായിരിക്കണം.

നിബന്ധനകൾ:

- സംഘത്തിൽ മുഴുവൻ സമയ പെയ്ഡ് സെക്രട്ടറി ഉണ്ടായിരിക്കണം. സെക്രട്ടറിയുടെ നിയമനത്തിന് വകുപ്പ് അംഗീകാരം ആവശ്യമാണ്.
- കഴിഞ്ഞ രണ്ട് വർഷം ലാഭത്തിൽ പ്രവർത്തിച്ചിട്ടുള്ളതായിരിക്കണം
- അഴിമതി രഹിതവും കുടിശ്ശിക രഹിതവുമായിരിക്കണം.
- സംഘം നിയമാവലിയിൽ സർക്കാർ ഓഹരി സ്വീകരിക്കുന്നതിന് വ്യവസ്ഥ ഉണ്ടായിരിക്കണം.
- അംഗങ്ങളിൽ നിന്നും പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനത്തിന്റെ 40 മടങ്ങ് വരെഓഹരി മൂലധന വിഹിതത്തിന് സംഘത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.
- സംഘം കുറഞ്ഞത് 5 വർഷത്തെ തൃപ്തികരമായ പ്രവർത്തനം പൂർത്തിയാക്കേണ്ടതും മുൻകാലത്തെ മൂന്ന് വർഷം വരെയുള്ള ആഡിറ്റ് പൂർത്തിയാക്കേണ്ടതുമാണ്.
- സ്വന്തമായി ഭൂമിയും കെട്ടിടവും ഉണ്ടായിരിക്കണം.
- അംഗങ്ങളിൽ നിന്നും കുറഞ്ഞത് 50,000/- രൂപയുടെ പിരിഞ്ഞടഞ്ഞ ഓഹരിമൂലധനം ഉണ്ടായിരിക്കണം.
- മുൻ സാമ്പത്തിക വർഷത്തെ മാർച്ച് 31 ലെ വായ്പാ കുടിശ്ശിക 25 % ൽ അധികരിക്കാൻ പാടില്ല.
- സംഘത്തിൽ കുറഞ്ഞത് 500 അംഗങ്ങൾ ഉണ്ടായിരിക്കണം.
- പദ്ധതിയുടെ പ്രായോഗികത, സാമ്പത്തിക സ്ഥിരത, ധനസഹായം തിരിച്ചടവ് ചെയ്യുന്നതിനുള്ള സംഘത്തിന്റെ സാമ്പത്തിക ശേഷി എന്നിവ പരിശോധിച്ച് പ്രൊപ്പോസൽ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ ചെയ്യേണ്ടതാണ്.

അപേക്ഷിക്കേണ്ട വിധം

അപേക്ഷകൾ ഫോറം 'എ' യിൽ ജോയിന്റ് രജിസ്ട്രാർ മുഖേന സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും അതോടൊപ്പം ചുവടെ ചേർക്കുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതുമാണ്.

- ഭരണസമിതി തീരുമാനത്തിൽ ധനസഹായത്തിന്റെ ഉദ്ദേശ്യം, തുക എന്നിവ വ്യക്തമാക്കേണ്ടതും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുമെന്ന സാക്ഷ്യപത്രം ഉൾപ്പെടുത്തേണ്ടതുമാണ്.

- സംഘത്തിന്റെ നിലവിലെ പ്രവർത്തനവും സാമ്പത്തിക സ്ഥിരതയും വിലയിരുത്തിക്കൊണ്ടുള്ള അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി/എസ്.റ്റി) യുടെ റിപ്പോർട്ട്, അഴിമതി രഹിത-കുടിശ്ശിക രഹിത സാക്ഷ്യപത്രം, കഴിഞ്ഞ 3 വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ്, ജോയിന്റ് രജിസ്ട്രാറുടെ ഫീസിബിലിറ്റി റിപ്പോർട്ട്, സംഘത്തിന് ലഭ്യമായിട്ടുള്ള ധനസഹായങ്ങളുടെ വിശദമായ സ്റ്റേറ്റ്മെന്റ്, വിശദമായ പ്രോജക്ട് റിപ്പോർട്ട്

തിരിച്ചടയ്ക്കേണ്ടത്

- **ഓഹരി- 4-ാം വർഷം മുതൽ 10 തുല്യ തവണകളായി**

<u>36) പുനർജ്ജനി പദ്ധതി</u>

സ.ഉ(സാധാ) നം.306/2022/സഹ തീയതി: 04.05.2022

സംസ്ഥാനത്തെ പ്രവർത്തന ക്ഷമമായ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയം പര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയാണ് പുനർജ്ജനി. സംഘങ്ങളിലെ അംഗങ്ങൾക്ക് സ്ഥിരമായി തൊഴിലും വരുമാനവും ഉറപ്പാക്കുന്ന തരത്തിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുകയാണ് ലക്ഷ്യം.

- കേരള സംസ്ഥാന സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളായിരിക്കും ഈ പദ്ധതിയുടെഗുണഭോക്താക്കൾ.
- ഈ പദ്ധതിയിൻ കീഴിൽ ഒരു സംഘത്തിന് ഒരു തവണ മാത്രമായിരിക്കും ധനസഹായം ലഭിക്കുക.

നിബന്ധനകൾ:

- ധനസഹായത്തിനായി പരിഗണിക്കുന്ന സംഘത്തിന് തെരഞ്ഞെടുത്ത ഭരണസമിതിയും പെയ്ഡ് സെക്രട്ടറിയും ഉണ്ടായിരിക്കണം.
- അനുവദിക്കുന്ന ധനസഹായം സംഘത്തിലെ അംഗങ്ങളുടെ അടച്ച് തീർത്ത ഓഹരിയുടെ 200 ഇരട്ടിയിലധികരിക്കാൻ പാടുള്ളതല്ല.

- സംഘം നിയമാവലിയിൽ സർക്കാർ ധനസഹായം സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉണ്ടായിരിക്കണം.
- സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള സംഘങ്ങൾ, സ്വന്തമായി സ്ഥലം ഉള്ള സംഘങ്ങൾ, സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത സംഘങ്ങൾ എന്ന ക്രമത്തിലായിരിക്കും ധനസഹായം അനുവദിക്കുന്നതിലുള്ള മുൻഗണന.
- സംഘങ്ങൾക്ക് അവ തെരഞ്ഞെടുക്കുന്ന ഉല്പാദന/സേവന മേഖലയെ അടിസ്ഥാനമാക്കി ജില്ലയിലെ അസിസ്റ്റന്റ് രജിസ്ട്രാർ(എസ്.സി/എസ്.റ്റി) സാദ്ധ്യതാ പഠനം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും ധനസഹായം അനുവദിക്കുക.
- പുനർജ്ജനി പദ്ധതിയിൽ പ്രോജക്ട് കോസ്റ്റിന്റെ 85% (35% സർക്കാർ ഓഹരിയും 50% സബ്സിഡിയും) സർക്കാർ ധനസഹായമായിരിക്കും. പ്രോജക്ട് കോസ്റ്റിന്റെ 15% സംഘം സ്വയം ചെലവഴിക്കേണ്ടതാണ്. 15% തുക ക്രെഡിറ്റ് ലിങ്ക്ഡ് ആയിരിക്കേണ്ടതാണ്.

അപേക്ഷിക്കേണ്ട വിധം

- ധനസാഹയത്തിനുള്ള അപേക്ഷ ഫാറം –എ മാതൃകയിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേന സമർപ്പിക്കേണ്ടതാണ്.
- അപേക്ഷയോടൊപ്പം സംഘം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട്, ഭരണസമിതി തീരുമാനം, അവസാനം പൂർത്തിയാക്കിയ ആഡിറ്റ് റിപ്പോർട്ട്,അസിസ്റ്റന്റ് രജിസ്ട്രാർ(എസ്.സി/എസ്.റ്റി) യുടെ സാദ്ധ്യതാ പഠന റിപ്പോർട്ട്, നിയമാവലിയുടെ പകർപ്പ്, അഴിമതി രഹിത സർട്ടിഫിക്കറ്റ് എന്നിവ താലൂക്കിലെ അസിസ്റ്റന്റ് രജിസ്ട്രാർ മുഖേന സമർപ്പിക്കേണ്ടതാണ്.

തിരിച്ചടയ്ക്കേണ്ടത്

- **ഓഹരി– 4– വർഷത്തിനു ശേഷം 10 തുല്യ തവണകളായി**

37) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള സ്പെഷ്യൽ റിവൈവൽ സ്കീം

സ.ഉ(കൈ) നം.1/2019/സഹ തീയതി : 13.01.2019
40,00,000/- രൂപ

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുജ്ജീവനത്തിനുമായി സബ്സിഡി, ഓഹരി ഇനങ്ങളിലായി 3:1 അനുപാതത്തിൽ പരമാവധി 40 ലക്ഷം രൂപ അനുവദിക്കുന്നു.

- ലാഭ-നഷ്ടം കണക്കിലെടുക്കാതെ ഏറ്റവും കുറഞ്ഞത് 40 അംഗങ്ങൾക്ക് തൊഴിൽ നൽകുന്ന പദ്ധതിക്ക് ധനസഹായം അനുവദിക്കുന്നു.
- അംഗങ്ങളുടെ വരുമാനം മെച്ചപ്പെടുപ്പെടുത്തുന്നതും സംഘത്തിന്റെ വികസനവും വിപുലീകരണവും ഉറപ്പാക്കുന്നതുമായ പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നു.

നിബന്ധനകൾ:

- സംഘത്തിൽ മുഴുവൻ സമയ പെയ്ഡ് സെക്രട്ടറി ഉണ്ടായിരിക്കണം. സെക്രട്ടറിയുടെ നിയമനത്തിന് വകുപ്പ് അംഗീകാരം ആവശ്യമാണ്.
- അഴിമതി രഹിതവും കുടിശ്ശിക രഹിതവുമായിരിക്കണം.
- സംഘം നിയമാവലിയിൽ സർക്കാർ ധനസഹായം സ്വീകരിക്കുന്നതിന് വ്യവസ്ഥ ഉണ്ടായിരിക്കണം.
- അംഗങ്ങളിൽ നിന്നും പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനത്തിന്റെ 20 മടങ്ങ് വരെഓഹരി മൂലധന വിഹിതത്തിന് സംഘത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.
- സംഘം കുറഞ്ഞത് 5 വർഷത്തെ തൃപ്തികരമായ പ്രവർത്തനം പൂർത്തിയാക്കേണ്ടതും മുൻകാലത്തെ മൂന്ന് വർഷം വരെയുള്ള ആഡിറ്റ് പൂർത്തിയാക്കേണ്ടതുമാണ്.
- സ്വന്തമായി ഭൂമിയും കെട്ടിടവും ഉണ്ടായിരിക്കണം.
- അംഗങ്ങളിൽ നിന്നും കുറഞ്ഞത് 50,000/- രൂപയുടെ പിരിഞ്ഞടഞ്ഞ ഓഹരിമൂലധനം ഉണ്ടായിരിക്കണം.
- മുൻ സാമ്പത്തിക വർഷത്തെ മാർച്ച് 31 ലെ വായ്പാ കുടിശ്ശിക 40 % ൽ അധികരിക്കാൻ പാടില്ല.
- സംഘത്തിൽ കുറഞ്ഞത് 500 അംഗങ്ങൾ ഉണ്ടായിരിക്കണം.

- പദ്ധതിയുടെ പ്രായോഗികത, സാമ്പത്തിക സ്ഥിരത, ധനസഹായം തിരിച്ചടവ് ചെയ്യുന്നതിനുള്ള സംഘത്തിന്റെ സാമ്പത്തിക ശേഷി എന്നിവ പരിശോധിച്ച് പ്രൊപ്പോസൽ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ ചെയ്യേണ്ടതാണ്.

അപേക്ഷിക്കേണ്ട വിധം

- അപേക്ഷകൾ ഫോറം 'എ' യിൽ ജോയിന്റ് രജിസ്ട്രാർ മുഖേന സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും അതോടൊപ്പം ചുവടെ ചേർക്കുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതുമാണ്.
- ഭരണസമിതി തീരുമാനത്തിൽ ധനസഹായത്തിന്റെ ഉദ്ദേശ്യം, തുക എന്നിവ വ്യക്തമാക്കേണ്ടതും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുമെന്ന സാക്ഷ്യപത്രവും.
- സംഘത്തിന്റെ നിലവിലെ പ്രവർത്തനവും സാമ്പത്തിക സ്ഥിരതയും വിലയിരുത്തിക്കൊണ്ടുള്ള അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി/എസ്.റ്റി) യുടെ റിപ്പോർട്ട്, അഴിമതി രഹിത-കുടിശ്ശിക രഹിത സാക്ഷ്യപത്രം, കഴിഞ്ഞ 3 വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ്, ജോയിന്റ് രജിസ്ട്രാറുടെ ഫീസിബിലിറ്റി റിപ്പോർട്ട്, സംഘത്തിന് ലഭ്യമായിട്ടുള്ള ധനസഹായങ്ങളുടെ വിശദമായ സ്റ്റേറ്റ്മെന്റ്.

തിരിച്ചടയ്ക്കേണ്ടത് : ഓഹരി- 4-ാം വർഷം മുതൽ 10 തുല്യ തവണകളായി

<u>38) കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനുള്ള ധനസഹായം</u>

സ.ഉ(കൈ) നം.28/2014/സഹ തീയതി : 30.01.2014

സ.ഉ(സാധാ) നം.221/2022/സഹ തീയതി : 29.03.2022

- കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ്

ആനുകൂല്യങ്ങളും നൽകുന്നതിന് സബ്സിഡിയിനത്തിൽ 50.00 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു.

അപേക്ഷിക്കേണ്ട വിധം

- ധനസഹായത്തിനുള്ള അപേക്ഷകൾ ഫോറം 'എ' യിൽ ജോയിന്റ് രജിസ്ട്രാർ മുഖേന സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും അതോടൊപ്പം ചുവടെ ചേർക്കുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതുമാണ്.
- ഫെഡറേഷൻ ഭരണസമിതി തീരുമാനം, ചെലവിന്റെ എസ്റ്റിമേറ്റ്, പ്രോജക്ട് റിപ്പോർട്ട്, ഏറ്റവും പുതിയ ആഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ്, ലാഭ-നഷ്ട കണക്ക് എന്നിവയുടെ പകർപ്പ്, അസിസ്റ്റന്റ് രജിസ്ട്രാർ(എസ്.സി/എസ്.റ്റി) യുടെ വിശദമായ റിപ്പോർട്ട്.

കൂടാതെ കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ പ്രത്യേക പ്രോജക്ടുകൾക്ക് വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നതാണ്.

<u>VI) സഹകരണ സ്ഥാപനങ്ങളുടെ വികസനത്തിനും പ്രവർത്തന വൈവിദ്ധ്യവൽക്കരണത്തിനുമുള്ള ധനസഹായം</u>

39) സഹകരണ സ്ഥാപനങ്ങളുടെ വികസനത്തിനും പ്രവർത്തന വൈവിദ്ധ്യവൽക്കരണത്തിനുമുള്ള ധനസഹായം

ജി.ഒ.(എം.എസ്)7/2001/സഹ. തീയതി 12.01.2001

a. എല്ലാത്തരം സഹകരണ സംഘങ്ങൾക്കും ഈ പദ്ധതി പ്രകാരം ധനസഹായത്തിന് അർഹതയുണ്ട്.
b. വൻകിട വാണിജ്യ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന സഹകരണ സംഘങ്ങൾക്ക് സഹായം നൽകുന്ന പദ്ധതി.

c. വൻകിട വൈവിദ്ധ്യവൽക്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പദ്ധതിയുടെ 50% തുക ചുവടെ പരാമർശിക്കുന്ന അനുപാതത്തിൽ നൽകും.

സബ്സിഡി	–	10%
ഓഹരി	–	20%
വായ്പ	–	20%

d. ഓഹരി വാങ്ങുന്നതിന് ബൈലാ വ്യവസ്ഥ ഉണ്ടായിരിക്കണം
e. സംഘം വയബിൾ ആയിരിക്കണം – വൈവിദ്ധ്യവൽക്കരണത്തിന് പ്രാപ്തമായിരിക്കണം.
f. സ്വയം പ്രവർത്തനം തൃപ്തികരമായിരിക്കണം. 3 വർഷം സ്ഥിരമായബിസിനസ്സ് ഓപ്പറേറ്റർ ഉണ്ടായിരിക്കണം.
g. സുസ്ഥിര സാമ്പത്തിക സ്ഥിതി ഉണ്ടായിരിക്കണം.
h. തൊട്ട് മുൻ വർഷത്തെ ബാലൻസ് ഷീറ്റും, തൻവർഷത്തെ താൽക്കാലിക സാക്ഷ്യപത്രം ഉള്ളടക്കം ചെയ്യണം.
i. അഴിമതി രഹിതമായിരിക്കണം.
j. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഉണ്ടായിരിക്കണം.
k. അംഗങ്ങൾക്ക് പ്രയോജനകരമായ പ്രോജക്ടുകൾ ആയിരിക്കണം ഏറ്റെടുക്കേണ്ടത്.
l. സംഘത്തിന് ആസ്തി ആർജ്ജിക്കുന്നതിനുള്ള പ്രോജക്ടുകൾ ആയിരിക്കണം സമർപ്പിക്കേണ്ടത്.

<u>തിരിച്ചടവ്സംബന്ധിച്ച വ്യവസ്ഥ</u>

- വായ്പ – പിൻവലിച്ച തീയതി മുതൽ3 വർഷം കഴിഞ്ഞ്10 വാർഷിക തുല്യ തവണകളായി
- ഓഹരി – 3–□□വർഷം മുതൽ 6 തുല്യ തവണകളായി

40. <u>ദുർബലവും എന്നാൽ ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി</u>

ജി.ഒ.(എം.എസ്)47/95/സഹ. തീയതി 13.03.1995

ജി.ഒ.(എം.എസ്) 180/2011/സഹ. തീയതി 22.11.2011

a. എല്ലാത്തരം സഹകരണ സംഘങ്ങൾക്കും ഈ പദ്ധതി പ്രകാരം ധനസഹായത്തിന് അർഹതയുണ്ട്.
b. സംഘത്തിന്റെ അറ്റനഷ്ടം, സ്വന്തം ഫണ്ടിനേക്കാൾ അധികരിയ്ക്കരുത്.
c. സംഘത്തിന് കുറഞ്ഞത് 10 വർഷത്തെ പ്രവർത്തന പരിചയം ഉണ്ടായിരിക്കണം.

ധനസഹായം

നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടിന്റെ 65 % പദ്ധതി വിഹിതമായി സർക്കാർനൽകും

ഓഹരി – 20%

വായ്പ – 25%

സബ്സിഡി – 20% എന്ന അനുപാതത്തിൽ നൽകും

41) പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ.

ജി.ഒ.(എം.എസ്) 11/85/എ.ഡി. തീയതി 17.1.1985

ജി.ഒ.(എം.എസ്)40/99/സഹ. തീയതി 26.02.1999

a. ബൈലായിൽ സർക്കാർ ഓഹരിയെടുക്കുന്നതിന് വ്യവസ്ഥയുണ്ടാകണം.
b. കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്തിരിക്കണം.
c. അപേക്ഷ നിർദ്ദിഷ്ട ഫോറത്തിൽ (ഫോറം എ) സമർപ്പിക്കണം.
d. ഭരണസമിതി തീരുമാനം.
e. അംഗങ്ങളും സർക്കാരും തമ്മിലുള്ള ഓഹരി അനുപാതം 1:4 ആയി നിലനിർത്തണമെന്നുള്ള തീരുമാനം.

അനുവദനീയ തുക

വ്യക്തിഗത അംഗങ്ങളുടെ ഓഹരി തുകയുടെ 4 ഇരട്ടി പരമാവധി 10 ലക്ഷം രൂപ

തിരിച്ചടവ്സംബന്ധിച്ച വ്യവസ്ഥ

- തുക പിൻവലിച്ച തീയതിയുടെ 6-□□ വാർഷികം മുതൽ 15 വർഷം കൊണ്ട്

  10 വാർഷിക തുല്യവണകളായി

42) സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ വകുപ്പിന്റെ നൂതന പദ്ധതി [Co-operative Initiative in Technology driven Agriculture (CITA)]

സ.ഉ.(കൈ) നം 9/2026/സഹ തീയതി - 26.02.2026

സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷിക മേഖലയുടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സംയോജനം, സംഭരണം, മൂല്യവർദ്ധന, വിപണനം എന്നിവയാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഉൽപ്പാദനത്തിലും, സംഭരണത്തിലും, വിപണനത്തിലുമുള്ള ഇടപെടലിനൊപ്പം കൃഷി ചെയ്യുന്നതു മുതൽ വിപണനം നടത്തുന്നതുവരെയുള്ള എല്ലാ പ്രവർത്തികളെയും പരിപോക്ഷിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

ഈ പദ്ധതി ഈ മേഖലയിൽ 5 വർഷത്തെ ലാഭകരമായ പ്രവർത്തന പരിചയം ഉള്ളതും, കൃത്യമായ പിരിയോഡിക്ക് ക്യാഷ് ഫ്ലോ ഉള്ള പ്രായോഗികമായി നടപ്പിലാക്കാവുന്ന പദ്ധതികൾ മുന്നോട്ടു വയ്ക്കാൻ കഴിയുന്നതുമായ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/മറ്റ് സഹകരണ സംഘങ്ങൾ/ഫാർമർ കളക്ടീവ് ഓർഗനൈസേഷനുകൾ എന്നിവ വഴിയാണ് നടപ്പിലാക്കുന്നത്. സംസ്ഥാനതലപ്രോജക്ട് സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് പദ്ധതികൾതിരഞ്ഞെടുക്കുന്നത്.

CITA പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ പറയുന്ന ഘടകങ്ങൾക്ക് കൂടി ധനസഹായം അനുവദിക്കുന്നു.

- കാർഷിക ഉത്പാദനത്തിന് മുൻപും ഉത്പാദന സമയത്തുമുള്ള സഹായങ്ങൾ
- സംഭരണം,സംസ്കരണം,വിപണനം - ഗ്രാമീൺ മാർക്കറ്റ്

- മൂല്യവർദ്ധനയ്ക്കായുള്ള സഹകരണ സംരംഭകത്വവും സ്റ്റാർട്ടപ്പുകളും – ഹോർട്ടികൾച്ചർ ഹബ്ബ്
- കർഷക സേവന കേന്ദ്രങ്ങളുടെ (FSC) രൂപീകരണവും സഹായവും

നിബന്ധനകൾ

1. പ്രാഥമിക സഹകരണസംഘങ്ങൾക്ക് തങ്ങളുടെ സേവന മേഖലയുടെ (കർഷക സേവന കേന്ദ്രം/ഗ്രൂപ്പുകൾ) കീഴിൽ 300 ഏക്കറിൽ കുറയാത്ത കൃഷി ഉണ്ടായിരിക്കണം.
2. 200 ഏക്കറിൽ ഹ്രസ്വകാല കാർഷിക വിളകളും 100 ഏക്കറിൽ പഴങ്ങൾ ഉൾപ്പെടെയുള്ള ദീർഘകാല കാർഷിക വിളകളും കൃഷിചെയ്യണം.
3. ഓരോ സംഘങ്ങളും കുറഞ്ഞത് 50 സ്വയം സഹായ സംഘം /ഗ്രൂപ്പുകളുടെ പങ്കാളിത്തം ഉറപ്പാക്കണം.
4. ഓരോ സ്വയം സഹായ സംഘത്തിനും, ഈ പദ്ധതിയ്ക്ക് നേതൃത്വം നൽകാൻ ഒരു പ്രതിനിധി ഉണ്ടായിരിക്കണം.
5. ഈ പദ്ധതിയിൽ കിസാൻ ക്രെഡിറ്റ് കാർഡ് സ്കീമിന് (കെ.സി.സി) കീഴിൽ വരുന്ന എല്ലാ കർഷകരെയും സാങ്കേതിക സഹായത്തോടെ പ്രാഥമിക സഹകരണ സംഘങ്ങളിൽ അഥവാ മറ്റ് സഹകരണ സംഘങ്ങൾ ഉൾപ്പെടുത്തണം.

ധനസഹായം

നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടിന്റെ 90% തുക പദ്ധതി വിഹിതമായി ചുവടെ പരാമർശിക്കുന്ന അനുപാതത്തിൽ സർക്കാർ നൽകും. ബാക്കി 10% തുക സംഘം സ്വന്തം ഫണ്ടിൽ നിന്നും കണ്ടെത്തണം.

സബ്സിഡി – 10%

ഓഹരി – 30%

വായ്പ – 50%

അപേക്ഷയോടൊപ്പം

1. വിശദമായ പ്രോജക്ട് റിപ്പോർട്ട്
2. ധനസഹായത്തിന് അപേക്ഷിച്ചുകൊണ്ടും, ധനസഹായത്തിന് നിലവിലുള്ളതും കാലാകാലങ്ങളിൽ ഏർപ്പെടുത്തുന്നതുമായ നിബന്ധനകൾ അംഗീകരിച്ചു കൊള്ളാമെന്നും,അപേക്ഷയും അനുബന്ധരേഖകളും ഒപ്പ് വയ്ക്കുന്നതിന് ഭരണസമിതി അംഗങ്ങളെ ചുമതലപ്പെടുത്തിക്കൊണ്ടുള്ളതുമായ ഭരണസമിതി തീരുമാനങ്ങൾ

3. അഴിമതി രഹിത കുടിശ്ശിക രഹിത സർട്ടിഫിക്കറ്റ് (ജോയിന്റ് രജിസ്ട്രാർ കൗണ്ടർസൈൻ ചെയ്തത്)
4. ഏറ്റവും അവസാനത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ്
5. മുഴുവൻ സമയ സെക്രട്ടറി ഉണ്ടായിരിക്കണം
6. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഉണ്ടായിരിക്കണം
7. റൂൾ, എഗ്രിമെന്റ് എന്നിവയുടെ പകർപ്പ് (ജോയിന്റ് രജിസ്ട്രാർ കൗണ്ടർസൈൻ ചെയ്തത്)
8. വായ്പാ വിഹിതത്തിനുള്ള ഈട് സംബന്ധിച്ച വിവരം
9. പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും, സർക്കാർ ധനസഹായം സ്വീകരിക്കുന്നതിനും സംഘം നിയമാവലിയിൽ വ്യവസ്ഥ ഉണ്ടായിരിക്കണം

<u>തിരിച്ചടവ്</u>

വായ്പ – 10 തുല്യ വാർഷിക തവണകൾ – സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന

പലിശ സഹിതം (ആദ്യത്തെ തവണ– ട്രഷറിയിൽ നിന്നും തുക മാറിയ തീയതി മുതൽ 3 വർഷം

പൂർത്തിയാകുന്നതിന്റെ അടുത്ത തീയതി മുതൽ)

ഓഹരി – 10 തുല്യ വാർഷിക തവണകൾ (ആദ്യത്തെ തവണ– ട്രഷറിയിൽ നിന്നും തുക മാറിയ തീയതി മുതൽ

3 വർഷം പൂർത്തിയാകുന്നതിന്റെ അടുത്ത തീയതി മുതൽ)

ഡിവിഡന്റ് – പൊതുയോഗം ഡിവിഡന്റ് പ്രഖ്യാപിച്ച് ഒരു മാസത്തിനുള്ളിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

43. **<u>ആർ.ഐ.ഡി.എഫ് (നബാർഡ് പദ്ധതി</u>**

a. സഹകരണസംഘം രജിസ്ട്രാർ തെരഞ്ഞെടുക്കുന്ന സംഘങ്ങൾക്ക് പ്രോജക്ടിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നത്.
b. നബാർഡിന്റെ പോളിസിയും, സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ ധനസഹായം അനുവദിക്കുന്നത്.
c. പ്രോജക്റ്റ് കോസ്റ്റിന്റെ 20 % മൊബിലൈസേഷൻ അഡ്വാൻസ് ആയി നൽകുന്നു. പ്രോജക്റ്റ് ഘട്ടം ഘട്ടമായി പൂർത്തിയാക്കി പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറക്ക് മാത്രമേ ബാക്കി തുക അനുവദിക്കുകയുള്ളൂ.

d. മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ പ്രോജക്റ്റ് ആരംഭിക്കാത്ത പക്ഷം ഇത് നോൺ സ്റ്റാർട്ടർ പ്രൊജക്റ്റ് ആയി മാറ്റുന്നതും ടി തുക പലിശയും പിഴപലിശയും ചേർന്ന് മടക്കി അടക്കേണ്ടതുമാണ്.

സുതാര്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും സംഘങ്ങളെ തെരഞ്ഞെടുക്കുന്നത്.

44) 100% ഊർജ്ജ സ്വയംപര്യാപ്ത ഗ്രാമങ്ങൾ

സഹകരണ സംഘങ്ങളിൽ പുനരുപയോഗ ഊർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും, പരമ്പരാഗത ഊർജ്ജ സ്ത്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനും, പരിസ്ഥിതി സുസ്ഥിരതയ്ക്ക് സംഭാവന നൽകുന്നതിനുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

പദ്ധതിയുടെ ഭാഗമായി 1,000 ചതുരശ്ര അടിയിലധികം വിസ്തീർണമുള്ള കെട്ടിടങ്ങൾ സ്വന്തമായുള്ള സഹകരണ സംഘങ്ങൾക്ക് നിർബന്ധിത റൂഫ്ടോപ്പ് സൗരോർജ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി ധനസഹായം നൽകുന്നതാണ്. താഴെപ്പറയുന്ന രീതിയിൽ വായ്പ, ഓഹരി മൂലധന വിഹിതം, സബ്സിഡി എന്നിവ സംയോജിപ്പിച്ചായിരിക്കും സഹായം ലഭ്യമാക്കുക.

വായ്പാ ധനസഹായം –50%

ഓഹരി മൂലധന വിഹിതം 15%

സബ്സിഡി –25%

ഗുണഭോക്തൃ വിഹിതം – 10%

45) സഹകരണ ഉൽപ്പന്നങ്ങളുടെ ഉത്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം

ഉൽപ്പന്നങ്ങളുടെ, പ്രത്യേകിച്ച് സഹകരണ ഉത്പന്നങ്ങളുടെ സംഭരണം, ഉത്പാദനം, സംസ്കരണം, തരംതിരിക്കൽ, ഗ്രേഡിംഗ്, വിപണനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി.

7. സഹകരണ ഉൽപന്നങ്ങളുടെ വിപണനം, പുതിയ ഔട്ട്ലെറ്റുകൾ സ്ഥാപിക്കൽ, നിലവിലുള്ള ഔട്ട്ലെറ്റുകളുടെ ആധുനികവൽക്കരണം എന്നിവക്കായി പ്രാഥമിക സംഘങ്ങൾക്കുള്ള സഹായം.
8. സഹകരണ ഉൽപ്പന്നങ്ങളുടെ കയറ്റുമതി പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം.
9. കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ്ഫെഡറേഷന്റെ വിപണന പ്രവർത്തനങ്ങളുടെ ആധുനികവൽക്കരണത്തിന് സാമ്പത്തിക സഹായം.
10. പുതിയതും നിലവിലുള്ളതുമായ 'കോപ്പ് മാർട്ട്' ഔട്ട്ലെറ്റുകൾക്ക്' സഹായം നൽകും.
11. കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്നതിനും അരി ബ്രാൻഡ്ചെയ്യുന്നതിനും ഓപ്പൺമാർക്കറ്റ്/സിവിൽസപ്ലൈസ് വഴി വിപണനം ചെയ്യുന്നതിനുമുള്ള സഹായം.
12. കോ-ഓപ്പറേറ്റീവ്എക്സ്പോർട്ട്പ്രൊമോഷൻ കൗൺസിലിൻറെ രൂപീകരണത്തിനും പ്രോത്സാഹനത്തിനുമുള്ള സഹായം.
13. സഹകരണബ്രാന്റിന്റെ പരസ്യത്തിനുള്ള സഹായം.
14. '**അങ്ങാടികേരള**' ആപ്പ് വികസിപ്പിക്കുന്നതിനുള്ള സഹായം -സഹകരണമേഖലയിലെ കാർഷികഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള ഓൺലൈൻമൊബൈൽ ആപ്ലിക്കേഷനായ **അങ്ങാടികേരളആപ്പ്** വികസിപ്പിക്കുന്നതിന്സഹായം നൽകും. ഈ സൗകര്യം ഉപഭോക്താവ് നൽകുന്നതുകയിൽ ഉൽപ്പാദകന്റെ വിഹിതം വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നു.

46) മാർക്കറ്റ്ഫെഡ്, അഫിലിയേറ്റഡ് സഹകരണ സംഘങ്ങൾ, എഫ്.പി.ഒ. ശൃംഖല എന്നിവയുടെ ശക്തിപ്പെടുത്തൽ

പദ്ധതിയുടെ ഘടകങ്ങൾ

A. അടിസ്ഥാനസൗകര്യ വികസനവും ആസ്തി സൃഷ്ടിയും.

- തന്ത്രപ്രധാന കേന്ദ്രങ്ങളിൽ വെയർഹൗസുകളും ശീതസംഭരണ കേന്ദ്രങ്ങളും നിർമ്മിക്കുക.
- സംഭരണം, സമാഹരണം. ഗ്രേഡിംഗ്, വിതരണം എന്നിവയ്ക്ക് പിന്തുണ നൽകുന്ന ആധുനിക വിപണന അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുക.
- നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങൾ നവീകരിക്കുകയും ആധുനിക വൽക്കരിക്കുകയും ചെയ്യുക.
- മാർക്കറ്റ് ഫെഡിന്റെ ഭൂമിയിൽ വാണിജ്യ സമുച്ചയങ്ങളും മറ്റ് കെട്ടിടങ്ങളും വികസിപ്പിച്ച് സ്ഥിര വരുമാന സ്രോതസ്സുകൾ സൃഷ്ടിക്കുക.
- ടൂറിസവുമായി ബന്ധിപ്പിച്ച സംരംഭങ്ങൾക്കായി അർദ്ധസ്ഥിര ഘടനകളും അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുക.

B. അഫിലിയേറ്റഡ് സഹകരണ സംഘങ്ങളുടെ ശക്തിപ്പെടുത്തൽ.

- ഓഹരി മൂലധന വിഹിതം, വായ്പ, സബ്സിഡി എന്നിവയുടെ രൂപത്തിൽ ധനസഹായം നൽകുക.
- സഹകരണ വിപണന സംഘങ്ങൾ, സംഭരണ കേന്ദ്രങ്ങൾ, വിൽപ്പനശാലകൾ എന്നിവ നവീകരിക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്യുക.
- സംഭരണം, വെയർഹൗസിംഗ്, ഗ്രേഡിംഗ്, പാക്കേജിംഗ്, മൂല്യവർധന സൗകര്യങ്ങൾ വികസിപ്പിക്കുക
- സംഭരണം, സമാഹരണം, വിപണന അടിസ്ഥാനസൗകര്യ വികസനം എന്നിവയ്ക്ക് പിന്തുണ നൽകുക.
- സംഭരണ–വിപണന പ്രവർത്തനങ്ങൾക്കായി പ്രവർത്തന മൂലധന സഹായം നൽകുക.

C. ഡിജിറ്റലൈസേഷനും സ്ഥാപന ശാക്തീകരണവും

- ഡിജിറ്റലൈസേഷൻ, കമ്പ്യൂട്ടറൈസേഷൻ, ആധുനിക മാനേജ്മെന്റ് സംവിധാനങ്ങൾ എന്നിവ നടപ്പിലാക്കുക.
- ജീവനക്കാർ, അംഗങ്ങൾ, തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ എന്നിവർക്ക് ശേഷി വികസനവും പരിശീലന പരിപാടികളും സംഘടിപ്പിക്കുക.
- ബ്രാൻഡിംഗ്, വിപണി ബന്ധങ്ങൾ, ബിസിനസ് വികസന പ്രവർത്തനങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുക.
- കർഷകസൗഹൃദവും സുസ്ഥിരവുമായ വിപണന രീതികൾ സ്വീകരിക്കുന്നതിന് പിന്തുണ നൽകുക.

D. കർഷക ഉൽപ്പാദക സംഘടനകൾക്കുള്ള (എഫ്.പി.ഒ കൾ) പിന്തുണ.

- സി.ബി.ബി.ഒ ചട്ടക്കൂടിന് കീഴിൽ മാർക്കറ്റ്ഫെഡ് പ്രോത്സാഹിപ്പിച്ച 15 എഫ്.പി.ഒ.കളെ ശക്തിപ്പെടുത്തുകയും വ്യാപിപ്പിക്കുകയും ചെയ്യുക.
- ബിസിനസ് വികസനം. ഉൽപ്പന്ന സമാഹരണം, കൂട്ടായ വിപണനം എന്നിവയ്ക്കായി സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ നൽകുക.
- കാർഷിക ഇൻപുട്ടുകൾ, വായ്പ, സംഭരണ സൗകര്യങ്ങൾ, വിപണികൾ എന്നിവയിലേക്കുള്ള പ്രവേശനം സുഗമമാക്കുക.
- എഫ്.പി.ഒ.കളിലൂടെ മൂല്യവർദ്ധനവും ഏകീകൃത വിതരണ ശൃംഖല വികസനവും പ്രോത്സാഹിപ്പിക്കുക.

47) സഹകരണ മേഖലയിൽ PCP (പൊതു സഹകരണ പങ്കാളിത്തം) മാതൃകയിലുള്ള പ്രോജക്ടുകൾ ആരംഭിക്കുന്നതിനുള്ള ധനസഹായം

പൊതുമേഖലാ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും സംയുക്തമായി അടിസ്ഥാന സൗകര്യങ്ങൾ, പൊതുസേവനങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ എന്നിവ ജനങ്ങൾക്ക് ലഭ്യമാക്കുന്ന വികസന മാതൃകയാണ് പബ്ലിക് കോ-ഓപ്പറേറ്റീവ് പാർട്ണർഷിപ്പ് (പി.സി.പി) മാതൃക. സർക്കാർ പിന്തുണയും സഹകരണ

സ്ഥാപനങ്ങളുടെ പങ്കാളിത്തവും ഏകോപിപ്പിച്ച് പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നു. പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

- ആസ്തി വികസനം
- പൊതുസേവനങ്ങളുടെ മെച്ചപ്പെടുത്തൽ
- തൊഴിലവസര സൃഷ്ടി.
- സഹകരണ സ്ഥാപനങ്ങളുടെ ശാക്തീകരണം
- സമഗ്ര വികസന പ്രോത്സാഹനം

ഈ മാതൃകയിൽ സർക്കാർ ധനസഹായം, ഭൂമി, നയപരമായ പിന്തുണ, സാങ്കേതിക മാർഗനിർദേശം എന്നിവ നൽകുമ്പോൾ, സഹകരണ സ്ഥാപനങ്ങൾ സാമ്പത്തിക നിക്ഷേപം, പദ്ധതി ആസൂത്രണം നടപ്പാക്കൽ, മാനേജ്മെന്റ് എന്നിവയിൽ പങ്കാളികളാകുന്നു.

ആരോഗ്യം, ടൂറിസം, വിപണനം, അടിസ്ഥാന സൗകര്യ വികസനം, സ്റ്റാർട്ടപ്പുകൾ തുടങ്ങിയ മേഖലകളിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി നിലവിലുള്ള പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പ് (പി.പി.പി.) മാതൃകകളും പ്രയോജനപ്പെടുത്താവുന്നതാണ്.

പൊതു വിഭവങ്ങളെയും സഹകരണ പ്രസ്ഥാനത്തെയും ഏകോപിപ്പിക്കുന്നതിലൂടെ സാമ്പത്തിക വളർച്ചയും സാമൂഹിക ക്ഷേമവും പ്രോത്സാഹിപ്പിക്കുകയും അതിന്റെ പ്രയോജനങ്ങൾ സാധാരണ ജനങ്ങളിലെത്തിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതികൾ സഹകരണ സംഘങ്ങൾ വഴിയോ സഹകരണ സംഘങ്ങളുടെ കൺസോർഷ്യങ്ങൾ വഴിയോ നടപ്പിലാക്കുന്നതാണ്.

<u>എൻ.സി.ഡി.സി. പദ്ധതികൾ</u>

1. **<u>കാർഷിക സംസ്ക്കരണ പ്രവർത്തനങ്ങൾക്കുള്ള എൻ.സി.ഡി.സി. ധനസഹായം</u>**

ജി.ഒ.(ആർ.റ്റി)804/2010/സഹ തീയതി 27.12.2010

കുറഞ്ഞത് 100 അംഗങ്ങളും കാർഷിക സംസ്ക്കരണത്തിന് ബൈലായിൽ വ്യവസ്ഥയും, പശ്ചാത്തല സൗകര്യവും, സ്വന്തമായി സ്ഥലവുമുള്ള എല്ലാതരം സഹകരണ സംഘങ്ങൾക്കും കാർഷിക സംസ്ക്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ പുനരുദ്ധരിക്കുന്നതിന് ധനസഹായം ലഭിക്കും.

<u>ധനസഹായം</u>

പ്രോജക്ടിന്റെ – 50% വായ്പ എൻ.സി.ഡി.സി. നൽകും

40% സംസ്ഥാന ഗവൺമെന്റ് നൽകും – ടി 40 %–ൽ

30% സംസ്ഥാന ഗവൺമെന്റ് ഓഹരിയായും,

10 % സബ്സിഡിയായും നൽകും,

10% – സംഘം വിഹിതം

a. നിർദ്ദിഷ്ട ഫോറത്തിൽ (ഫാറം A) ചുവടെ ചേർക്കുന്ന രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കണം.
b. പ്രോജക്ട് റിപ്പോർട്ട്
c. സാമ്പത്തിക സഹായത്തിന് അപേക്ഷിച്ചുകൊണ്ടും ചട്ടങ്ങൾ പാലിച്ചു കൊള്ളാമെന്നും ധനസഹായം സ്വീകരിക്കുന്നതിനും എഗ്രിമെന്റുകൾ എക്സിക്യൂട്ടീവ് ചെയ്യുന്നതിനുള്ള വ്യക്തികളെ ചുമതലപ്പെടുത്തുന്നതി നുമുള്ള ഭരണസമിതി തീരുമാനങ്ങൾ.
d. കുടിശ്ശിക രഹിത – അഴിമതി രഹിത സർട്ടിഫിക്കറ്റുകൾ.
e. ഏറ്റവും ഒടുവിലത്തെ ആഡിറ്റഡ് ബാലൻസ് ഷീറ്റും താൽക്കാലിക സാമ്പത്തിക സ്റ്റേറ്റ്മെന്റുകളും.
f. അംഗങ്ങളും സർക്കാരും തമ്മിലുള്ള ഓഹരി അനുപാതം 1:20 ആയിരിക്കണം
g. പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം കുറഞ്ഞത് 100000 ഉണ്ടായിരിക്കണം.
h. പോസിറ്റീവ് നെറ്റ് വർത്ത് ഉണ്ടായിരിക്കണം. വായ്പ 2 തവണയായി മാത്രമേ ലഭിക്കുകയുള്ളൂ.

ആകെ വായ്പ തുകയുടെ 50 % –ൽ അധികരിക്കാത്ത തുക ആദ്യ തവണ നൽകും.

സംഘത്തിന് സ്വന്തമായി സ്ഥലം ഉണ്ടായിരിക്കുകയും, സംഘത്തിന്റെ വിഹിതമായി ചെലവഴിക്കേണ്ട തുകയുടെ 50% ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുമ്പോൾ ആദ്യതവണ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്തതിനും ശേഷം 2–□□ തവണ നൽകും.

തിരിച്ചടവ്

1. വായ്പ10 വർഷം കൊണ്ട് തുല്യതവണകളായി അടയ്ക്കണം (ആദ്യ തവണ 2–□□ വർഷം മുതൽ)
2. ഓഹരി 10 വർഷം കൊണ്ട് തുല്യതവണകളായി അടയ്ക്കണം (ആദ്യ തവണ 3–□□വർഷം മുതൽ)

2. മാർക്കറ്റിംഗ് സംഘങ്ങൾ/പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മറ്റ് സഹകരണ സംഘങ്ങൾക്ക് ഫാർമേഴ്സ് സർവ്വീസ് സെന്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള എൻ.സി.ഡി.സി. ധനസഹായം

ജി.ഒ.(എം.എസ്) 192/2000/എ.ഡി തീയതി 6.6.2000

മാർജിൻ മണി ധനസഹായം – ഓഹരിയായി അനുവദിക്കുന്നു

1. ഫാറം 'A'യിൽ അപേക്ഷ സമർപ്പിക്കണം.
2. ഭരണസമിതി തീരുമാനം ഉണ്ടായിരിക്കണം. ആയതിൽ ധനസഹായത്തിന്റെ ആവശ്യകതയും, തുകയും, വിവരങ്ങളും കാലാകാലങ്ങളിൽ രജിസ്ട്രാർ/സർക്കാർ പുറപ്പെടുവിക്കുന്ന ചട്ടങ്ങളും, നിർദ്ദേശങ്ങളും പാലിച്ചുകൊള്ളാമെന്ന സമ്മതവും ഉണ്ടായിരിക്കണം.
3. ജോയിന്റ് രജിസ്ട്രാർ അംഗീകരിച്ച പ്രോജക്ട് റിപ്പോർട്ടും project feasibility certificateഉം ഉണ്ടായിരിക്കണം.

4. ബൈലായിൽ സർക്കാർ ഓഹരിയ്ക്കും നിർദ്ദിഷ്ട പ്രവർത്തനത്തിനും വ്യവസ്ഥ ഉണ്ടായിരിക്കണം.
5. വളം, കീടനാശിനി, വിത്ത് മറ്റ് കാർഷിക ആവശ്യസാധനങ്ങൾ (Agricultural input) തുടങ്ങിയവ വിതരണം ചെയ്യുന്നതിനുള്ള സാദ്ധ്യത ഉണ്ടായിരിക്കണം.
6. അംഗ ഓഹരിയും സർക്കാർ ഓഹരിയും 1:5 എന്ന അനുപാതത്തിലാണ് 0 ഓഹരി മൂലധന സഹായം അനുവദിക്കുന്നത്.
7. ജോയിന്റ് രജിസ്ട്രാറിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരമാവധി തുക രജിസ്ട്രാർ നിശ്ചയിക്കും.
8. സംഘം പോസ്റ്റീവ് നെറ്റ് വർത്തിൽ ആയിരിക്കണം.
9. സംഘം അഴിമതി രഹിത കുടിശ്ശിക രഹിതമായിരിക്കണം.
10. മുഴുവൻ സമയ പെയ്ഡ് സെക്രട്ടറി/മാനേജിംഗ് ഡയറക്ടർ ഉണ്ടായിരിക്കണം.

തിരിച്ചടവ് - 10 തുല്യ വാർഷിക തവണകളായി ആദ്യ തവണ ആദ്യവർഷം മുതൽ

3. **<u>വിപണന പ്രവർത്തനങ്ങൾ - പരിപോഷിപ്പിക്കുന്നതിന് പ്രാഥമിക കാർഷിക വിപണന സംഘങ്ങൾക്കുള്ള മാർജിൻ മണി/ദീർഘകാല വായ്പ - എൻ.സി.ഡി.സി. പദ്ധതി</u>**

ജി.ഒ.(എം.എസ്)144/2001/AD തീയതി : 5.6.2001

<u>നിബന്ധനകൾ</u>

1. ഫാറം 'A'യിൽ അപേക്ഷ സമർപ്പിക്കണം.
2. പ്രായോഗിക ക്ഷമതയുള്ളതും പ്രായോഗിക ക്ഷമതയ്ക്ക് സാദ്ധ്യതയുള്ളതുമായ (viable/potentially viable)സഹകരണ സംഘങ്ങളെ മാത്രമേ ജോയിന്റ് രജിസ്ട്രാർ ശുപാർശ ചെയ്യാൻ പാടുള്ളൂ.
3. ഭരണാനുമതി തീരുമാനം ഉണ്ടായിരിക്കണം.
4. അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് ഉണ്ടായിരിക്കണം. ജോയിന്റ് രജിസ്ട്രാർ പ്രോജക്ട് റിപ്പോർട്ടിൻമേൽ റിവ്യൂ റിപ്പോർട്ട് സമർപ്പിക്കണം.

5. നിർദ്ദിഷ്ട പ്രവർത്തനത്തിന് ബൈലായിൽ വ്യവസ്ഥ ഉണ്ടായിരിക്കണം.
6. സംഘം **viable/potentially viable**അല്ലെങ്കിൽ ഭാവിയിൽ വികസനത്തിനും, ബിസിനസ് പ്രവർത്തനങ്ങൾക്കുള്ള വികസനത്തിനും വൈവിദ്ധ്യ വൽക്കരണത്തിനും സാദ്ധ്യതയുണ്ടെന്ന ജോയിന്റ് രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ്.
7. സംഘത്തിന് പോസ്റ്റീവ് നെറ്റ് വർത്ത് ഉണ്ടായിരിക്കണം.
8. സംഘത്തിന്, സർക്കാരിനോടോ, **financing Bank**നോടോ അപ്പക്സ് സ്ഥാപനത്തിനോടോ, കുടിശ്ശികയുണ്ടായിരിക്കാൻ **(Chronic defaulter)**പാടില്ല.
9. തെരഞ്ഞെടുത്ത ഭരണസമിതി ഉണ്ടായിരിക്കണം.
10. പ്രാഥമിക കാർഷിക മാർക്കറ്റിംഗിൽ സംഘം വ്യാപൃതമായിരിക്കണം.
11. സംഘത്തിൽ യോഗ്യതയുള്ള സെക്രട്ടറിയുണ്ടായിരിക്കണം.
12. സഹകരണസംഘം രജിസ്ട്രാർ **project report**അംഗീകരിക്കണം

<u>സാമ്പത്തിക സഹായം</u>

സംഘത്തിന്റെ ബൈലാ വ്യവസ്ഥയിലെ **M.B.P.**യുടെ അടിസ്ഥാനത്തിൽ എൻ.സി.ഡി.സി. സാമ്പത്തിക സഹായത്തിന്റെ പരമാവധി തുക നിശ്ചയിക്കും

<u>മാർജിൻ മണി ധനസഹായം</u>

സംഘം സഞ്ചിത നഷ്ടത്തിലാണെങ്കിലും **positive net worth** – ഉണ്ടെങ്കിൽ 75% വായ്പയായും, 25% ഓഹരിയായും ധനസഹായം എൻ.സി.ഡി.സി. അനുവദിക്കും. വായ്പ നൽകുമ്പോൾ ഈടുവയ്ക്കുന്ന വസ്തുവിന്റെ വാലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

<u>തിരിച്ചടവ്</u>

വായ്പ – 10 തുല്യ വാർഷിക തവണകൾ, ആദ്യ തവണ ആദ്യ വർഷം മുതൽ

ഓഹരി – 10 തുല്യ വാർഷിക തവണകൾ, ആദ്യ തവണ ആദ്യ വർഷം മുതൽ

4. **<u>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഉൾപ്പെടെയുള്ള വായ്പാ സംഘങ്ങൾക്ക് കാർഷിക വായ്പാ</u>**

പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി

(Financial assistance to Co-operatives, including Agricultural Credit Co-operatives for development of infrastructural facilities for Agricultural Credit activities)

ജി.ഒ(ആർ.റ്റി) നമ്പർ 338/2011/സഹ. തീയതി 19.05.2011

അർഹതയുള്ള സ്ഥാപനങ്ങൾ

v. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ
w. സർവ്വീസ് സഹകരണ ബാങ്കുകൾ
x. പ്രാഥമിക കാർഷിക വികസന ബാങ്കുകൾ
y. സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്)
z. സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക്

ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

v. കാർഷിക വായ്പാ പ്രവർത്തനം ഏറ്റെടുക്കുന്നതിനുള്ള ബൈലാ വ്യവസ്ഥഉണ്ടായിരിക്കണം.
w. മിനിമം ഓഹരി മൂലധനം ഒരു ലക്ഷം രൂപ ഉണ്ടായിരിക്കണം.
x. പോസിറ്റീവ് നെറ്റ് വർത്ത് ഉണ്ടായിരിക്കണം.
y. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഉണ്ടായിരിക്കണം.
z. പെയ്ഡ് സെക്രട്ടറി ഉണ്ടാകണം.
aa. സംഘം പ്രവർത്തനം അഴിമതി രഹിതമായിരിക്കണം.
bb. സർക്കാരിലേയ്ക്ക് അടക്കേണ്ട തുക കുടിശ്ശിക ആയിരിക്കരുത്

ആകെ ധനസഹായം

പ്രോജക്ടിന്റെ 50% വായ്പ, 40% ഓഹരി, 10% സംഘം/ബാങ്ക് ഫണ്ട്

ഓഹരി - അംഗങ്ങളിൽനിന്നുള്ള ഓഹരിയുടെ 5 ഇരട്ടി പരമാവധി 50 ലക്ഷംരൂപ (സ്പെഷ്യൽഗ്രേഡ്, ക്ലാസ്സ് I, II, III)

പരമാവധി 25 ലക്ഷം രൂപ (ക്ലാസ്സ് IV, V, VI, VII)

വായ്പാ - പ്രോജക്ട് കോസ്റ്റിന്റെ പരമാവധി 50%

ധനസഹായം ലഭിക്കുന്ന പദ്ധതികൾ/ആവശ്യങ്ങൾ

നിർമ്മാണം (Creation), നവീകരണം (modernisation), അറ്റകുറ്റപ്പണി (Repairs), പുനരുദ്ധാരണം (Renovation), വികസിപ്പിക്കൽ (Expansion) മുതലായ ശാഖാ/ഓഫീസ് കെട്ടിടത്തിന്റെ പശ്ചാത്തല

സൗകര്യങ്ങൾ (Infrastructural facilities), കൗണ്ടറുകൾ, സ്ട്രോങ്റൂം, സേഫ് ഡിപ്പോസിറ്റ് വാൾസ്, വാഹനങ്ങൾ, ഫർണിച്ചറുകൾ/ഫിക്സ്ചേഴ്സ് എന്നിവയ്ക്ക് ലഭിക്കും.

<u>അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ</u>

v. നിർദ്ദിഷ്ട അപേക്ഷ
w. സർക്കാരിൽനിന്നും എൻ.സി.ഡി.സി. പദ്ധതിപ്രകാരം ധനസഹായം അപേക്ഷിച്ചുകൊണ്ടുള്ള ഭരണസമിതി തീരുമാനം.
x. ധനസഹായത്തിനുള്ള വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്നും, രജിസ്ട്രാർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ പാലിച്ചുകൊള്ളാമെന്നുമുള്ള ഉറപ്പ്.
y. വിശദമായ പ്രോജക്ട് റിപ്പോർട്ട്.
z. കഴിഞ്ഞ 2 വർഷത്തെ ധനകാര്യകണക്കുകൾ.
aa. ഏറ്റവും അവസാനത്തെ താൽക്കാലിക കടധനപട്ടിക (താലൂക്കിലെ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) സാക്ഷ്യപ്പെടുത്തിയിരിക്കണം)
bb. വ്യക്തി/സർക്കാർ ഓഹരി അനുപാതം 5:1 നിലനിർത്താമെന്നുള്ള ഭരണസമിതി തീരുമാനം.
cc. സർക്കാരിലേയ്ക്ക് തുക അടയ്ക്കാനില്ലെന്നുള്ള ജോയിന്റ് രജിസ്ട്രാർ(ജനറൽ) നൽകുന്ന സർട്ടിഫിക്കറ്റ്.
dd. അഴിമതി രഹിതമാണെന്നുള്ള സർട്ടിഫിക്കറ്റ്.

വിനിയോഗം – 12 മാസത്തിനകം വിനിയോഗിക്കണം

തിരിച്ചടവ് – ഓഹരി – 10 തുല്യ വാർഷിക തവണ

(2–□□ വർഷം മുതൽആരംഭിക്കും)

വായ്പ – 8 വർഷം (1–2 വർഷം മൊറൊട്ടോറിയം)

വായ്പ പലിശ – വായ്പാ നൽകുന്ന സമയത്തുള്ള പലിശ

5. **<u>കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷൻ, ജില്ലാ മൊത്ത വ്യാപാര ഉപഭോക്തൃ സ്റ്റോർ, ഉപഭോക്തൃ പരിപാടികൾ നടത്തുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് എന്നിവയ്ക്കുള്ള ധനസഹായം</u>**

ജി.ഒ(എം.എസ്)202/07/സഹ തീയതി : 14–9–2007

<u>പൊതുവായ നിബന്ധനകൾ</u>

- കൺസ്യൂമർ ബിസിനസിന് മാത്രമേ ധനസഹായം നൽകുകയുള്ളൂ.
- തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഉണ്ടായിരിക്കണം.
- മുഴുവൻ സമയ പെയ്ഡ് സെക്രട്ടറി/മാനേജിംഗ് ഡയറക്ടർ ഉണ്ടായിരിക്കണം.

മാർജിൻമണി ധനസഹായം

- വായ്പയായി അനുവദിക്കുന്നു.
- പ്രോജക്ട് റിപ്പോർട്ടും ജോയിന്റ് രജിസ്ട്രാറുടെ പ്രോജക്ട് വിശകലന റിപ്പോർട്ടും.
- ഭരണ സമിതി തീരുമാനം.
- കുടിശ്ശിക രഹിത-അഴിമതി രഹിത സർട്ടിഫിക്കറ്റുകൾ

വാഹനം വാങ്ങുന്നതിനുള്ള ധനസഹായം

- വായ്പ ധനസഹായം-വാഹനത്തിന്റെ വിലയുടെ 70% ധനസഹായം.
- പൊതുവായ നിബന്ധനകൾ ബാധകം.
- വാഹനം വാങ്ങുന്നതിന് ക്വട്ടേഷൻ/ ടെൻഡർ ക്ഷണിക്കണം.
- തുക പിൻവലിച്ച് 90 ദിവസത്തിനകം വാഹനം വാങ്ങിയിരിക്കണം.
- വാഹനം വാങ്ങി 30 ദിവസത്തിനകം വാഹനം സർക്കാരിൽ മോർട്ട്ഗേജ് ചെയ്യണം.
- വാഹനം ഇൻഷ്വർ ചെയ്തിരിക്കണം.

കൺസ്യൂമർ ബിസിനസ് ഗോഡൗൺ, ഷോപ്പിംഗ് കോംപ്ലക്സ്എന്നിവയുടെ നിർമ്മാണത്തിനുള്ള ധനസഹായം

പരമാവധി തുക	എസ്റ്റിമേറ്റ് കോസ്റ്റിന്റെ 90%
വായ്പ	75%
ഓഹരി	15%

പൊതുവായ നിബന്ധനകൾ ബാധകം

തിരിച്ചടവ് -വായ്പ : എൻ.സി.ഡി.സി. നിശ്ചയിക്കുന്ന പ്രകാരം അഥവാ സാധാരണയായി 8 വർഷം.

ആദ്യതവണ ഒന്നാം വർഷം മുതൽ.

ഓഹരി : 14 തുല്യ വാർഷിക തവണകൾ. ആദ്യ തവണ ഒന്നാം വർഷം മുതൽ.

6. എൻ.സി.ഡി.സി. യുടെ റൂറൽ കൺസ്യൂമർ സ്കീം നടപ്പിലാക്കുന്നതിനുള്ള ധനസഹായം

ജി.ഒ(എം.എസ്)206/97/എ.ഡി തീയതി : 11-07-1997
28-6-2002-ലെ സി.എസ്(1)21377/02 നമ്പർ കത്ത്.

കേരള സംസ്ഥാന കൺസ്യൂമർ ഫെഡറേഷൻ/ജില്ലാ മൊത്ത വ്യാപാര സ്റ്റോർ/പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധന സഹായം

ധനസഹായം

$$\frac{(\text{അവസാന വർഷ വിൽപ്പന} + \text{വിൽപ്പനയുടെ } 20\%) \times 40}{6 \times 100}$$

- അപേക്ഷയോടൊപ്പം ചുവടെ ചേർക്കുന്നവയുടെ 3 പകർപ്പുകൾ (50 ലക്ഷത്തിനു മുകളിലുള്ള അപേക്ഷകളിൽ 4 പകർപ്പുകൾ)
- ധനസഹായത്തിന് അപേക്ഷിക്കുന്നതിനും, ചട്ടങ്ങൾ പാലിച്ചു കൊള്ളാമെന്ന ഉറപ്പിനുമുള്ള ഭരണസമിതി തീരുമാനങ്ങൾ.
- പ്രൊഫോർമ അപ്രൈസൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ) സാക്ഷ്യപ്പെടുത്തണം.
- ഒടുവിലത്തെ ആഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ്.
- അവസാന വർഷത്തെ താൽക്കാലിക ബാക്കിപത്രം, വ്യാപാര കണക്ക്, ലാഭനഷ്ട കണക്ക്.
- സംഘത്തിന് പോസിറ്റീവ് നെറ്റ്‌വർത്ത് ഉണ്ടാകണം.
- സർക്കാരിൽ കുടിശ്ശികയില്ലെന്നും സംഘം അഴിമതിരഹിതം എന്നും ജോയിന്റ് രജിസ്ട്രാർ(ജനറൽ) സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്.
- പ്രോജക്ട് റിപ്പോർട്ട്.
- ചെക്ക് ലിസ്റ്റ്.
- ബൈലായുടെ പകർപ്പ്

തിരിച്ചടവ് : 10 വർഷത്തേയ്ക്ക് അനുവദിക്കുന്നു. 8 വാർഷിക തുല്യ തവണകളായി തിരിച്ചടയ്ക്കണം. ആദ്യതവണ 3-□□ വർഷം മുതൽ.

7. എൻ.സി.ഡി.സി.പദ്ധതി -ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

ജി.ഒ(ആർ.റ്റി) നം. 457/2008/സഹ തീയതി : 23-7-2008

ധനസഹായം വായ്പയായും, ഓഹരി മൂലധനമായും നൽകുന്നു.

<u>നിബന്ധനകൾ</u>

- സർക്കാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്നതിന് 'എ' അല്ലെങ്കിൽ 'ബി' ക്ലാസിഫിക്കേഷൻ ലഭിച്ചിട്ടുള്ള നല്ല നിലയിൽ പ്രവർത്തിക്കുന്ന ലേബർ കോൺട്രാക്ട് സഹകരണ സംഘമായിരിക്കണം.
- തൊഴിൽരഹിതരായ തൊഴിലാളി അംഗങ്ങൾക്ക് തൊഴിൽ നൽകുന്നതിനായി രൂപീകരിച്ച സംഘമായിരിക്കണം.
- അനുഭാവ അംഗങ്ങൾ ഒഴികെ കുറഞ്ഞത് 100 തൊഴിലാളി അംഗങ്ങൾ ഉണ്ടായിരിക്കണം.
- അനുഭാവ അംഗങ്ങൾ (Sympathizers) ആകെ അംഗങ്ങളുടെ 10%-ൽ അധികരിക്കാൻ പാടില്ലാത്തതും പരമാവധി 7 അംഗങ്ങൾ ഉണ്ടാകാവുന്നതുമാണ്.
- അംഗങ്ങളിൽ നിന്നും കുറഞ്ഞത് 5 ലക്ഷം രൂപ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം ഉണ്ടായിരിക്കണം.
- സർക്കാർ ധനസഹായം സ്വീകരിക്കുന്നതിന് ബൈലായിൽ വ്യവസ്ഥയുണ്ടായിരിക്കണം.
- തൊട്ടു മുമ്പിലത്തെ വർഷം വരെ ആഡിറ്റ് പൂർത്തിയായിരിക്കണം.
- തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഉണ്ടായിരിക്കണം.
- പൂർണ്ണ സമയ പെയ്ഡ് സെക്രട്ടറി ഉണ്ടായിരിക്കണം.
- ചുവടെ ചേർക്കുന്ന നിബന്ധനകളും പാലിച്ചിരിക്കണം.

Minimum Member Ship	Minimum Paid up Share Capital of Individual Members	Average Value of works on hand with the society annually for the last three years	Average number of members employed by the society for at least 200 days in one year for the last 3 years	Audit Classification for the last 3 years audited
200	5 ലക്ഷം	20ലക്ഷം	150	എ/ബി
150	3 ലക്ഷം	15 ലക്ഷം	100	എ/ബി
100	5 ലക്ഷം	10 ലക്ഷം	70	എ/ബി

- ആഡിറ്റ് ക്ലാസിഫിക്കേഷൻ ബി യ്ക്ക് താഴെയാണെങ്കിൽ സഹകരണ സംഘം രജിസ്ട്രാർക്ക് ഇളവ് നൽകാവുന്നതാണ്.

അപേക്ഷയോടൊപ്പം ധനസഹായത്തിന് അപേക്ഷിക്കുന്നതിനും, ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിയ്ക്കണമെന്ന ഉറപ്പിനും അംഗങ്ങളുടെ ഓഹരിയും സർക്കാർ ഓഹരിയും 1:50 എന്ന അനുപാതത്തിൽ നിലനിറുത്തുമെന്ന ഉറപ്പിനുമുള്ള ഭരണസമിതി തീരുമാനങ്ങൾ, പ്രോജക്ട് റിപ്പോർട്ട്, കുടിശ്ശിക രഹിത/അഴിമതിരഹിത സർട്ടിഫിക്കറ്റുകൾ, ജോയിന്റ് രജിസ്ട്രാറുടെ പ്രോജക്ട് അപ്രൈസൽ റിപ്പോർട്ട് മുതലായവയുടെ 4 പകർപ്പുകൾ ഉള്ളടക്കം ചെയ്യണം.

<u>ധനസഹായം</u>

പ്രോജക്ടിന്റെ 90% എൻ.സി.ഡി.സി. ധനസഹായം അനുവദിക്കുന്നു. ആയത് 50 % വായ്പയായും, 40% ഓഹരിയായും അനുവദിക്കുന്നു.

അംഗങ്ങളുടെ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനത്തിന്റെ50 ഇരട്ടി പരമാവധി 500 ലക്ഷം രൂപ ഓഹരി മൂലധനമായി അനുവദിക്കുന്നു. പരമാവധി തുക കണക്കാക്കുന്നതിൽ മുമ്പ് അനുവദിച്ചിട്ടുള്ള ഓഹരി മൂലധന വിഹിതവും കണക്കാക്കുന്നതാണ്.

<u>വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ധനസഹായം</u>

- പൊതുവായ നിബന്ധനകൾ ബാധകം
- 90% വായ്പയായി ധനസഹായം നൽകുന്നു.
- അംഗീകൃത ഡീലറിൽ നിന്നും ക്വട്ടേഷൻ/ടെൻഡർ ക്ഷണിച്ചു വാഹനം വാങ്ങേണ്ടതാണ്.
- തുക പിൻവലിച്ച് 90 ദിവസത്തിനകം വാഹനം വാങ്ങേണ്ടതാണ്.
- വാഹനം വാങ്ങി 30 ദിവസത്തിനകം മോർട്ട്ഗേജ് ഡീഡ് എക്സിക്യൂട്ട് ചെയ്യേണ്ടതാണ്.

<u>തിരിച്ചടവ്</u>:ഓഹരി – 10 വാർഷിക തവണകൾ. ആദ്യ തവണ ഒന്നാം വർഷം മുതൽ.

വായ്പ – എൻ.സി.ഡി.സി/സർക്കാർ നിശ്ചയിക്കും അഥവാ 8 വർഷം. ആദ്യ തവണ ഒന്നാം വർഷത്തിൽ.

–

8. ടൂറിസം, ഹോസ്പിറ്റാലിറ്റി, ട്രാൻസ്പോർട്ട്, പുതിയതും, പാരമ്പര്യേതരവും പുനരുപയോഗിക്കാൻ കഴിയുന്നതുമായ ഊർജ്ജസ്ത്രോതസ്സുകളിൽ നിന്നുമുള്ള ഊർജ്ജഉത്പാദനവും വിതരണവും, ഗ്രാമീണ പദ്ധതികൾ എന്നിവയിൽ ഏർപ്പെട്ടിട്ടുള്ള സംഘങ്ങൾക്കുള്ള ധനസഹായം

ജി.ഒ(ആർ.റ്റി)68/2011/സഹ. തീയതി 3-2-2011

വായ്
പ ഓഹരി

റൂറൽ ഹൗസിംഗ് ഒഴികെയുള്ള
പദ്ധതികൾക്ക് 60% 40%

മാർജിൻമണി ധനസഹായം

റൂറൽ ഹൗസിംഗ് ഒഴികെയുള്ള 100%
പദ്ധതികൾക്ക് പ്രവർത്തന മൂലധനസഹായം

അടിസ്ഥാന സൗകര്യം ഒരുക്കൽ റൂറൽ
ഹൗസിംഗ് ഒഴികെയുള്ള പദ്ധതികൾ 50% 40%
(അംഗങ്ങളുടെ വിഹിതം 10%)

ബി) റൂറൽ ഹൗസിംഗ് പദ്ധതികൾ 90%
(അംഗങ്ങളുടെ വിഹിതം 10%)
(പരമാവധി ഓഹരി മൂലധനസഹായം അംഗങ്ങളിൽ നിന്നുള്ള പിരിച്ചെടുത്ത ഓഹരി മൂലധനത്തിന്റെ 50 ഇരട്ടിവരെയായി നിജപ്പെടുത്തിയിട്ടുണ്ട്. വായ്പയിനത്തിൽ, അനുവദിക്കുന്ന തുക പദ്ധതി റിപ്പോർട്ട് പ്രകാരം സർക്കാർ നിശ്ചയിക്കുന്നതാണ്.)

നിബന്ധനകൾ

- സംഘത്തിൽ കുറഞ്ഞത് 100 അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം.
- സർക്കാർ ഓഹരി മൂലധനം ഒഴികെ അംഗങ്ങളിൽ നിന്നുള്ള പിരിച്ചെടുത്ത ഓഹരി മൂലധനമായി 1 ലക്ഷം രൂപയെങ്കിലും ഉണ്ടായിരിക്കണം.

- ബൈലായിൽ സർക്കാർ ഓഹരി മൂലധന പങ്കാളിത്തത്തിനും, സർക്കാർ/വായ്പ എടുക്കുന്നതിനും എൻ.സി.ഡി.സിയിൽ വ്യവസ്ഥയുണ്ടായിരിക്കണം.
- തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഉണ്ടായിരിക്കണം.
- മുഴുവൻ സമയ പെയ്ഡ് സെക്രട്ടറി/ ചീഫ് എക്സിക്യൂട്ടീവ് ഉണ്ടായിരിക്കണം.
- അഴിമതി രഹിതവും സർക്കാരിലേക്ക് കുടിശ്ശിക രഹിതവുമായിരിക്കണം.
- റൂറൽ ഹൗസിംഗ് പദ്ധതികൾക്ക് സംഘത്തിന് സ്വന്തമായി സ്ഥലം ഉണ്ടായിരിക്കണം. പദ്ധതി ഗ്രാമീണ മേഖലയിൽ തന്നെയായിരിക്കണം.
- വായ്പ ധനസഹായത്തിന് ആവശ്യമായ ഈടു നൽകാൻ സംഘത്തിന് മതിയായ ജാമ്യ വസ്തു ഉണ്ടായിരിക്കണം.

<u>അപേക്ഷയോടൊപ്പം</u>

- പദ്ധതി ധനസഹായം ലഭ്യമാക്കുന്നതിനും, കാലാകാലങ്ങളിലുള്ള നിബന്ധനകൾ അംഗീകരിച്ചുകൊണ്ടും രേഖകളിൽ ഒപ്പുവെയ്ക്കുന്നതിനും അധികാരപ്പെടുത്തിക്കൊണ്ടുള്ള ഭരണസമിതി തീരുമാനം.
- വിശദമായ പ്രോജക്ട് റിപ്പോർട്ട്.
- കഴിഞ്ഞ 3 വർഷത്തെ സാമ്പത്തിക പത്രികകൾ, ഏറ്റവും ഒടുവിലത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ്.
- അംഗങ്ങളും സർക്കാരും തമ്മിലുള്ള ഓഹരി 1.50 എന്ന അനുപാതത്തിൽ നിലനിർത്തിക്കൊള്ളാമെന്ന ഭരണസമിതി തീരുമാനം.
- അഴിമതി രഹിത, കുടിശ്ശിക രഹിത സർട്ടിഫിക്കറ്റുകൾ.
- സർക്കാർ ധനസഹായം/ ആഡിറ്റ് ഫീസ്/ഡിവിഡന്റ് സംബന്ധിച്ച വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ

<u>തിരിച്ചടവ്</u>

മാർജിൻ മണി വായ്പ – 5 വർഷം (മൊറോട്ടിയം ഇല്ല)

പ്രവർത്തന മൂലധന വായ്പ – 1 മുതൽ 2 വർഷം വരെ (മൊറോട്ടിയം ഇല്ല)

മറ്റ് വായ്പ – 8 വർഷം വരെ (1 മുതൽ 2 വർഷം വരെ മുതലിനത്തിൽ)

മൊറോട്ടോറിയംഉണ്ടായിരിക്കും)
തുല്യ വാർഷിക തവണകളായി തിരിച്ചടക്കണം. ആദ്യ അടവ് തുക പിൻവലിച്ചതിന്റെ ആദ്യ വാർഷികം മുതൽ

<u>ഓഹരി മൂലധനം</u>

10 തുല്യ വാർഷിക തവണകളായി തിരിച്ചടയ്ക്കണം. ആദ്യ തിരിച്ചടവ് തുക പിൻവലിച്ചിന്റെ രണ്ടാം വർഷം മുതൽ

9. <u>ആശുപത്രി, ഹെൽത്ത്കെയർ, വിദ്യാഭ്യാസ പദ്ധതികളിൽ സേവനം നൽകുന്നതിലേർപ്പെട്ടിട്ടുള്ള സഹകരണ സംഘങ്ങൾക്കുള്ള വായ്പ/ഓഹരി മൂലധന സഹായം</u>

<u>മൂലധന സഹായം</u>

ജി.ഒ(ആർ.റ്റി) 84/2011/സഹ. തീയതി 8-2-2011

	വായ്പ	ഓഹരി
മാർജിൻമണി ധനസഹായം	60%	40%
പ്രവർത്തന മൂലധനസഹായം		100%
അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള ധനസഹായം	50%	40%

അംഗങ്ങളുടെ വിഹിതം 10%)

(പരമാവധി ഓഹരി മൂലധനസഹായം അംഗങ്ങളിൽ നിന്നുള്ള പിരിച്ചെടുത്ത ഓഹരി മൂലധനത്തിന്റെ 50 ഇരട്ടിവരെയായി നിജപ്പെടുത്തിയിട്ടുണ്ട് വായ്പയിനത്തിൽ, അനുവദിക്കുന്ന തുക പദ്ധതി റിപ്പോർട്ട് പ്രകാരം സർക്കാർ നിശ്ചയിക്കുന്നതാണ്.)

<u>നിബന്ധനകൾ</u>

- ആശുപത്രി, ഹെൽത്ത്കെയർ, വിദ്യാഭ്യാസ പദ്ധതികളിൽ സേവനം നൽകുന്നതിനുള്ള കഴിവും, ആയതിന് ബൈലായിൽ വ്യവസ്ഥയുമുള്ള സംഘങ്ങൾ ആയിരിക്കണം.
- സംഘത്തിൽ കുറഞ്ഞത് 50 അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം.
- സർക്കാർ ഓഹരി മൂലധനം ഒഴികെ അംഗങ്ങളിൽ നിന്നുള്ള പിരിച്ചെടുത്ത ഓഹരി മൂലധനമായി 1 ലക്ഷം രൂപയെങ്കിലും ഉണ്ടായിരിക്കണം.

- സർക്കാർ ഓഹരി മൂലധന പങ്കാളിത്തത്തിനും, സർക്കാർ/എൻ.സി.ഡി.സിയിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള ബൈലാ വ്യവസ്ഥ ഉണ്ടായിരിക്കണം.
- തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയും, മുഴുവൻ സമയ പെയ്ഡ് സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവും ഉണ്ടായിരിക്കണം.
- അഴിമതി രഹിതവും സർക്കാരിലേക്ക് കുടിശ്ശിക രഹിതവുമായിരിക്കണം.
- വായ്പ ധനസഹായത്തിന് ആവശ്യമായ ഈടു നൽകാൻ സംഘത്തിന് ജാമ്യ വസ്തു ഉണ്ടായിരിക്കണം

<u>അപേക്ഷയോടൊപ്പം</u>

പദ്ധതി ധനസഹായം ലഭ്യമാക്കുന്നതിന് നിലവിലുള്ളതും, കാലാകാലങ്ങളിൽ ഏർപ്പെടുത്തുന്നതുമായ നിബന്ധനകൾ അംഗീകരിക്കുന്നതാണെന്നതും രേഖകളിൽ ഒപ്പു വയ്ക്കുന്നതിന് ഭരണസമിതി അംഗങ്ങളെ അധികാരപ്പെടുത്തി കൊണ്ടുള്ളതുമായ ഭരണസമിതി തീരുമാനങ്ങൾ.

- വിശദമായ പ്രോജക്ട് റിപ്പോർട്ട്.
- കഴിഞ്ഞ 3 വർഷത്തെ പത്രികകൾ, ഏറ്റവും ഒടുവിലത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ്.
- അംഗങ്ങളും സർക്കാരും തമ്മിലുള്ള ഓഹരി അനുപാതം 1:50 ൽ നിലനിർത്തിക്കൊള്ളാമെന്ന ഭരണസമിതി തീരുമാനം.
- അഴിമതി രഹിത കുടിശ്ശിക രഹിത സർട്ടിഫിക്കറ്റുകൾ.
- സർക്കാർ ധനസഹായം/ ആഡിറ്റ് ഫീസ്/ഡിവിഡന്റ് സംബന്ധിച്ച് നിശ്ചിത പ്രൊഫോർമയിലുള്ള വിവരങ്ങൾ.

<u>തിരിച്ചടവ്</u>

<u>വായ്പ</u>

മാർജിൻ മണി വായ്പ – 5 വർഷം (മൊറോട്ടോറിയം കാലയളവ് ഇല്ല)

പ്രവർത്തന മൂലധനം – 1 മുതൽ 2 വർഷം വരെ (മൊറോട്ടോറിയം കാലയളവ് ഇല്ല)

മറ്റ് വായ്പ – 8 വർഷത്തിനകം അടച്ചു തീർക്കണം (1) മുതൽ 2 വർഷം വരെ മുതലിനത്തിൽ മൊറോട്ടോറിയം പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ

ഉണ്ടായിരിക്കും. പലിശയ്ക്ക് യാതൊരു മൊറോട്ടറിയം ഇല്ല. തുല്യ വാർഷിക തവണകളായി തിരിച്ചടക്കണം ആദ്യ അടവ് തുക പിൻവലിച്ചതിന്റെ ആദ്യ വാർഷികം മുതൽ

ഓഹരി മൂലധനം

10 തുല്യ വാർഷിക തവണകളായി തിരിച്ചടക്കണം. ആദ്യ അടവ് തുക പിൻവലിച്ചതിന്റെ രണ്ടാം വാർഷികം മുതൽ

മേൽ പ്രതിപാദിച്ചിട്ടുള്ള പദ്ധതികൾ പ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷാഫാറം, എഗ്രിമെന്റ്, മോർട്ട് ഗേജ് ഡീഡ് എന്നിവ web: www.cooperation.kerala.gov.in എന്ന വെബ് സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

ക്ഷേമ പദ്ധതികൾ

1. അംഗസമാശ്വാസനിധി (മെമ്പർറിലീഫ്ഫണ്ട്)

1969 ലെ സഹകരണസംഘം നിയമം വകുപ്പ് 56(1) സി ചട്ടം 53 എ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ 22.6.2018ലെ സ.ഉ).കൈ(നം/2018/22 .സഹ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ്കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്. 1969 ലെ കേരള സഹകരണ ചട്ടം 53(2A) പ്രകാരം ഓരോ ധനകാര്യ വർഷവും ഏതൊരു സൊസൈറ്റിയും അതിന്റെ അറ്റലാഭത്തിന്റെ 10% തുക (പരമാവധി ഒരു ലക്ഷം രൂപ) സഹകരണ സംഘം രജിസ്ട്രാർ സൂക്ഷിക്കുന്ന സഹകരണ അംഗസമാശ്വാസ ഫണ്ടിലേക്ക്കൈമാറ്റേണ്ടതാണ് എന്ന് വ്യവസ്ഥചെയ്തിട്ടുള്ളതാണ്.

1969 ലെ കേരള സഹകരണ സംഘം നിയമ പ്രകാരം രജിസ്റ്റർ ചെയ്ത സഹകരണ സംഘത്തിലെ "എ ക്ലാസ്സ്" ഷെയർ ഉള്ളതും ടി സംഘത്തിൽ അംഗമായിട്ട് 3 വർഷക്കാലാവധി പൂർത്തീകരിച്ചിരിച്ചിട്ടുള്ളവർക്കാണ് ടി പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹതയുള്ളത്.

അർബുദം, വൃക്കമാറ്റിവയ്ക്കൽശസ്ത്രക്രീയക്ക് വിധേയരായവർ/വൃക്കരോഗംബാധിച്ച് ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നവർ, പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി ബാധിതർ, ഗുരുതര ശസ്ത്രക്രീയയ്ക്ക് (ബൈപാസ്/ഓപ്പണ് ഹാർട്ട്സർജറി) വിധേയരായവർ, കരൾസംബന്ധമായ ഗുരുതരരോഗം ബാധിച്ചവർ (ലിവർസിറോസിസ്, കരൾമാറ്റിവയ്ക്കൽശസ്ത്രക്രീയക്ക് വിധേരായവർ) തുടങ്ങിയ മാരകരോഗ ബാധിതരായവർ, വാഹനാപകടത്തിൽപെട്ട് ശയ്യാവലംബരായവർ, മാതാപിതാക്കൾ മരിച്ചുപോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാകാത്ത കുട്ടികൾ എന്നിവർക്കാണ് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുള്ളത്. അംഗസമാശ്വാസനിധി പദ്ധതി പ്രകാരം നൽകുന്ന പരമാവധി ധനസഹായം 50,000/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

മൂന്ന് ലക്ഷത്തിൽ കൂടുതൽ വാർഷിക വരുമാനമുള്ള അപേക്ഷകർക്കോ ആശ്രിതർക്കോ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കില്ല. ഒരിക്കൽ ആനുകൂല്യം ലഭിച്ചവർക്ക് പിന്നീട് ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കില്ല. ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള ചുമതല ബഹു.സഹകരണ വകുപ്പ് മന്ത്രിയും സഹകരണ വകുപ്പ് സെക്രട്ടറിയും സഹകരണ സംഘം രജിസ്ട്രാറും ഉൾപ്പെട്ടഒരുകമ്മിറ്റിയിൽനിക്ഷിപ്തമാണ്.

2. **അശരണരായസഹകാരികൾക്കുള്ളആശ്വാസനിധി (സഹകരണ സാന്ത്വനം)**

സർക്കാരിന്റെ 02/12/2009 ലെ സ.ഉ.(സാധാ)നം. 674/2009/സഹ നമ്പർ ഉത്തരവ് പ്രകാരം,സഹകരണ നവരത്നം ബംബർലോട്ടറിനടത്തിപ്പിലൂടെസഹകരണവകുപ്പിന് ലഭിച്ചലാഭവിഹിതത്തിൽനിന്നുംഅശരണരായ സഹകാരികൾക്കുള്ള ആശ്വാസനിധി പദ്ധതി രൂപീകരിച്ചിട്ടുള്ളത്.സഹകരണ രംഗത്ത് പ്രവര്ത്തിച്ചിട്ടുള്ളവരും വളരെ കാലമായി പ്രവര്ത്തിക്കുകയും, സഹകരണ മേഖലയുടെ പുരോഗതിക്ക് വേണ്ടി പ്രയത്നിച്ചവരും സഹകരണ പ്രസ്ഥാനത്തിന്റെ വളര്ച്ചക്കായി ജീവിത കാലം മുഴുവന് പ്രയത്നിച്ചവരുമായ അശരണരായ സഹകാരികള്ക്ക് വേണ്ടി, വാര്ഷിക വരുമാനം 36000/- രൂപയില് താഴെ ഉള്ളവരും നിരാലംബരുമായ സഹകാരികള്ക്ക് രോഗ ശുശ്രൂഷയ്ക്കും ചികിത്സക്കുമായി പരമാവധി 50000/-രൂപയും സഹകാരികള് മരണപ്പെട്ട് പോയിട്ടുണ്ടെങ്കിൽ അവരുടെ കുടുംബത്തിനു/ആശ്രിതര്ക്ക് പരമാവധി 25000/-രൂപ ധനസഹായം നല്കുന്നതിനുമായിട്ടാണ് ടി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ടി പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നത് ചുവടെ പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ്.

- സഹകരണ സംഘംരജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ ഉൾപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണസമിതിയിൽ രണ്ട് തവണയെങ്കിലും അംഗമായിരിക്കുകയും ഇപ്പോൾ അവശത അനുഭവിക്കുകയും ചെയ്യുന്നവരായിരിക്കണം. ജീവനക്കാരുടെ

സംഘങ്ങളിൽ ഭരണസമിതി അംഗമായവർക്ക് ഈപദ്ധതിയിൽ അർഹത ഉണ്ടായിരിക്കുന്നതല്ല.

- വാർഷികവരുമാനം 3,00,000/- രൂപയിൽ താഴെയുള്ള ടി സഹകാരികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.
- ടി പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അപേക്ഷിക്കുന്ന ഗുണഭോക്താക്കൾ സഹകരണമേഖലയിലെ അവരുടെ പ്രവർത്തനവൈകല്യം മൂലം ഒരു വിധനടപടിയും നേരിടാത്തവർ ആയിരിക്കണം.

3. കേരള സഹകരണ നിക്ഷേപഗ്യാരന്റി പദ്ധതി -2018

1969 ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നതും സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപ വരെയുള്ള നിക്ഷേപം തിരികെ നൽകുന്നതിനുള്ള സഹകരണവകുപ്പിന്റെ പദ്ധതിയാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി 2018. ലിക്വിഡേറ്റ് ചെയ്ത സംഘത്തിലെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെയിമായിട്ടാണ് തുക നൽകുന്നത്. ലിക്വിഡേഷൻ നടപടികളിലുള്ള ഗ്യാരന്റീഡ് സംഘത്തിലെ നിക്ഷേപകന്നൽകുന്ന ക്ലെയിം തുകയുടെപരിധി, നിക്ഷേപകൻ വിഹിതംഅടയ്ക്കുന്നപക്ഷം, മുതലിനത്തിൽ പരമാവധി 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി ഭേദഗതി ചെയ്ത് സർക്കാരിന്റെ 09.01.2026 ലെ G.O (P) No 09/2026/Co-op നമ്പർ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

സാമ്പത്തിക പ്രതിസന്ധി കാരണം നിക്ഷേപം മടക്കി നൽകാൻ സാധിക്കാത്ത സംഘങ്ങളിലെ നിക്ഷേപകർക്ക് നിക്ഷേപം മടക്കി നൽകുന്ന ആവശ്യത്തിലേയ്ക്കായി നിശ്ചിത തുക ടി സംഘത്തിന് വായ്പയായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേരളസഹകരണനിക്ഷേപ ഗ്യാരന്റി സ്കീം 2018 ൽ ഭേദഗതിവരുത്തിക്കൊണ്ട് 09.08.2024 ലെ G.O(P) No.155/2024/Co-op നമ്പർ ഉത്തരവ് പ്രകാരം കേരള സഹകരണ നിക്ഷേപഗ്യാരന്റി (ഭേദഗതി) പദ്ധതി 2024 രൂപീകരിച്ചിട്ടുള്ളതാണ്.

4. റിസ്ക്ഫണ്ട്പദ്ധതി

കേരളസഹകരണനിയമംവകുപ്പ്57 (ഡി) പ്രകാരം രൂപീകരിച്ച "കേരള സഹകരണ കടാശ്വാസ പദ്ധതി 2008" (റിസ്ക് ഫണ്ട് പദ്ധതി-2008) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേനയാണ് നടപ്പിലാക്കിവരുന്നത്. സർക്കാരിന്റെ18.11.2008 ലെ സ.ഉ(കൈ) നം.249/2008 സഹ നമ്പർഉത്തരവ് പ്രകാരമാണ് റിസ്ക്ഫണ്ട് പദ്ധതിനിലവിൽവന്നത്. കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന വിവിധ വായ്പാ സഹകരണ സംഘങ്ങളിൽനിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയവായ്പയും നിക്ഷേപവായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്കായി വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാകാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേദിവസം ബാക്കിനിൽക്കുന്ന വായ്പാബാദ്ധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഒരു സ്വാശ്രയ പദ്ധതിയാണിത്. ടി പദ്ധതി പ്രകാരം അനുവദിക്കുന്ന ധനസഹായം ചുവടെ ചേർക്കും പ്രകാരം ആണ്.

i. മരണാന്തര സഹായം

ഈ പദ്ധതി 2008ൽ ആരംഭിച്ചെങ്കിലും 2010 മുതലാണ് പ്രവർത്തികമാക്കിയത്.11.10.2022 തീയതിയിലെ സ.ഉ(കൈ) നം.32/2022/സഹ നമ്പർ ഉത്തരവ്പ്രകാരം ധനസഹായത്തിന്റെ പരമാവധിസംഖ്യ 200000/- രൂപയിൽ നിന്നും 300000/- രൂപയാക്കി വർദ്ധിപ്പിച്ചു. അപ്രകാരം പരമാവധി മുതലിൽ 300000/- രൂപയുടെ ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്ക് വിധേയമായിനല്കിവരുന്നു. ഒരു വായ്പക്കാരൻ വിവിധ സഹകരണസംഘം/ ബാങ്കുകളിൽ നിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി600000/- (ആറ് ലക്ഷം) രൂപ വരെ മാത്രമേ റിസ്ക്ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

ii) മാരക രോഗം

സർക്കാരിന്റെ 11.10.2022 തീയതിയിലെ സ.ഉ(കൈ) നം.32/2022/സഹ നമ്പർ ഉത്തരവ് പ്രകാരം മാരക രോഗം ബാധിച്ചവർക്കുള്ള ധനസഹായത്തിന്റെ പരമാവധി സംഖ്യ 1,00,000/- രൂപയിൽനിന്നും 1,25,000/- രൂപയാക്കി വർദ്ധിപ്പിച്ചു. അപ്രകാരം പരമാവധി 1,25,000/-

രൂപയുടെ ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്ക് വിധേയമായി നല്കിവരുന്നു.

മരണപ്പെട്ടതോ/മാരകരോഗം പിടിപെട്ടതോ ആയ ആളിന്റെ പേരിലുള്ളതും, മരണപ്പെട്ട/മാരകരോഗം പിടിപെട്ട തീയതിയിൽ70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പക്കാരുടെ വായ്പകൾക്ക് മാത്രമാണ് മരണാനന്തരആനുകൂല്യം / ചികിത്സാ ആനുകൂല്യം ലഭിക്കുന്നത്. കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി വ്യവസ്ഥ 4(ബി) പ്രകാരം വായ്പാക്കാരൻ മരണപ്പെടുന്ന തീയതിയിൽ തവണ അടയ്ക്കേണ്ട തീയതിമുതൽ വായ്പാ മുതൽ തിരിച്ചടവിൽ 6 മാസത്തിൽ അധികരിച്ച് കുടിശ്ശികവന്നിട്ടുള്ളതും, നിയമാവലി വ്യവസ്ഥ 5 പ്രകാരം വായ്പാക്കാരന് മാരക രോഗം പിടിപെട്ടതോ വായ്പക്കാരൻമരണപ്പെട്ടതോ ആയതീയതിയിൽ 70 വയസ്സ് അധികരിച്ച വായ്പാക്കാർക്കുംറിസ്ക്ഫണ്ട് പദ്ധതി നിയമാവലിവ്യവസ്ഥ4(ഡി) പ്രകാരം വായ്പ എടുക്കുന്നതിന് മുമ്പ് അസുഖം ബാധിച്ചതോ വായ്പാകാലാവധി കഴിഞ്ഞ് അസുഖം ബാധിച്ചതോ ആയ അപേക്ഷകളിലും നിയമാവലി വ്യവസ്ഥ 4(ഡി) യിൽപ്രതിപാദിക്കാത്തഅസുഖങ്ങൾക്ക് വേണ്ടി ചികിത്സാധനസഹായത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളും, നിയമാവലി വ്യവസ്ഥ 4(എ) പ്രകാരം വായ്പാകാലാവധി കഴിഞ്ഞ് 6 മാസത്തിനു ശേഷം വായ്പാക്കാരൻ മരണപ്പെട്ടിട്ടുള്ള കേസുകളിലും, നിയമാവലി വ്യവസ്ഥ 5 പ്രകാരം മരണപ്പെട്ടതോ/മാരക രോഗം പിടിപെട്ടതോ ആയ ആളിന്റെ പേരിലല്ലാത്തതുമായ വായ്പകൾക്കും റിസ്ക്ഫണ്ട് ധനസഹായത്തിന് അർഹതയില്ല.

ക്യാൻസർബാധിതർ, കിഡ്നി സംബന്ധമായ രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന്കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ, ടി.ബി, ലിവർസിറോസിസ്, കരൾസംബന്ധമായഅസുഖത്തിന് ശസ്ത്രക്രീയനടത്തിയവർ, അപകടങ്ങളും രോഗങ്ങളും കാരണം ജോലിചെയ്ത് ജീവിക്കാൻകഴിയാത്തവിധംഅവയവംമുറിച്ചുമാറ്റപ്പെടുന്നഅവസ്ഥയിലുള്ളവർ, അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രീയയ്ക്ക് വിധേയരായവർഎന്നീഅസുഖങ്ങൾ ബാധിച്ചവർക്കാണ് റിസ്ക്ഫണ്ട്

നിയമാവലിനിബന്ധനകൾക്ക് വിധേയമായിചികിത്സാധനസഹായംഅനുവദിച്ചുവരുന്നത്.

5. **<u>കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം,2025</u>**

1969 ലെ സഹകരണ സംഘം നിയമം വകുപ്പ് 57Eന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ 15.04.2025 ലെ G.O(P) No. /2025/49coop നമ്പർ ഉത്തരവ് പ്രകാരം രൂപീകരിക്കപ്പെട്ടതാണ് കേരള സഹകരണ പുനരുദ്ധാരണ പദ്ധതി. പ്രവർത്തന വൈകല്യ, പ്രവർത്തന മൂലധനത്തിന്റെ അഭാവം, അഴിമതി പോലുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ അസാധാരണ സാഹചര്യങ്ങൾ മുലം പ്രവർത്തനരഹിതമായ അവസ്ഥയിലുള്ളതോ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതോ ആയ സഹകരണ സംഘങ്ങളെ ഈ പദ്ധതിയിൽ പരാമർശിക്കുന്ന ഉപാധികൾക്കും നിബന്ധനകൾക്കും അനുസൃതമായി സാമ്പത്തിക സഹായം നൽകുക എന്നതാണ് ടി പദ്ധതിയുടെ പ്രധാന ലക്ഷ്യം. പ്രതിനസന്ധി നേരിടുന്ന സഹരണ സംഘങ്ങൾക്ക് ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിനു പുറമേ സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി അവർ സമാഹരിച്ചിട്ടുള്ള ഏതൊരു റിസർവ്വ് ഫണ്ടും ഉപയോഗിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.